Registered No. M. 5819 Licence No. 445. 12-7-45.



ജ്ഞാന നിക്ഷേപം

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന


സംയുക്ത സഭാമാസിക

ഫെബ്രുവരി 1958 No. 2.

IN MEMIORIAM

Late Mr. K. T. THOMAS, B. A., B. L.

Karimpil, Kottayam.



Entered into eternal rest
on 19-1-1957.

Inserted by

His beloved Wife & Children.

"Well done, thou good and faithful servant."

മാന്യ വരിക്കാരുടെ ശ്രദ്ധയ്ക്ക്

ജ്ഞാനനിക്ഷേപം പുതിയതായി വരുത്തുവാൻ ആഗ്രഹിക്കുന്നവർ വരി സംഖ്യ മുൻകൂർ അയയ്ക്കണമെന്നു അറിയിച്ചുകൊള്ളുന്നു.

ഇപ്പോൾ മാസിക വരുത്തിക്കൊണ്ടിരിക്കുന്നവർ കുടിശ്ശികയും 1958-ലെ വരിസംഖ്യയും എത്രയും വേഗം അയച്ചുതരേണ്ടതാണ്.

ജ്ഞാനനിക്ഷേപത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനു ഈ വർഷത്തിൽ 1000 വരിക്കാരെയെങ്കിലും കൂട്ടുതലായി ലഭിക്കേണ്ടതാണ്. ആയതിലേക്കു എല്ലാ മാസികാബന്ധുക്കളുടെയും സഹായസഹകരണം അഭ്യർത്ഥിച്ചു കൊള്ളുന്നു.

പുതിയതായി അഞ്ചു വരിക്കാരെ ചേർത്തു പണം അയച്ചുതരുന്നവർക്കു ഒരാണ്ടത്തെ ജ്ഞാനനിക്ഷേപം സൌജന്യമായി അയച്ചുകൊടുക്കുന്നതാണ്.

മാനേജർ.

അറിയിപ്പ്

വേദപുസ്തകം, പാട്ടുപുസ്തകം, മറ്റു ക്രിസ്തീയ പുസ്തകങ്ങൾ ഇവ ആവശ്യമുള്ളവർ ഡയോസീസൻ ബുക്കുഡിപ്പോ, കെ. കെ. റോഡ്, കോട്ടയം എന്ന മേൽവിലാസത്തിൽ ആവശ്യപ്പെടേണ്ടതാണ്. പ്രസ്സിൽ ഇപ്പോൾ പുസ്തകവില്പന ഇല്ല എന്നു അറിയിച്ചുകൊള്ളുന്നു.

അച്ചടി സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും സി. എം. എസ്സ്. പ്രസ്സിലേക്കു എഴുതാവുന്നതാണ്.

മാനേജർ.

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LXI | FEBRUARY 1958 | No. 2

കമ്മിസ്സറിയുടെ കത്തു്

കത്താവിൽ പ്രിയരെ,

സി. എസ്സ്. ഐയുടെ 6-ാമത്തെ സിനഡ് യോഗങ്ങൾ ജനുവരി മാസം 11നു- മുതൽ 14നു- വരെ നാഗർകോവിൽ സ്റ്റോട്ട ക്രിസ്ത്യൻ കോളജിൽവച്ചു മംഗളകരമായി നടത്തപ്പെട്ടു. ഞാൻ പോയിരുന്നില്ലെങ്കിലും പതുവാത്തകൾ മുഖേനയും നമ്മുടെ പ്രതിനിധിക ളിൽനിന്നുമായും അവിടെ നടന്ന നടപടികളെക്കുറിച്ചു ഏറെക്കുറെ വിവരങ്ങൾ അറിയു ന്നതിനു എനിക്കു സാധിച്ചു. സഭയുടെ കഴിഞ്ഞ പതു വർഷത്തെ ജീവിതത്തെയും പ്രവ ർത്തനങ്ങളെയും കുറിച്ചുള്ള ഒരു തിരിഞ്ഞുനോട്ടമായിരുന്നു പ്രധാനമായി നടന്നതു്. മോഡ റേറ്റർ, മട്ടാസിലെയും, തിരുനൽവേലിയിലെയും ബിഷപ്പന്മാരും ചെയ്ത പ്രത്യവലോക നത്തിൽ ഉക്കിണേന്യസഭയുടെ പല നേട്ടങ്ങളെയും കുറിച്ചു പ്രസ്താവിക്കയുണ്ടായി. വൈ ദിക കോളജുകൾ, ശുശ്രൂഷക്രമങ്ങൾ, സ്ത്രീജനസഖ്യം, മുതലായി നമ്മെ യോജിപ്പിക്കുന്ന പല കാര്യങ്ങളെയും അവർ പരാമർശിച്ചു. എങ്കിലും ഇതിലും കൂടുതൽ വളച്ചു സാദ്ധ്യ മാകാമായിരുന്നു എന്നു അഭിപ്രായപ്പെടാതിരുന്നില്ല. യാഥാസ്ഥികത്വം ഉപേക്ഷിച്ചു സഭ യുടെ വിളിയെയും വേലയെയും പറ്റി ശരിയായ ദർശനത്തോടുകൂടെ എല്ലാവരും ജീവി ക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നെങ്കിൽ, പല സിവിൽ കേസുകളും ഇല്ലാതാക്കുകയും, വിവിധ പാരമ്പര്യങ്ങൾക്കു വെവ്വേറെ കമ്മിറ്റികളും കൌൺസിലുകളും കൂടാതെ കഴികയും ചെയ്യാമായിരുന്നുവെന്നു അവർ ഊന്നിപ്പറഞ്ഞു. പ്രത്യേകമായി സി. എസ്സ്. ഐ. ആരാ ധനക്രമം ഉപയോഗിക്കാൻ കാണിക്കുന്ന വൈമനസ്യം ഒരു അപരാധമായി ചൂണ്ടിക്കാണി ക്കപ്പെട്ടു. നമ്മുടെ എല്ലാ സഭകളിലും ഇതിനകം സി. എസ്സ്. ഐ. ക്രമം ഉപയോഗിക്കുന്നു ണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഇതു ഉപയോഗിക്കാത്തയിടങ്ങളിൽ മാസത്തിൽ ഒരു പ്രാവ ശ്യമെങ്കിലും ഉപയോഗിപ്പാൻ എല്ലാ പട്ടക്കാരും സഭാനേതാക്കന്മാരും ഉത്സാഹിക്കുണമെന്നു ഞാൻ അഭ്യർത്ഥിക്കട്ടെ.

മഹായിടവകയിലെ പട്ടക്കാരുടെയും മറ്റു പ്രവർത്തകരുടെയും സ്ഥലംമാറ്റം, നിയ മനം, പട്ടതപത്തിനുള്ള തിരഞ്ഞെടുപ്പു മുതലായവ നടത്തുന്ന ഭിവസങ്ങളാണു അടുത്തുവരുന്ന തു്. സകലത്തിലും ദൈവഹിതം മാത്രം നിറവേറപ്പെടുന്നതിനു എല്ലാവരുടെയും പ്രാർത്ഥ നയെ ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

ക്രൈസ്തവ സഭയുടെ പൊതുവായുള്ള ആത്മിക നിലയെയും വിശേഷാൽ നമ്മുടെ മഹായിടവകയുടെ ആത്മിക സ്ഥിതിയെയും കുറിച്ചു ഞാൻ ഈയിടെയായി കൂടുതൽ ചിന്തി ച്ചുപോരികയാണു്. ദൈവത്തിന്റെ ജനമെന്നു പേരെടുത്തിരിക്കുന്ന നാം ഓരോ കാര്യ ങ്ങളിൽ ഇടപെടുന്നതു എത്ര അനാത്മികമായ വിധത്തിലാണു്! ഇതിന്റെ കാരണമെന്തു്? രണ്ടു കാര്യങ്ങളാണു എന്റെ മനസ്സിൽ തോന്നുന്നതു്. അവ വേദപുസ്തകപഠനത്തിലും പ്രാർത്ഥ

നയിലും നാം കാണിക്കുന്ന ഉപേക്ഷയും ദൈവാരാധനയിൽ പ്രത്യക്ഷപ്പെടുത്തുന്ന അശുദ്ധതയുമാണ്. ഇപ്പോൾ കഴിഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്ന തലമുറ വേദപഠനത്തിലും പ്രാർത്ഥനയിലും ദൈവാരാധനയിലും ശുഷ്കാന്തിയുള്ള ഒരു തലമുറയായിരുന്നു. തന്നത്താൻ വേദപുസ്തകം വായിച്ചു നോട്ടെടുക്കുകയും ആരാധനയിൽ മുടക്കം വരുത്താതിരിക്കുകയും ചെയ്യുന്ന അമ്മയക്കാർ ഓരോ ഇടവകയിലും വളരെയുണ്ടായിരുന്നു. ഇന്നാകട്ടെ ഇതൊക്കെ ഫാഷ്യൻ ചേർന്നതല്ലെന്നു വിധിച്ചു തള്ളിക്കളയുന്നു. ഇന്നത്തെ യുവതലമുറ ഈ രണ്ടു കാര്യങ്ങളിൽ ഉത്സുകരായിത്തീരുന്നില്ലെങ്കിൽ നമ്മുടെ ഭാവി വളരെ ഇരുണ്ടതായിരിക്കുമെന്നാണു എന്റെ വിശ്വാസം. മാതാപിതാക്കന്മാരും മറ്റു ചുമതലപ്പെട്ടവരും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

മാർച്ചു മാസംകൊണ്ടു നമ്മുടെ ഒരു സാമ്പത്തികവർഷം അവസാനിക്കുകയാണ്. സഭാസംബന്ധമായ എല്ലാ വരുമാനങ്ങളും കൊടുത്തുതീർപ്പാനുള്ള അവസാനത്തിയ്യതി മാർച്ചു 31 ആണ്. ദൈവിക കാര്യങ്ങൾക്കു കൊടുപ്പാനുള്ളതു കുടിശ്ശികയിടാതെയിരിപ്പാൻ കരുതിക്കൊള്ളുമല്ലോ. ദൈവത്തിനുള്ളതു ദൈവത്തിനു കൊടുക്കാത്തതാണു നമ്മുടെ വരൾച്ചയ്ക്കു കാരണം.

മഹായിടവകയുടെ ബിഷപ്പിനെ നിയമിക്കുന്നതു സംബന്ധിച്ചു നാമങ്ങൾ സമർപ്പിക്കുന്നതിനു ഡയോസിസൻ കൌൺസിലിനു പ്രത്യേക ചട്ടങ്ങളോടുകൂടെയുള്ള അനുവാദം നല്കുന്നതിനു സിനഡ് എക്സിക്യൂട്ടീവു കമ്മറ്റി തീരുമാനിച്ചിട്ടുണ്ടെന്നു നമ്മുടെ ഡയോസിസൻ പ്രതിനിധികൾ സ്റ്റാണ്ടിംഗ്കമ്മിറ്റിയിൽ പ്രസ്താവിച്ചു. എന്നാൽ ഔദ്യോഗികമായ അറിയിപ്പു ഇതുവരെ ലഭിച്ചിട്ടില്ല. അതു ലഭിച്ചാലുടൻ വേണ്ട നടപടികൾ നടത്തുന്നതായിരിക്കും. വൈഷമ്യങ്ങൾ നിറഞ്ഞിരിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ദൈവം തന്നെ ഒരാളെ നമുക്കു അദ്ധ്യക്ഷനായി തിരഞ്ഞെടുത്തു തരേണ്ടതിനു പ്രാർത്ഥനയിൽ കാത്തിരിക്കാം.

എന്നു്

എം. ജെ. ചാണ്ടി,
കമ്മിസ്സറി.

പത്രാധിപക്കുറിപ്പുകൾ : —

1. ബിഷോപ്പ് തിരഞ്ഞെടുപ്പു്. ഈ വിഷയത്തെ സംബന്ധിച്ചു കഴിഞ്ഞ നവംബർ ലക്കം മാസികയിൽ ഞങ്ങൾ ചേർത്തിരുന്ന പത്രാധിപ ലേഖനത്തിലും നവംബർ 2നു കൂടിയ സ്റ്റാണ്ടിംഗ് കമ്മറ്റി യോഗത്തിൽ കമ്മിസ്സറി അവർകൾ ചെയ്ത പ്രസ്താവനയുടെ ശരിപകർപ്പ് ഡിസംബർ മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നതിലും ബിഷോപ്പു തിരഞ്ഞെടുപ്പു നടത്തുന്നതിനു നേരിട്ട നിയമപരമായ തടസ്സങ്ങളും തല്പാരാ സംജാതമായ സുംഭനാവസ്ഥയും വിശദീകരിച്ചിരുന്നതു് മാന്യ വായനക്കാർ ഓർക്കുമല്ലോ. ഭക്ഷിണേന്ത്യാ സഭയ്ക്കു പൊതുവെ ബാധകമാകത്തക്കവണ്ണം സിനഡുകമ്മറ്റി രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്ന ബിഷോപ്പ് തിരഞ്ഞെടുപ്പു് ചട്ടങ്ങളുടെ കരടുനിയമങ്ങളിലെ ചില വകുപ്പുകൾ അനുസരിച്ചു് ഈ മഹായിടവകയ്ക്കു് ഒരു ബിഷോപ്പിനെ തിരഞ്ഞെടുക്കുന്നതിനു് അനുവദിക്കണമെന്നു് അപേക്ഷിക്കുന്നതായ ഒരു പ്രമേയം ഡിസംബർ 2നു കൂടിയ സ്റ്റാണ്ടിംഗ് കമ്മറ്റിയോഗം ഐകകണ്ഠ്യേന പാസ്സാക്കി മോഡറേറ്റർ തിരുമേനിക്കും സിനഡ് സെക്രട്ടറിക്കും അയച്ചതായി ഡിസംബർ മാസത്തിൽ കമ്മിസ്സറി അവർകളുടെ കത്തിൽ പ്രസ്താവിച്ചിരുന്നതും എല്ലാവർക്കും അറിയാമല്ലോ. അതുകൊണ്ടും ഈ പ്രശ്നത്തിനു് പരിഹാരമുണ്ടായില്ല. മോഡറേറ്റർ തിരുമേനി ഈ പ്രമേയമനുസരിച്ചു് എന്തെല്ലാം നടപടികളെടുത്തെന്നോ എങ്ങനെ മറുപടി നൽകിയെന്നോ അറിയുന്നില്ല.

മഹായിടവകയുടെ അദ്ധ്യക്ഷസ്ഥാനം ഇങ്ങനെ അനിശ്ചിതമായ നിലയിൽ കഴിഞ്ഞു

കിടക്കുന്നത് പല പ്രകാരത്തിൽ പ്രയാസങ്ങൾ ഉളവാക്കുന്ന ഒരു അവസ്ഥയാണെന്നതിന് സംശയമില്ല. വിശിഷ്യാ ഭാഗ്യസ്മരണാർഹനായ ബിഷോപ്പു ജേക്കബ് തിരുമേനി കാലംചെയ്തു കാലയവനികയുടെ കുടെയാകയാൽ നമ്മുടെ മഹായിടവക ഇപ്പോൾ പൂർണ്ണ വൈധവ്യം പ്രാപിച്ചിരിക്കുന്നതിന്റെ ഒരു പ്രതീതിയാണ് ആവിർഭവിച്ചിരിക്കുന്നത്.

ഇപ്പോൾ ഈ സാഹചര്യത്തിനു അന്തം വരുത്തി തിരഞ്ഞെടുപ്പു നടത്തുന്നതിനുള്ള മാർഗ്ഗം തുറന്നു കിട്ടിയിരിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു. കഴിഞ്ഞ മാസം 11നു മുതൽ 14നു വരെ നാഗർകോവിലിൽ വെച്ച് സമ്മേളിച്ച സി. എസ്സ്. ഐ. സിനഡ് യോഗങ്ങളോടനുബന്ധിച്ചു നടത്തപ്പെട്ട സിനഡ് എക്സിക്യൂട്ടീവു യോഗത്തിൽ മദ്ധ്യതിരുവിതാംകൂർ മഹായിടവകയ്ക്കു ഒരു ബിഷോപ്പിനെ തിരഞ്ഞെടുക്കുന്ന പ്രശ്നം പ്രത്യേകം പഠിച്ചാലോചിച്ചതിന്റെ ഫലമായി എത്രയും വേഗത്തിൽ തിരഞ്ഞെടുപ്പു നടത്തുന്നതിനു വേണ്ട നടപടികളെടുക്കുന്നതിന് മോഡറേറ്ററർ തിരുമേനിയെ അധികാരപ്പെടുത്തിയിരിക്കുന്നതായുള്ള ഒരു പ്രമേയം പാസ്സാക്കിയതായി അറിയുന്നു. രണ്ടിൽ കുറയാതെയും നാലിൽ കവിയാതെയുമുള്ള ഒരു സ്ഥാനാർത്ഥിവലയം ഡയോസിസൻ കൌൺസിൽ കൂടി വോട്ടു ചെയ്തു മോഡറേറ്റർക്കു സമർപ്പിക്കുകയുണ്ടാകും വോട്ടുചെയ്യുന്ന രീതിയിലും വ്യത്യാസം വരുത്തുമെന്നാണ് അറിയുന്നത്.

മുകളിൽ സൂചിപ്പിച്ച പ്രമേയപ്രകാരം മോഡറേറ്റർ തിരുമേനിയുടെ കല്പനയും കായ്മനടത്തിപ്പിനാവശ്യമായ വിശദനിർദ്ദേശങ്ങളും ലഭിച്ചതിന്റെ ശേഷം സ്റ്റാണ്ടിംഗ് കമ്മട്ടി കൂടി തിരഞ്ഞെടുപ്പു നടത്തുവാനുള്ള മറ്റു കായ്മകൾ ക്രമീകരിക്കുന്നതായിരിക്കും. ഡയോസിസൻ കൌൺസിൽ തിരഞ്ഞെടുത്തു സമർപ്പിക്കുന്ന വലയത്തിൽ നിന്ന് ഒരാളെ മോഡറേറ്ററും അദ്ദേഹത്തെ സഹായിപ്പാനായി സിനഡ് എക്സിക്യൂട്ടീവു കമ്മട്ടി നിയമിച്ചിരിക്കുന്ന ബോർഡ്ഡ് അംഗങ്ങളും കൂടി ചേർന്ന് തിരഞ്ഞെടുത്തു ഈ മഹായിടവകയുടെ ബിഷോപ്പായി നിയമിക്കുമെന്നാണ് അറിയുന്നത്.

ഈ സന്ദർഭത്തിൽ ഞങ്ങൾ മുമ്പൊരവസരത്തിൽ ഉൽബോധിപ്പിച്ചതുപോലെ മഹായിടവകയിലെ ജനങ്ങളെല്ലാവരും അതിശ്രദ്ധയോടെ പ്രാർത്ഥിക്കണമെന്നു വീണ്ടും അഭ്യർത്ഥിക്കുന്നു. നാമനിർദ്ദേശം ചെയ്യുന്നതിനും വോട്ടു കൊടുക്കുന്നതിനും അവകാശമുള്ള ഡയോസിസൻ കൌൺസിൽ അംഗങ്ങളും നിയമനാധികാരമുള്ള ബോർഡ്ഡ് അംഗങ്ങളും മൈവാത്മാവിനാൽ നടത്തപ്പെടേണ്ടതിന് നമുക്കു പ്രാർത്ഥിച്ചുകൊണ്ടിരിക്കാം.

2. നോമ്പുകാലം. ചാമ്പൽബുധനാഴ്ച എന്ന് സാധാരണയായി പറഞ്ഞുവരുന്ന നോമ്പിൽ ഒന്നാം ദിവസം ഈ മാസം 19-ാം തിയ്യതിയാണ്. 70-ാം ഞായറാഴ്ച (നോമ്പിനു മുമ്പുള്ള മൂന്നാം ഞായറാഴ്ച) മുതൽ നോമ്പിനെക്കുറിച്ചുള്ള ചിന്തകൾ നമ്മുടെ മനസ്സിൽ ഉദിക്കുന്നുണ്ട്. എഴുപതാം ഞായറാഴ്ച മുതൽ ചാമ്പൽ ബുധനാഴ്ചവരെയുള്ള ദിവസങ്ങൾ നോമ്പുകാലത്തിലേക്കു കടക്കുന്നതിനുള്ള ഒരുക്കദിവസങ്ങളത്രെ.

ആത്മപരിശോധനയ്ക്കും അനുതാപത്തിനും ആത്മീയ ഉണർവ്വിനും പുതുക്കത്തിനുമുള്ള ഒരു പ്രത്യേക അവസരമായിട്ടു പ്രയോജനപ്പെടുത്തേണ്ടതിനാണ് ആദിമ കാലംമുതൽ നോമ്പാചാരം സഭയിൽ പാലിച്ചു പോരുന്നത്. നോമ്പിൽ ഒന്നാം ദിവസം മുതൽ പതിവായുള്ള ഞായറാഴ്ച ആരാധനകൾക്കു പുറമെ ഇടദിവസങ്ങളിൽ പ്രത്യേക ആരാധനകളും വേദാദ്ധ്യയന ക്ലാസ്സുകളും പ്രത്യേക യോഗങ്ങളും പ്രാർത്ഥനയ്ക്കും കൂട്ടായ്മയ്ക്കുമായുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തി നടത്തുന്നതിന് ഉത്സാഹിക്കുന്നതുകൊണ്ടു ആത്മികമായി മാറി തീക്ഷ്ണതയും ശക്തിയും വർദ്ധിക്കയും ക്രിസ്തീയസാക്ഷ്യം സജീവമായിത്തീരുകയും ചെയ്യും. ദൈവകൃപ അനുഭവമാക്കുന്നതിനുള്ള ഒരു അവസരമാണ് നോമ്പുകാലം. നിങ്ങൾക്കു ദൈവത്തിന്റെ കൃപ ലഭിച്ചതു വ്യർത്ഥമായിത്തീരരുത് എന്നു വിശുദ്ധ പൌലൊസ് പറഞ്ഞിരിക്കുന്നതു ഓർക്കുക (൨ കൊരി. ൬. ൧).

ജഡം ആത്മാവിനു കീഴടക്കപ്പെട്ട നീതിയിലും സത്യ വിശുദ്ധിയിലും ദൈവനാമത്തിന്റെ ബഹുമാനത്തിനും മഹത്വത്തിനുമായി ജീവിക്കേണ്ടതിന് സഹായകരമായ വർജ്ജനം ആചരിക്കുന്നതിനും നോമ്പുകാലത്തു നാം ശ്രദ്ധയുള്ളവരായിരിക്കണമെന്നും ദൈവത്തിന്റെ വചനവും സഭയും നമ്മോടു ആവശ്യപ്പെടുന്നുണ്ട്. നോമ്പിൽ ഒന്നാം ഞായറാഴ്ചത്തേക്കുള്ള അപേക്ഷ കാണുക. ഏതേതു കാര്യങ്ങളിലാണ് വർജ്ജനവും ശിക്ഷണവും നിയന്ത്രണവും വേണ്ടതു എന്നുള്ളതു വ്യക്തികൾ ആത്മപരിശോധന ചെയ്തു തീരുമാനിക്കേണ്ടതാകുന്നു.

ഓരോരുത്തർ തങ്ങളുടെ ആത്മീയ അഭിവൃദ്ധിക്ക ഉതകുന്ന വിധത്തിലുള്ള വേലായുധനവും ധ്യാനവും പ്രാർത്ഥനയും ആരാധനയും നടത്തുകയും ശാരീരികമായ കാര്യങ്ങളിൽ വർജ്ജനം ആചരിക്കയും ചെയ്തുകൊണ്ടു നോമ്പു ആചരിച്ചാൽ അരിമത്ഥ്യായിലെ യോസേഫിന്റെ കല്ലറയിൽ നിന്ന് ഉയിർപ്പുനാളിന്റെ പ്രഭാതത്തിൽ മഹത്വധാരിയായ യേശു കർത്താവു ഉയിർത്തെഴുനീറ്റതുപോലെ നമ്മിൽനിന്നും ഒരു പുതുക്കപ്പെട്ട മനുഷ്യൻ ഉദയം ചെയ്യുന്നതാണ്.

മഹായിടവക ഗായകസംഘ സമ്മേളനത്തെപ്പറ്റി ഒരു നിരൂപണം

K. K. JOHN B. A., L. T., *Chengannur.*

നമ്മുടെ മഹായിടവകയിൽ ഗായകസംഘടനാ രൂപീകരണം നടന്നിട്ടു കുന്നര വർഷം കഴിഞ്ഞിരിക്കുന്നു. ഈ കുറഞ്ഞ കാലയളവിൽ അതിനുണ്ടായിട്ടുള്ള പുരോഗതി അഭിനന്ദനാർഹമത്രെ. ഉദ്ദേശം 65 ഇടവകകൾ ഉള്ളതിൽ 25 ഇടവകകൾ അംഗങ്ങളായിക്കഴിഞ്ഞു. പാട്ടുപരിശീലനം സംബന്ധിച്ചു വളരെ അധികം ഉത്സാഹം മിക്കയിടവകകളിലും ഉള്ളതായി കാണുന്നതു സന്തോഷാവഹമത്രെ. സംഘടനയെ പ്രോത്സാഹിപ്പിക്കുന്നതിൽ Vice President, Secretary എന്നിവർ പ്രദർശിപ്പിച്ചു വരുന്ന അത്യുത്സാഹം ഏവരെയും അതിശയിപ്പിക്കുന്ന ഒന്നാണ്.

കഴിഞ്ഞ ഡിസംബർ 28-ാം തിയ്യതിയായിരുന്ന കോട്ടയത്തു ഭദ്രാസനപ്പള്ളിയിൽവച്ചു (നാലാമത്തെ) Choristers' Festival നടത്തപ്പെട്ടതു. 10. 30 മുതൽ 1 മണി വരെ നേതാക്കന്മാരുടെ സമ്മേളനം നടന്നു. എല്ലാ ഇടവകകളിൽനിന്നും വന്ന നേതാക്കന്മാരും അവരവരുടെ വിവിധ സൌകര്യങ്ങളെപ്പറ്റിയും പ്രയാസങ്ങളെപ്പറ്റിയും തുറന്ന പ്രസ്താവിച്ചതു വളരെ പ്രയോജനകരമായിരുന്നു. ഉച്ചകഴിഞ്ഞു ഉദ്ദേശം 19 ഇടവകകളിൽനിന്നും ഹാജരായിരുന്ന ഗായകസംഘങ്ങൾ ഉടുപ്പുകൾ ധരിച്ചു മേവാലയത്തിനു ചുറ്റും ഒരു ഘോഷയാത്ര നടത്തിയതും തദനന്തരം എല്ലാവരും പള്ളിയിൽ ശുശ്രൂഷയ്ക്കായി ഒരുമിച്ചു കൂടിയതും ഓരോ ഇടവകയിലെ ഗായകസംഘങ്ങളും പ്രത്യേകം അഭ്യസിച്ചിരുന്ന ഗാനങ്ങൾ എത്രയും ഭംഗിയായി പാടിയതും ഏവരെയും ആനന്ദിപ്പിച്ചിരുന്നു. ഭദ്രാസനപ്പള്ളി ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു.

കതീഡ്റൽ യുവതീസമാജം വകയായി രാവിലെ 9 മണി മുതൽ ഒരു Tea-stall പ്രത്യേകം ഏർപ്പാടു ചെയ്തിരുന്നു. ഗായകസംഘങ്ങളിൽ യുവതികളും പെൺകുട്ടികളും പ്രത്യേകവേഷത്തിലും അല്ലാതെയും സംബന്ധിച്ചിരുന്നു. നമ്മുടെ എല്ലാ ഗായകസംഘങ്ങളിലും പെൺകുട്ടികളെ സംബന്ധിപ്പിക്കണമെന്നായിരുന്നു പൊതുവെയുള്ള അഭിപ്രായം.

ഒന്നരണ്ടു ന്യൂനതകളെപ്പറ്റി പറയുന്നതും അസ്ഥാനത്താകയില്ലെന്നു വിചാരിക്കുന്നു. നമ്മുടെ പ്രധാനപ്പെട്ട മിക്കയിടവകകളും ഇതിൽ സംബന്ധിച്ചിരുന്നു എങ്കിലും ധനസ്ഥിതിയിൽ താണനിലയിലുള്ള ഒന്നോ രണ്ടിടവകകളെങ്കിലും ഇതിൽ സംബന്ധിച്ചിരുന്നില്ല എന്നുള്ളതു പ്രസ്താവ്യമത്രെ. Surplice, Cassock മുതലായ വസ്ത്രധാരണത്തിനു പലയിടവകകൾക്കും നിവൃത്തിയില്ലെന്നുള്ളതായിരിക്കാം ഒരു കാരണം. ഇംഗ്ലീഷ് രാഗങ്ങളെക്കാൾ നാടൻ രാഗങ്ങളോടായിരിക്കാം ചില ഇടവകകൾക്കു കൂടുതൽ പ്രതിപത്തി. ഇംഗ്ലീഷ് രാഗങ്ങൾ പഠിപ്പിക്കുന്നതിനു വേണ്ട സൌകര്യങ്ങൾ ചില സ്ഥലങ്ങളിൽ വിരളമായിട്ടു മാത്രമെയുള്ളൂ. നമ്മുടെ ഗായകസംഘങ്ങളുടെ ചുവന്ന നിറത്തിലുള്ള Cassock ആവശ്യത്തിൽ കവിഞ്ഞുള്ള ഒരു

നിറപ്പകിട്ടയല്ലെ എന്ന സംശയം തോന്നാവുന്നതാണ്. ഇംഗ്ലണ്ടിലും മറ്റും Cathedral choir, കാരും King's chapel കാരും മാത്രമെ ആ നിറത്തിലുള്ള Cassock ഉപയോഗിപ്പാൻ അനുവാദമുള്ളൂ എന്ന ഒരു പട്ടക്കാരൻ പറകയുണ്ടായി. അല്പാത്ത ഇടവകകളിൽ കറുത്തതോ വെളുത്തതോ മാത്രമേ ഉപയോഗിക്കാറുള്ളൂ. ഏതായാലും ഈ ചുവന്ന നിറത്തിലുള്ള Cassock നമ്മുടെ മിക്ക ഇടവകകൾക്കും ഒരു ഭാരമായിത്തന്നെ തീരാവുന്നതാണ്. അതിനാൽ ഏറ്റവും ചെലവു കുറഞ്ഞതും പരിശുദ്ധിയെ കാണിക്കുന്നതുമായ വെള്ള Surplice മാത്രംകൊണ്ടു തൃപ്തിപ്പെടുന്നതു് മതിയാകുമോ എന്നാലോചിച്ചു നോക്കേണ്ടതാണ്. പാട്ടുകാർക്കു ഏവക്കും പള്ളിവകയായി പാട്ടുപുസ്തകം, ശുശ്രൂഷക്രമം, Surplice, Organ ഇവയെല്ലാം പുറമെ Cassock ഉണ്ടാക്കുന്ന കാര്യത്തിൽ ഓരോ കമ്മറിയും കഴിവിലധികം ഭാരപ്പെടാൻ നാം അനുവദിക്കരുതല്ലോ.

10-1-58.

ബിഷപ്പ് ജയിക്കബ് തിരുമേനിയുടെ നിയ്യോഗത്തിൽ മാർത്തോമ്മാ സഭാകൌൺസിൽ (4-1-'58ൽ) പാസ്സാക്കിയ അനുശോചന പ്രമേയം

ദക്ഷിണേന്ത്യൻ സഭയുടെ മദ്ധ്യതിരുവിതാംകൂർ മഹായിടവക ബിഷപ്പായിരുന്ന റൈറ്റ് റവ. ഡോക്ടർ സി. കെ. ജയിക്കബ് തിരുമനസ്സിലെ നിയ്യോഗത്തിൽ മാർത്തോമ്മാ സഭാകൌൺസിലിനുള്ള അഗാധമായ ഖേദം രേഖപ്പെടുത്തിക്കൊള്ളുന്നു. മദ്ധ്യതിരുവിതാംകൂർ മഹായിടവകയുടെ പ്രഥമ ഭാരതീയ ബിഷപ്പ് എന്ന നിലയിൽ സ്തുത്യർഹമായ സേവനം തിരുമനസ്സുകൊണ്ടു അനുഷ്ഠിച്ചു. സമ്മിശ്ര പാരമ്പര്യങ്ങളോടും വീക്ഷണഗതികളോടും കൂടിയ മഹായിടവകയെ അഭിമുഖീകരിച്ചു ഉൽഘട്ടങ്ങൾ തരണം ചെയ്യുന്നതിനു തിരുമനസ്സിലെ സമർത്ഥമായ നേതൃത്വം സഭയ്ക്കു സഹായകരമായിരുന്നു. സഭകൾ സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്കും സഭാപുനരൈക്യ പ്രസ്ഥാനത്തിനും തിരുമനസ്സുകൊണ്ടു ധീരവും അനുസ്യൂതവുമായ നേതൃത്വവും പ്രോത്സാഹനവും നൽകി. ക്രൈസ്തവലോകത്തിന്റെ ശ്രദ്ധയെ സമാകർഷിച്ചിട്ടുള്ള ദക്ഷിണേന്ത്യാസഭയ്ക്കു രൂപം കൊടുത്ത മഹാ ശില്പികളിൽ തിരുമേനിക്കു അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്. അഖിലലോക സഭാകൌൺസിലിന്റെ ജനറൽ അസംബ്ലിയിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനായി നിയമിക്കപ്പെട്ടപ്പോൾ ഏതൽ കൃത്യം അഭിനന്ദനീയമാം വിധം നിർവ്വഹിച്ചു. ബൈബിൾ സൊസൈറ്റിയുടെ പ്രസിഡന്റെന്ന നിലയിലും പ്രത്യേകമായി കേരള ക്രിസ്റ്റിലറി രൂപവൽക്കരിച്ചു പ്രവർത്തനത്തിൽ വരുത്തുന്നതിലും അമൂല്യസേവനം അനുഷ്ഠിക്കയും ചെയ്തിട്ടുണ്ട്. തിരുമേനി നമ്മുടെ മാരാമൺ മഹായോഗങ്ങളിൽ വത്സരംതോറും ഉത്തേജകങ്ങളായ പ്രസംഗങ്ങൾ ചെയ്യും നമ്മുടെ പട്ടക്കാരുടെ യോഗങ്ങൾ നടത്തിയും സഹായിച്ചിട്ടുള്ള വസ്തുത കൃതജ്ഞതയോടു സ്മരിക്കേണ്ടതത്രെ. നമ്മുടെ സഭയോടും സഭാനേതാക്കന്മാരോടും തിരുമേനിക്കുണ്ടായിരുന്ന സ്നേഹം അന്യാദൃശമായിരുന്നു.

തിരുമേനിയിൽ പ്രശോഭിച്ചിരുന്ന ആഴമായ ദൈവഭക്തി, അപാരമായ വേദപാണ്ഡിത്യം, പ്രശംസനീയമായ സുവിശേഷ പ്രചരണ തീക്ഷ്ണത, ആത്മാർത്ഥമായ വിനയം, ശ്ലാഘനീയമായ ബുദ്ധിവൈഭവം, ആകർഷകമായ നയവിശേഷം, അനാർഭാടമായ കാര്യശേഷി എന്നിവ ലോകത്തിന്റെ സ്നേഹാദരവുകൾക്കു അദ്ദേഹത്തെ പാത്രീഭൂതനാക്കി. തിരുമനസ്സിന്റെ വിയോഗത്തിൽ ദുഃഖാർത്തരായിരിക്കുന്ന സഭാംഗങ്ങളോടും കുടുംബാംഗങ്ങളോടും മാർത്തോമ്മാ സഭാകൌൺസിലിനുള്ള അനുശോചനം രേഖപ്പെടുത്തുകയും ദിവംഗതനായ ഈ ദൈവഭൃത്യന്റെ ജീവിതം, വേല ഇവ അനേകർക്കു മാർഗ്ഗദർശകമായി ഭവിക്കട്ടെ എന്നു പ്രാർത്ഥിക്കയും ചെയ്യുന്നു.

ന്യായരാഹിത്യ ആചാരം

(Rev. T. B BENJAMIN, B. A.)

ആധുനികകാലത്തു ലോകമെങ്ങുമുള്ള ക്രൈസ്തവനേതാക്കന്മാർ സഗൌരവം ചിന്തിക്കേണ്ട ഒരു വിഷയമാണ് ഇതു്. എന്തെന്നാൽ ന്യായരാഹിത്യ ആചാരത്തെപ്പറ്റിയുള്ള ഗൌരവമേറിയ ചിന്തയും, അതിലുള്ള നിഷ്കർഷയും ലോകത്തിലെല്ലായിടത്തും വളരെ കുറഞ്ഞുപോയിരിക്കുന്നു. അതുമൂലം ക്രൈസ്തവസമുദായത്തിന്റെ ആദ്ധ്യാത്മികവും, സാന്മാർഗ്ഗികവുമായ നിലവളരെ അധഃപതിച്ചിട്ടുണ്ടെന്നു മാത്രമല്ല, നമ്മുടെ ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യനിലയെ അതു സാരമായി ബാധിച്ചിട്ടുമുണ്ട്.

യഹൂദന്മാരുടെയിടയിൽ നിലവിലിരുന്ന ശബ്ബത്താചാരത്തിന്റെ രീതിയെ നമ്മുടെ കർത്താവു കഠിനമായി ശാസിച്ചു. "മനുഷ്യൻ ശബ്ബത്തുനിമിത്തമല്ല; ശബ്ബത്തു മനുഷ്യൻ നിമിത്തമത്രെ ഉണ്ടായതു്" എന്നിങ്ങനെയുള്ള കർത്താവിന്റെ മൊഴികൾ ന്യായരാഹിത്യദിവസത്തെ എങ്ങനെയും ഉപയോഗിക്കുന്നതിനുള്ള ഒരു അനുവാദമായി ഇക്കാലത്തു പലരും വ്യാഖ്യാനിച്ചു കേൾക്കാറുണ്ട്. വേദപുസ്തകത്തിലെ വാക്യങ്ങൾ അവ ആരും എഴുതപ്പെട്ട സാഹചര്യങ്ങളിൽനിന്നു വേർപെടുത്തി വ്യാഖ്യാനിക്കുന്നതു ഒരിക്കലും ശരിയായിരിക്കയില്ല. ആ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കിയശേഷം വേണം നമ്മുടെ ഇപ്പോഴത്തെ സാഹചര്യങ്ങളോടു അതിനെ താരതമ്യപ്പെടുത്തി വ്യാഖ്യാനിക്കുവാൻ. യഹൂദന്മാർ ആദ്യകാലം മുതൽ ശബ്ബത്തിനെ ഒരു വിശുദ്ധ ദിവസമായും, സ്വസ്ഥദിവസമായും ആചരിച്ചുപോന്നു. ശബ്ബത്താചാരത്തെപ്പറ്റിയുള്ള നിയമങ്ങൾ അവരുടെ ന്യായപ്രമാണത്തിലുണ്ട്. എന്നാൽ പിന്നീടു പരീശന്മാരും ശാസ്ത്രിമാരും ഈ നിയമങ്ങളെ വിപുലമായി വ്യാഖ്യാനിച്ചു അനേകം ഉപനിയമങ്ങൾ അവയോടു കൂട്ടിച്ചേർത്തു. പ്രസ്തുത ഉപനിയമങ്ങൾ, ബാലിശവും ശബ്ബത്തിന്റെ ഉദ്ദേശത്തെത്തന്നെ പരാജയപ്പെടുത്തുന്നതും, ശബ്ബത്താചാരത്തിന്റെ സന്തോഷവും ഉത്സാഹവും നശിപ്പിച്ചു സാമാന്യജനങ്ങൾക്കു ഒരു ഭാരമാക്കിത്തീർക്കുന്നതുമാണ്. നമ്മുടെ കർത്താവു നിരന്തരമായി വിമർശിക്കയും, ശാസിക്കയും ചെയ്തതു അതിനെയാണെന്നോർക്കണം. ഈ ഉപനിയമങ്ങളുടെ സ്വഭാവം മനസ്സിലാക്കുന്നതിനായി ഏതാനും ദൃഷ്ടാന്തങ്ങൾ ഞാനിവിടെ ഉദ്ധരിക്കട്ടെ.

പുറപ്പാടു പുസ്തകത്തിൽ, "ഏഴാം ദിവസം നിന്റെ കാളയും കഴുതയും വിശ്രമിപ്പാനും നിന്റെ ദാസിയുടെ പുത്രനും പരദേശിയും ആശ്വസിപ്പാനും വേണ്ടി നീ സ്വസ്ഥമായിരിക്കേണം" (പുറ. 23. 12) എന്നെഴുതിയിരിക്കുന്നു. ഉഴുകയോ കിളയ്ക്കുകയോ ചെയ്യുന്നതു കുറ്റകരമാണ്. എന്നാൽ ഒരാൾ ഒരു കമ്പു നിലത്തുകൂടെ ഇഴച്ചു കൊണ്ടുപോകയോ, ഒരു കസേരയോ മേശയോ നിരക്കി മാറ്റുകയോ ചെയ്തിട്ട് മണ്ണിൽ ഒരു പാട്ടുണ്ടായാൽ അതിനെ ഉഴുന്നതിനോടു സമമാക്കി, അവന്റെമേൽ ശബ്ബത്തു ലംഘനമെന്ന കുറ്റം ചുമത്തുമായിരുന്നു. ശബ്ബത്തു ദിവസത്തിൽ കൊയ്യുകയും മെതിക്കയും ചെയ്യുന്നതു കുറ്റകരമായിരുന്നു. നമ്മുടെ കർത്താവിന്റെ ശിഷ്യന്മാർ വിളഭൂമിയിൽക്കൂടെ കടന്നുപോകുമ്പോൾ വിശന്നിട്ടു കതിർ പറിച്ചു കയ്യിലിട്ടു തിരുമ്മിത്തിന്നു. അവർ കൊയ്യുകയും മെതിക്കുകയും ചെയ്തു എന്നുള്ള കുറ്റമാണ് അവരുടെമേൽ ആരോപിക്കപ്പെട്ടതു്. ഈ സംഭവത്തിനു ശേഷമാണ് യേശു, "മനുഷ്യൻ ശബ്ബത്തു നിമിത്തമല്ല, ശബ്ബത്തു മനുഷ്യൻ നിമിത്തമത്രെ ഉണ്ടായതു്" (മർക്കൊ. 2. 23 — 27) എന്നു പറഞ്ഞതു്. ശബ്ബത്തിൽ ഒരു സ്ത്രീ മുഖക്കണ്ണാടിയിൽ നോക്കുന്നതു കുറ്റകരമായിരുന്നു. അവൾ നോക്കുമ്പോൾ ഒരു നരച്ച മുടി കാണുകയും പെട്ടെന്നു അവൾ അതു പറിച്ചുകളയുകയും ചെയ്താൽ അതു കൊയ്യുന്നതിനോടു സമമാകുമെന്നാണ് അവർ വ്യാഖ്യാനിച്ചതു്. ചിലപ്പോൾ കായ്സാദ്ധ്യതയുള്ളായി ശബ്ബത്തിന്റെ പ്രമാണങ്ങൾക്കു അവർ അല്പം അയവു വരുത്തിയിരുന്നു. ശബ്ബത്തിൽ പരമാവധി നടക്കുവാൻ അനുവദിച്ചിരുന്നതു് 2000 കാൽ ചുവട് മാത്രമാണ്. എന്നാൽ അതിൽ കൂടുതൽ നടക്കേണ്ടതായി വന്നാൽ രണ്ടായിരം ചുവട് അകലെ തലേദിവസം തന്നെ ഒരു പൊതിഭക്ഷണം കൊട

ത്തയച്ചിരുന്നാൽ മതി. അതു അവിടെവച്ചു ഭക്ഷിക്കുമ്പോൾ അതു സ്വഭവനംപോലെയായി. അപ്പോൾ വീണ്ടും 2000 കാൽ ചുവടുകൂടെ നടക്കുവാൻ അനുവാദം ഉണ്ടായിരുന്നു. ഒരു ആടോ കാളയോ കിണറ്റിൽ വീഴുന്നപക്ഷം അതിനെ എടുത്തുകയറ്റുന്നതു ശബ്ബത്തുലംഘനമല്ലായിരുന്നു. എന്തെന്നാൽ മൃഗങ്ങൾ ഒരു സമ്പാദ്യമാണ്. സമ്പാദ്യത്തെ യഹൂദന്മാർ വിശുദ്ധമായി കരുതിയിരുന്നു. സമ്പാദ്യത്തെ പരിരക്ഷിക്കുന്നതിനുവേണ്ടി ശബ്ബത്തിന്റെ പ്രമാണങ്ങളെ ലംഘിക്കാമായിരുന്നു. നമ്മുടെ കർത്താവു ശബ്ബത്തിൽ വരണ്ട കയ്യുള്ള മനുഷ്യനെ സൌഖ്യമാക്കിയതുകൊണ്ടു പരീശന്മാർ തന്നെ കുറ്റപ്പെടുത്തിയപ്പോൾ "നിങ്ങളിൽ ഒരുത്തനു ഒരാടുണ്ട് എന്നിരിക്കട്ടെ. അതു ശബ്ബത്തിൽ കുഴിയിൽ വീണാൽ അവൻ അതിനെ പിടിച്ചു കയറ്റുകയില്ലയോ? എന്നാൽ മനുഷ്യൻ ആടിനേക്കാൾ എത്ര വിശേഷതയുള്ളവൻ!" (മത്താ. 12. 9—12) എന്നു യേശു പറഞ്ഞതിന്റെ അർത്ഥം ഈ പ്രമാണത്തിന്റെ വെളിച്ചത്തിൽ വ്യക്തമാണ്. അർത്ഥശൂന്യവും, ബാലിശവുമായ ഇത്തരം ഉപനിയമങ്ങളെയും അവയുടെ വ്യാഖ്യാനത്തെയുമാണ് കർത്താവു ശാസിക്കുന്നതു്. ശബ്ബത്താചാരത്തെ യേശു കുറിക്കുംവണ്ണം ഗ്രഹിക്കരിച്ചിട്ടില്ലെന്നു മാത്രമല്ല ശബ്ബത്തിനെ ശരിയായി ആചരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു താനും.

ഞായറാഴ്ച ആചാരത്തിന്റെ പ്രാധാന്യമെന്താണ്?

ഒന്നാമതു, ഇതു ഒരു സ്വസ്ഥനാളാണ്. എല്ലാ മനുഷ്യരുടെയും ജീവിതത്തിൽ സ്വസ്ഥത ഒരു വലിയ ആവശ്യമാണെന്നു പറയേണ്ടതില്ലല്ലൊ. സ്വസ്ഥതയുള്ള സ്വാഭാവികമായ അവസരങ്ങൾ ദൈവം നമുക്കു തന്നിട്ടുണ്ട്. ഓരോ ദിവസവും രാത്രിയും പകലുമായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. പ്രഭാതം മുതൽ 12 മണിക്കൂർ നേരത്തെ പ്രവർത്തനത്തിനുശേഷം ദൈവം ഭൂമിയെ അന്ധകാരംകൊണ്ടു മൂടുകയും മനുഷ്യരെപ്പാവരും വിശ്രമിക്കയും ചെയ്യുന്നു. സുഖമുള്ള ഉറക്കത്താലും, വിശ്രമത്താലും ശരീരത്തിന്റെയും മനസ്സിന്റെയും ശക്തികൾ പുതുക്കപ്പെടുന്നു. ഓരാഴ്ചത്തെ വേലയ്ക്കുശേഷം ഒരു ദിവസം സ്വസ്ഥതയുള്ളായി നല്കപ്പെട്ടിരിക്കയാണ്. ആഴ്ചയിൽ ഒരു ദിവസം ഒരു സ്വസ്ഥനാളായി ആചരിക്കുന്ന പതിവു അതിപുരാതനമായിട്ടുള്ളതാണ്. ഒരു പൌരാണിക സാമ്രാജ്യമായ ബാബിലോണിൽ കൽദയരുടെയിടയിൽ ഇങ്ങനെ ഓരാചാരം 4,000 വർഷം മുമ്പു ഉണ്ടായിരുന്നതായി രേഖയുണ്ട്. HAMMURABI'S CODE എന്നു പറയുന്ന അവരുടെ നിയമസംഗ്രഹത്തിൽ ഈ സ്വസ്ഥദിവസം ആചരിക്കുന്നതിനെപ്പറ്റിയുള്ള പ്രമാണങ്ങൾ അടങ്ങിയിട്ടുണ്ട്. അതു ക്രിസ്തുവിനു 2000 വർഷം മുമ്പുള്ള ഒരു രേഖയാണ്. യഹൂദന്മാരുടെയിടയിൽ ഈ ആചാരം ആദിമുതൽ ഉണ്ടായിരുന്നുവെന്നു നാം പഴയനിയമത്തിൽ വായിക്കുന്നുണ്ടല്ലൊ. 10 കല്പനകളിൽ 4-ാമത്തേതു ഇതിനെപ്പറ്റിയാണെന്നുള്ളതു് ശ്രദ്ധേയമാണ്.

ലണ്ടൻ പട്ടണത്തിലുള്ള ഒരു പത്രപ്രവർത്തകൻ "ഞായറാഴ്ച എന്തിനു്" എന്ന പേരിൽ ഒരു പുസ്തകം 1932-ൽ രചിച്ചിട്ടുണ്ട്. അദ്ദേഹം ഒരു അയ്യേനിയുടെ വീക്ഷണകോണത്തിൽ നിന്നാണ് ഇതെഴുതിയിരിക്കുന്നതു്. 19-ാം നൂറ്റാണ്ടിൽ ഞായറാഴ്ച ആചാരം ഇംഗ്ലണ്ടിൽ ഒരു പരിഷ്കാരമായിരുന്നു. എല്ലാ ഭവനങ്ങളിലും അതു ഒരു സന്തോഷമുള്ള ദിനമായി ആചരിച്ചുവന്നു. കുടുംബം മുഴുവനും രാവിലെയും വൈകുന്നേരവും പള്ളിയിൽ പോകും. കുട്ടികളെല്ലാവരും സണ്ടെസ്ക്കൂളിൽ സംബന്ധിക്കുന്നതു ഒരു പതിവായിരുന്നു. വൈകുന്നേരം കുടുംബാംഗങ്ങൾ ഒരുമിച്ചു ചേർന്നു പ്രാർത്ഥിക്കുകയും പാടുകയും ചെയ്യും. ഞായറാഴ്ച ദിവസം ധരിക്കുന്നതിനു പ്രത്യേക വസ്ത്രങ്ങൾ അവർക്കുണ്ടായിരുന്നു. എന്നാൽ 20-ാം നൂറ്റാണ്ടിലാകട്ടെ ആ സ്ഥിതിയെല്ലാം പാടേ മാറിപ്പോയി. ഞായറാഴ്ച സ്വസ്ഥമായിരിക്കുന്നതിനു ആർക്കും സൌകര്യമില്ല. പള്ളിയിൽ പോകുവാൻ കൂട്ടം സമയം ലഭിക്കുന്നില്ല. ഞായറാഴ്ച മറ്റു ജോലിയൊന്നും ഇല്ലാത്തവർക്കു വിനോദയാത്രയും, സിനിമായും, എല്ലാം ഉണ്ട്. ചുരുക്കിപ്പറഞ്ഞാൽ അതു ഒരു സ്വസ്ഥദിവസമായി ആചരിക്കപ്പെടുന്നില്ല. ഈ നിലയെ അദ്ദേഹം അപലപിക്കുകയും, അതു ജനസമുദായത്തിന്റെ അധഃപതനത്തിനു ഒരു പ്രധാന കാരണമായിത്തീരുമെന്നു പ്രസ്താവിക്കയും ചെയ്യുന്നു. അദ്ദേഹം ആ പുസ്

കത്തിൽ രസകരമായ പല വിവരങ്ങളും ചേർത്തിട്ടുണ്ട്. ഇംഗ്ലണ്ടിൽ പെട്ടെന്നുള്ള മരണങ്ങൾ ആണ്ടുതോറും വർദ്ധിച്ചുവരുന്നുവെന്നു കാണിക്കുന്നതിനുള്ള കണക്കുകൾ അദ്ദേഹം ഉദ്ധരിക്കുകയും വിദഗ്ദ്ധന്മാരായ ഡാക്ടർമാരുടെ അഭിപ്രായത്തിൽ അതിനുള്ള ഏറ്റവും പ്രധാനമായ കാരണം സ്വസ്ഥതയില്ലായ്മയാണെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. ധൃതഗതിയായുള്ള പ്രവർത്തനത്തിന്റെ ശിക്ഷയാണിതെന്നും ഞായറാഴ്ച ആചാരം വീണ്ടും പ്രാബല്യത്തിൽ വരുത്തിയാൽ ഇങ്ങനെയുള്ള മരണങ്ങൾ കുറയുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു. അതുപോലെ തന്നെ മാനസിക രോഗങ്ങളുടെ വർദ്ധനവും പാശ്ചാത്യരാജ്യങ്ങളിൽ ഉൽക്കണ്ഠയുടെ കാരണമായിത്തീർന്നിരിക്കുന്നു എന്നാണ് ഈ ഗ്രന്ഥകാരൻ പറയുന്നത്. ഏതെങ്കിലും ഒരേ കാര്യത്തിൽ നിരന്തരമായി ശ്രദ്ധപതിപ്പിക്കുന്നതാണ് 90 ശതമാനം മാനസിക രോഗങ്ങളുടെയും കാരണമെന്ന്, പല ഡോക്ടർമാരുടെ അഭിപ്രായങ്ങൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ആരോഗ്യകരമായ ജീവിതത്തിനു സ്വസ്ഥത വളരെ ആവശ്യമാണെന്നുള്ളതിനു സംശയമില്ല. ആധുനിക കാലത്തുള്ള പരിക്ഷുത ഗവർമ്മെൻറുകൾ ഈ ആവശ്യത്തെ അംഗീകരിച്ചിട്ടുമുണ്ട്. ഒരു തൊഴിലാളിക്ക് ദിവസംതോറും പരമാവധി വേല ചെയ്യാവുന്ന സമയം എത്രയെന്നു അധികൃതർ തന്നെ നിർണ്ണയിച്ചിട്ടുണ്ട്. ഇതിനും പുറമെ ആഴ്ചയിൽ ഒരു ദിവസമെങ്കിലും വിശ്രമത്തിനായി വേർതിരിക്കുന്നതിനും നിഷ്കർഷിച്ചുപോരുന്നു. നമ്മുടെ ആത്മാവിനു മാത്രമല്ല, ആത്മാവിന്റെ മന്ദിരമായ ശരീരത്തിന്റെയും, മനസ്സിന്റെയും ആരോഗ്യത്തിനും ഇപ്രകാരമുള്ള ഒരു സ്വസ്ഥതയാൽ എത്രയും ആവശ്യം തന്നെ.

രണ്ടാമത്തേത്, ക്രൈസ്തവർക്ക് ഇത് ഒരു വിശുദ്ധ ദിവസമാണ്. വാസ്തവത്തിലുള്ള സ്വസ്ഥതയും ആശ്വാസവും നാം കണ്ടെത്തുന്നതു ദൈവത്തോടുള്ള കൂട്ടായ്മയിലാണ്. ഈ അഖിലാണ്ഡത്തെ മുഴുവൻ സൃഷ്ടിച്ചു പരിപാലിക്കുന്നതു സർവ്വശക്തനായ ദൈവമാണ്. പ്രകൃതിയിലെ പ്രമാണങ്ങൾ ദൈവത്തിന്റെ പ്രമാണങ്ങളാണ്. സർവ്വജ്ഞാനിയായ ദൈവത്തിന്റെ മനസ്സാണ് ഈ പ്രമാണങ്ങൾക്കു പിന്നിലായിട്ടുള്ളത്. ലോകത്തെക്കുറിച്ചും, അതിലുള്ള ഓരോ മനുഷ്യനെക്കുറിച്ചും സർവ്വശക്തനായ ദൈവത്തിനു നിശ്ചിതമായ ഒരുദ്ദേശമുണ്ട്. ആ ഉദ്ദേശത്തിനനുസരണമായി നാം ജീവിക്കുമ്പോൾ മാത്രമെ നമ്മുടെ ജീവിതം ശരിയായി വികസിക്കുകയുള്ളൂ. ധൃതഗതിയായി ഈ ലോകത്തിൽ നാം ജീവിച്ചുപോകുമ്പോൾ ഈവക കാര്യങ്ങൾ നാം വിസ്മരിച്ചുപോകുവാൻ ഇടയുണ്ട്. ദൈവത്തെക്കുറിച്ചും ആത്മീയ കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുവാൻ സമയമില്ല എന്നു മുഴക്കിവിളിച്ചു പറയുന്നവർ ധാരാളമുണ്ട്. എന്നാൽ എല്ലാ ആഴ്ചയിലും ഞായറാഴ്ച ദിവസം ദൈവസന്നിധിയിൽ അടുത്തു ചെല്ലുന്നതിനും, തന്നെ ആരാധിക്കുന്നതിനും, തന്റെ ഇഷ്ടം ഗ്രഹിക്കുന്നതിനും, അതിൻപ്രകാരം നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുന്നതിനുമുള്ള ഒരു നല്ല അവസരം ദൈവം നമുക്കു നൽകുന്നു.

ക്രൈസ്തവപണ്ഡിതനായ (Leslie Weatherhead's—"When the lamp flickers") ഒരു എഴുത്തുകാരൻ തന്റെ അനുഭവത്തിൽനിന്നുള്ള ഒരു ദൃഷ്ടാന്തം എഴുതിയതു ഞാൻ ഓർക്കുന്നു. കുറിക്കൽ 80-ൽ പരം വയസ്സുള്ള ഒരാൾ രോഗിയായിത്തീർന്നു. അത്യാസന്ന നിലയിലായപ്പോൾ അയാളെ കാണുന്നതിനായി ഇടവകയിലെ അച്ചൻ ക്ഷണിക്കപ്പെട്ടു. രോഗി മരണത്തോടടുത്തിരുന്നു. വളരെ ഭീതിയും, ഭയവും അയാൾക്കുണ്ടായിരുന്നു. അപ്പോൾ പട്ടക്കാരൻ ശാന്തമായി ദൈവത്തെപ്പറ്റിയും, മനുഷ്യാത്മാവിനെപ്പറ്റിയും, നിത്യരക്ഷയെപ്പറ്റിയും അയാളോടു സംസാരിക്കുവാൻ തുടങ്ങി. അപ്പോൾ അയാൾ അല്പം അസ്വസ്ഥനായി ഇങ്ങനെ പറഞ്ഞു. "എന്റെ ജീവിതത്തിൽ ദൈവിക കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിനും, അതിൽ ഇടപെടുന്നതിനും അശേഷം സമയമില്ലായിരുന്നു. ഇനിയും അതെപ്പറ്റി ചിന്തിച്ചതുകൊണ്ടെന്താണു പ്രയോജനം?" ഇതെപ്പറ്റി ആ പട്ടക്കാരൻ പിന്നീടു പറഞ്ഞതു, "ഈ വക കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുവാൻ അയാളുടെ ജീവിതത്തിൽ 4,000-ൽ പരം ഞായറാഴ്ചകൾ ഉണ്ടായിരുന്നല്ലോ എന്നാണ്. ഒരാഴ്ച മുഴുവനും നമ്മുടെ ആത്മീയ ഇടയൻ നമ്മെ കാട്ടുകളിലും മേട്ടുകളിലും മേയിച്ചതിനുശേഷം യഥാർത്ഥ

വിശ്രമത്താൽ നാം ഉന്മേഷം പ്രാപിക്കേണ്ടതിനു അവൻ നമ്മെ സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്കു നടത്തുന്നു.

അതു മാത്രവുമല്ല, ഈ ദിവസം ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഒരു മാമ്മദിവസമാണ്. യേശുക്രിസ്തു പുനരുത്ഥാനം ചെയ്തതു ഒരു ഞായറാഴ്ചയായിരുന്നു. അന്നു മുതലാണ് ക്രൈസ്തവർ ഞായറാഴ്ച ഒരു വിശുദ്ധദിവസമായി ആചരിച്ചു തുടങ്ങിയതു്. സഭയുടെ മേൽ പരിശുദ്ധാത്മാവു പകരപ്പെട്ടതും ഒരു ഞായറാഴ്ചയായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ഞായറാഴ്ചതോറും നമ്മുടെ വീണ്ടെടുപ്പിന്റെ മാമ്മയെ നാം കൊണ്ടാടുകയാണു ചെയ്യുന്നതു്. അതുകൊണ്ടു സന്തോഷത്തോടും സ്തോത്രത്തോടും കൂടെ നാം ദൈവസന്നിധിയിൽ ഒരുമിച്ചുകൂടുന്നതു എത്ര യുക്തമാണ്! ആഫ്രിക്കായിലുള്ള ചില സഭകളിൽ എല്ലാ ഞായറാഴ്ചയും രാവിലെയുള്ള ആരാധന ഒരു ഈസ്റ്റർഗാനംകൊണ്ടു ആരംഭിക്കുന്ന പതിവുള്ളതായി കേട്ടിട്ടുണ്ട്. അപ്പൊസ്തലിക കാലത്തും അതിനു പിമ്പുള്ള കാലങ്ങളിലും ഞായറാഴ്ചതോറും ജനങ്ങൾ കൂടിവന്നു തങ്ങളുടെ വീണ്ടെടുപ്പിനെ കൊണ്ടാടുന്ന തിരുവത്താഴശുശ്രൂഷയിൽ പങ്കെടുക്കുമായിരുന്നു. (തുടരും.)

ഒരു ദൈവം ഉണ്ടു് എന്നു് എങ്ങനെ അറിയാം

M. K. T.

'ദൈവം ഇല്ല എന്നു് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു' (സങ്കീ. ൧൪. ൧). എന്നാൽ അഖിലാണ്ഡത്തിന്റെ ഉടയവനായ ഒരു ദൈവം ഉണ്ടെന്നുള്ളതിനു് തെളിവു് എന്താണു്? ദൈവത്തിന്റെ രൂപമെന്താണു്? ആരെങ്കിലും ദൈവത്തെ കണ്ടിട്ടുണ്ടോ? ഇതൊക്കെ സാധാരണ പൊന്തിവരുന്ന ചോദ്യങ്ങൾ അത്രേ.

ആദ്യമായി ബൈബിൾ പരിശോധിക്കാം. ദൈവം സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. ഉല്പത്തി. ൧. ൨൭. ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു. യോഹ. ൧. ൧൮. എന്നാൽ ഉല്പ. ൩൨. ൩൦ൽ "ഞാൻ ദൈവത്തെ മുഖാമുഖമായി കണ്ടു എന്നു" യാക്കോബു് പറയുന്നതായി നാം വായിക്കുന്നു. യാക്കോബു് കണ്ട ദൈവം ആരാണെന്നു് അടുത്ത ലേഖനത്തിൽ പറഞ്ഞുകൊള്ളാം. യോഹ. ൧൪. ൯ൽ ക്രിസ്തു പറയുന്നു "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു". കൂടാതെ 'ഞാനും പിതാവും ഒന്നാണു്" എന്നു് യോഹ. ൧൦. ൩൦ലും പറയുന്നു. ദൈവം സത്യത്തിലും, വിശുദ്ധിയിലും, സ്നേഹത്തിലും തന്നെപ്പോലെ തന്നേയാണെന്നു് ക്രിസ്തു അവിടെ വെളിപ്പെടുത്തുകയായിരുന്നു. 'ദൈവം ആത്മാവു് ആകുന്നു, അവനെ നമസ്കരിക്കുന്നവർ, ആത്മാവിലും, സത്യത്തിലും നമസ്കരിക്കണം (യോഹ. ൪. ൨൪). അതിനാൽ ദൈവം മനുഷ്യന്റെ കണ്ടുപിടുത്തമല്ല. നമ്മുടെ പൂജിക്കുവാൻ ദൈവം തന്നേത്തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവം തന്നെത്താൻ മനുഷ്യനു് വെളിപ്പെടുത്താതെ, ദൈവം ഉണ്ടു് എന്നു് മനുഷ്യൻ എങ്ങനെ അറിയും?

അടുത്തതായി നമ്മുടെ ചുറ്റുപാടും നോക്കാം; ഒരു ആവിക്കപ്പൽ അതിസൂക്ഷ്മതയോടു് തയ്യാറാക്കിയ 'പ്ലാൻ' അനുസരിച്ചു നിർമ്മിച്ചതാണെന്നുള്ളതു് തർക്കമറ്റ സംഗതി തന്നേ. എന്നാൽ ഒരാൾ അതിനെപ്പറ്റി ഇപ്രകാരം പറയുന്നു എന്നു് വിചാരിക്കുക. 'ആവിക്കപ്പൽ നിർമ്മിച്ചതിൽ യാതൊരുത്തന്റേയും ബുദ്ധിപൂർവ്വമായ പ്രവർത്തനം ഇല്ല. ഏതോ ശക്തികൊണ്ടു് ഇരുമ്പു താനേ നിലത്തുനിന്നു് വന്നു തകിടായി മാറി. അതിൽ ചെറുചാരങ്ങൾ ഉണ്ടായി. പിന്നീടു രണ്ടു വശങ്ങളിലായി നിലകൊണ്ടു. ഇതേ ശക്തികൊണ്ടു് യന്ത്രങ്ങൾ അതിനുള്ളിൽ ഉണ്ടായി. അങ്ങനെ ഒരു ദിവസം കപ്പൽ കടലിൽ പൊങ്ങിക്കിടക്കുന്നതായി കണ്ടു. പുറമേ നിന്നുള്ള ഒരു മനുഷ്യന്റെയും, അറിവാനമോ, ബുദ്ധിവൈഭവമോ ആ ക

പ്പൽ നിർമ്മാണത്തിൽ ഇല്ല.' തീച്ചയായും അങ്ങനെ പറയുന്ന മനുഷ്യൻ ഭ്രാന്തനാണെന്ന് നാം പറയുകയില്ലേ? കാരണം ഒരു പ്രത്യേക ആകൃതി ഉണ്ടെങ്കിൽ അതിന് കാരണഭൂതനായ ഒരു നിർമ്മിതാവും ഉണ്ട് എന്ന് സ്പഷ്ടം. ആധുനിക കാലത്തു റഷ്യാക്കാർ നിർമ്മിച്ച കൃത്രിമ ഗോളങ്ങൾ ദൈവവിശ്വാസത്തെ ഉറപ്പിക്കയാണ്. കൃത്രിമ ഗോളങ്ങൾ ഉണ്ടെങ്കിൽ, സൂര്യൻ, ചന്ദ്രൻ, തുടങ്ങി കൃത്രിമം അല്ലാത്ത കോടാനുകോടി ഗോളങ്ങളേയും ഗ്രഹങ്ങളേയും നിർമ്മിച്ച, സർവ്വശക്തനായ ഒരു ദൈവം ഉണ്ട് എന്ന് സ്പഷ്ടം.

ഏതു സംഗതിയും നാം തന്നെ കണ്ടാൽ മാത്രമേ വിശ്വസിക്കൂ എന്ന് നമുക്ക് സിദ്ധാന്തം ഇല്ല. വിദ്യുച്ഛക്തിയെ പരിശോധിക്കാം. അതിനോട് ഘടിപ്പിക്കപ്പെട്ട പല നിയമങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്. വിദ്യുച്ഛക്തി എന്ന് ഒന്നുണ്ടെന്ന് പറയുവാൻ എങ്ങനെ കഴിയും? നമ്മുടെ നഗര വീഥിയിൽ അതിന്റെ പ്രകടനം കാണുന്നതുകൊണ്ട് തന്നെ. അതുപോലെ മുഖാമുഖമായി ഇപ്പോൾ കാണുവാൻ പാടില്ലെങ്കിലും, നമ്മുടെ ചുറ്റുപാടും തന്റെ പ്രവർത്തനം പലവിധത്തിൽ കാണുന്നതുകൊണ്ട് ദൈവം ഉണ്ട് എന്ന് മനസ്സിലാക്കാം. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. അപ്പോൾ മുഖാമുഖമായി കാണും. ഏ കൊരി. ക്നു. ഏവ.

ഒരു നിരീശ്വര മാസികയിൽ ഇപ്രകാരം കാണുന്നു. പ്രപഞ്ചത്തിൽ എവിടേയും പ്രവർത്തിക്കുന്ന വിവിധ തരം ശക്തികൾ എല്ലാം ഒരേശക്തിയുടെ പ്രകടന വിധങ്ങളോ, രൂപഭേദങ്ങളോ, ആകാവുന്നതാണ്. ആദിയും അന്തവുമില്ലാത്ത ആ ശക്തിക്കോ ശക്തികൾക്കോ തലയും തലച്ചോറുമില്ല. ഞാൻ അതെഴുതിയ നീരീശ്വരനോട് 'ചോദിക്കുന്നു. വിദ്യുച്ഛക്തി അതുപോലെ ഒരു ശക്തിയാണല്ലോ. എന്നാൽ അതിനെ പല വിധത്തിൽ പ്രകടിപ്പിക്കണമെങ്കിൽ **തലയും തലച്ചോറുമുള്ള വേറൊരു ശക്തിവേണമല്ലോ** ! ദൈവവിശ്വാസികൾക്ക് പ്രാർത്ഥന മൂലം അതിശയകരമായി മറുപടി ലഭിക്കുന്നുണ്ട്. അതിക്രമം പെരുകുന്നിടത്തു പുറകേ നാശവും ഉണ്ടാകുന്നു. സോദോം, ഗോമോറാ തുടങ്ങിയ പട്ടണങ്ങളുടെ ചരിത്രം അതിന് തെളിവാണ്. അതിനാൽ ചിലർ വിചാരിക്കുന്നതു പോലെ ദൈവം പുകപോലെ ഒരു സാധനമോ, ശക്തിയോ അല്ല, വ്യക്തിത്വമുള്ള ഒരു സത്വമായാണ്.

ചിലർ പറയുമായിരിക്കും 'എത്രയോ നിർവ്വിശ്വാസികൾ സുഭിക്ഷതയോടു കഴിഞ്ഞുകൂടുന്നു. അവർക്ക് ഒന്നിനും കുറവില്ലല്ലൊ എന്ന്. എന്നാൽ പ്രിയ വായനക്കാരെ, ഗോതമ്പും, കളയും ഒരുമിച്ചു വളരുവാൻ തല്ക്കാലം അനുവദിച്ചിരിക്കുന്നു എങ്കിലും അവസാനം ഒരു കൊയ്ത്തു ഉണ്ടെന്ന് ഓർക്കേണമേ. അന്ന് രണ്ടും തമ്മിൽ വേർതിരിക്കും. 'പോൾട്ടയർ' എന്ന ഒരു നിരീശ്വരൻ പറഞ്ഞു ബൈബിൾ, നൂറു വർഷങ്ങൾക്ക് ശേഷം പുറം തള്ളപ്പെട്ട ഒരു പുസ്തകമായിരിക്കുമെന്ന്. പോൾട്ടയർ മരിച്ചിട്ട് നൂറു വർഷങ്ങൾ കഴിഞ്ഞു. അദ്ദേഹം പാരീസിൽ വസിച്ച വീട് ഇപ്പോൾ ഒരു ബൈബിൾ ഡിപ്പോ ആണ്. ദിവസവും ഒരു നദിയിൽ കുളിക്കാൻ ചെല്ലുന്ന ഒരു യുവാവ് 'ഞാൻ കയത്തിലകപ്പെട്ടേ, രക്ഷിക്കണേ' എന്ന് വിളിച്ചു കൂവുക പതിവുണ്ടായിരുന്നു. അടുത്തു കരക്കു നില്ക്കുന്ന, ചിലരെ കബളിപ്പിക്കുന്നതിനായിരുന്നു അവൻ അപ്രകാരം ചെയ്തത്. ഒരു ദിവസം വാസ്തവത്തിൽ അവൻ കയത്തിലകപ്പെട്ട് നിലവിളിച്ചു. പക്ഷേ ആരും സഹായിപ്പാൻ ഓടി ചെന്നില്ല' എന്നൊരു വാർത്ത പത്രത്തിൽ വായിച്ചു. മനുഷ്യനെ കബളിപ്പിക്കാമെങ്കിലും, മനുഷ്യന്റെ സകലപ്രവൃത്തികളും നഗ്നമായി കാണുന്ന ദൈവത്തെകബളിപ്പിക്കാൻ സാദ്ധ്യമല്ല.

ഒരു കുടുംബത്തിന് ഒരു നായകൻ, ഒരു രാജ്യത്തിന ഒരു ഭരണാധിപൻ, ഒരു ആഫീസിന് ഒരു മേലുദ്യോഗസ്ഥൻ, എന്നപോലെ ലോകമാകുന്ന കുടുംബത്തെ, അത്യുന്നതനായ ദൈവം നിയന്ത്രിക്കുന്നു. ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ, മനുഷ്യന്റെ നിയന്ത്രണത്താലാണെന്ന് ചിലർ വിചാരിക്കുന്നുണ്ടാവാം. എന്നാൽ സഹോദരന്മാരേ, ദൈവത്തിന് ഒരു കായ്പരിപാടി ഉണ്ട്, അതനുസരിച്ച്, ലോകഗതിക്കു മാറ്റം വരുന്നു.

സൂര്യനെ അന്തരീക്ഷത്തിൽ നിന്ന് നിർമ്മാജ്ജനം ചെയ്യുന്നതിന് തുല്യമാണ് 'ദൈവം ഇല്ല' എന്നു പറയുന്നതു. അങ്ങനെയാണെങ്കിൽ നാം സ്നേഹിക്കുവാനും, വിശ്വസ്തതയിൽ സ

ഹായിപ്പാനും ഒരു പിതാവില്ലാതെ ഉഴലുന്ന അനാഥപിള്ളാരെപ്പോലെയാണ്. നന്മ ചെയ്യുവക്ക് തക്ക പ്രതിഫലം കൊടുക്കയും, തിന്മചെയ്യുവരെ ശിക്ഷിക്കയും ചെയ്യുന്ന ഒരു ലോകാന്തര ജീവിതം ഇല്ലെങ്കിൽ മനുഷ്യക്ക് ഇഷ്ടംപോലെ നിഷ്ഠയും വസിക്കാമല്ലോ. അന്യായമായി ധനം സമ്പാദിക്കയും, സഹോദരനെ രഹസ്യത്തിൽ ചതിക്കയും, ധൂർത്തടിച്ച് നടക്കയും ചെയ്യാമല്ലോ, ആരു കാണാനാണ്. എന്നാൽ പ്രിയ വായനക്കാരെ, ദൈവം തന്റെ രാജ്യം പൂർണ്ണമായി സ്ഥാപിക്കുന്നതിനുള്ള കാലം എത്രയും അടുത്തു വരുന്നു. അനുതപിക്കയും മാനസ്സാന്തരപ്പെടുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. ഒരു ദൈവവും, തന്നെ സഹായിക്കുന്നതിൽ വ്യാപൃതരായിരിക്കുന്ന ഒരു കൂട്ടവും സഭ്രമത്തിൽ ഉണ്ടെന്ന് വിസ്മരിക്കരുതേ. മനുഷ്യരുടെ സകല പ്രവൃത്തികളും പുസ്തകങ്ങളിൽ കുറിച്ചു വച്ചിട്ടുണ്ട്. "പുസ്തകങ്ങൾ തുറന്നു ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു" എന്നു വെളി. 20. ൽ വായിക്കുന്നു. പ്രിയ നിരീശ്വര സഹോദരങ്ങളോട് ദൈവം പറഞ്ഞതെന്ന് സ്ഥാപിച്ച് തോന്ന്യാസങ്ങളെ എഴുതി കൂട്ടിയിരിക്കുന്ന ഒരു പുസ്തകമല്ല 'ബൈബിൾ' എന്ന് ധരിക്കണമേ.

ഇൻഡ്യാ സിലോൺ വേദപുസ്തകസമൂഹം

(കേരള ഓക്സിലറി—കോട്ടയം.)

1. **പുതിയ നിയമനം.** കാലം ചെയ്ത റൈറ്റ് റവ. ബിഷപ്പ് സി. കെ. ജേക്കബു തിരുമേനിയുടെ സ്ഥാനത്തു ഇൻഡ്യാ, സിലോൺ വേദപുസ്തകസമൂഹത്തിന്റെ കേരള ഓക്സിലറിയുടെ അദ്ധ്യക്ഷനായി മോസ്റ്റ് റവ. യൂഹാനോൻ മാത്തോമ്മ മെത്രാപ്പോലിത്താ തിരുമേനിയെ 9-1-58-ൽ കൂടിയ കമ്മിറ്റിയിൽ വച്ചു തിരഞ്ഞെടുത്തിരിക്കുന്നു.

2. **അനുശോചനപ്രമേയം.** ഇൻഡ്യാ, സിലോൺ വേദപുസ്തകസമൂഹത്തിന്റെയും പ്രത്യേകിച്ചു കേരള ഓക്സിലറിയുടെയും അദ്ധ്യക്ഷനായിരുന്ന റൈറ്റ് റവ. ബിഷപ്പ ജേക്കബു തിരുമേനിയുടെ നിര്യാണത്തിൽ കേരള ഓക്സിലറിക്കുള്ള ആഴമായ ഖേദം രേഖപ്പെടുത്തിക്കൊള്ളുന്നു. ഭാരതത്തിലെ ക്രിസ്തീയ പ്രവർത്തനത്തിന്റെ പുരോഗമനത്തിനായി നാനാപ്രകാരേണ തിരുമേനി ബദ്ധശ്രദ്ധനായിരുന്നതിനോടൊപ്പം വേദപുസ്തകസമൂഹത്തിന്റെ നിലനില്പിനും അഭിവൃദ്ധിക്കും നിസ്സമ്പ്രമസേവനം അനുഷ്ഠിച്ചതും പ്രത്യേകം പ്രസ്താവയോഗ്യമാണ.

കേരള ഓക്സിലറി ഒരു പ്രത്യേക ഏടകമായി ഉടലെടുക്കുവാൻ ഇടയായതു തിരുമേനിയുടെ ഒരു പ്രത്യേക നേട്ടം തന്നെ. ഇതു എന്നും നന്ദിപുരസ്സരം ഞങ്ങൾ സ്മരിക്കുക തന്നെ ചെയ്യും. വിവിധ ക്രിസ്തീയ സഭാവിഭാഗങ്ങളിലെ പ്രതിനിധികൾ സമ്മേളിച്ചിരുന്ന കമ്മിറ്റിയോഗങ്ങൾ എല്ലാ വിധത്തിലും ഐക്യമനോഭാവം ഉളവാക്കുന്നതിനു തിരുമേനി ഉപയോഗപ്പെടുത്തി.

കേരളക്കരയിലെ തിരുവചനപ്രചരണത്തിനായി വന്ദ്യതിരുമേനി അനുഷ്ഠിച്ച മഹൽസേവനങ്ങളെ ഞങ്ങൾ ഈ അവസരത്തിൽ അഭിനന്ദിക്കുകയും സന്താപചിത്തരായ മിസ്സസ്സ് ജേക്കബിനോടും കുടുംബാംഗങ്ങളോടും ഉള്ള അനുശോചനം രേഖപ്പെടുത്തിക്കൊള്ളുകയും ചെയ്യുന്നു.

3. **കേരള ഓക്സിലറി വാർഷികസമ്മേളനം.** ഇൻഡ്യാ, സിലോൺ വേദപുസ്തകസമൂഹത്തിന്റെ കേരള ഓക്സിലറിയുടെ വാർഷികസമ്മേളനം 1958 ഫെബ്രുവരി മാസം 22-നു ശനിയാഴ്ച 4 മണിക്കു കോട്ടയം ബേക്കർ മെമ്മോറിയൽ സ്കൂൾ ഹാളിൽ വച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആ യോഗത്തിലേക്കു ഏവരേയും സാദരം ക്ഷണിച്ചുകൊള്ളുന്നു. അന്നത്തെ യോഗത്തിൽ വച്ചു അടുത്ത വർഷത്തെ കമ്മിറ്റിയെ തിരഞ്ഞെടുക്കുന്നതാണ്. വിശദവിവരങ്ങൾ പിന്നാലെ അറിയിക്കുന്നതായിരിക്കും.

എന്നു

സെക്രട്ടറി, (റവ. തോമസ് ചെറിയാൻ.)

സണ്ടെസ്ക്കൂൾ കത്തു്

സ്നേഹിതരെ,

അടുത്ത മൂന്നു വർഷത്തേക്കുള്ള ബാലജനബോർഡിലെ അംഗങ്ങളെ തെരഞ്ഞെടുത്തതിനുശേഷം ടി ബോർഡിന്റെ ഒന്നാമതു യോഗം 1957 ഡിസംബർ 12നു നടന്നു. ബോർഡു സെക്രട്ടറിയായി സണ്ടെസ്ക്കൂൾ ജനറൽ സെക്രട്ടറിയെ തന്നെ നിയമിച്ചു. ഈ യോഗത്തിനുശേഷം ജനറൽ സെക്രട്ടറി നീലമ്പാറ, കുത്താട്ടുകുളം, നെടുങ്ങാടപ്പള്ളി എന്നീ സ്ഥലങ്ങളിലെ അദ്ധ്യാപകക്കായി പ്രത്യേക യോഗങ്ങൾ നടത്തിയെന്നും, മുട്ടപ്പലം സണ്ടെസ്ക്കൂൾ മിനുട്ടുശ്രദ്ധയിലും ആലപ്പുഴ സണ്ടെസ്ക്കൂൾ കുട്ടികൾക്കായി ബേക്കർ സ്ക്കൂളിൽ വച്ചു നടത്തിയ സമ്മേളനത്തിലും പങ്കെടുത്തു എന്നും റിപ്പോർട്ടു ചെയ്തു. ഓർഗനൈസിംഗ് സെക്രട്ടറി 35 സഭകൾ സന്ദർശിക്കയും കുട്ടികൾക്കു വേണ്ടി 35 യോഗങ്ങളും, മാതാപിതാക്കൾക്കായി 41 യോഗങ്ങളും നടത്തുകയും സന്ദർശിക്കുന്ന സ്ഥലങ്ങളിൽ യുത്തുലീഗു, സ്ത്രീജനസഖ്യം എന്നിവയുടെ യോഗങ്ങളിലും പള്ളിപ്രഭാഷയിലും പ്രസംഗിക്കയും ചെയ്തു. കൊല്ലകടവിൽ 31 ഭവനങ്ങളും സന്ദർശിച്ചു.

ഇതോടു ചേർത്തു ഒരു കാര്യം കൂടെ കൂട്ടിച്ചുകൊള്ളട്ടെ. സണ്ടെസ്ക്കൂൾ ഓർഗനൈസിംഗു വേല ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. സണ്ടെസ്ക്കൂൾ ഇല്ലാത്ത ഇടങ്ങളിൽ ഏറ്റപ്പെടുത്തുന്നതിനും, ഉള്ള സ്ഥലങ്ങളിൽ കൂടുതൽ വിജയകരമായി നടത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും ഈ സന്ദർശനങ്ങൾ പ്രയോജനകരമാണ്. എന്നാൽ നേരത്തെ അയക്കുന്ന പ്രോഗ്രാമിനെപ്പറ്റി അവസാനം വരെ ചിന്തിക്കാതെ സമയമാകുമ്പോൾ ഇപ്പോൾ സൌകര്യമില്ല എന്നു അറിയിക്കുന്നതു ഒരു വലിയ പ്രയാസമാണ്. വേല നമ്മുടേതു് എന്നു കരുതി ലഭിക്കുന്ന അവസരങ്ങൾ സ്വാഗതം ചെയ്തു പ്രയോജനപ്പെടുത്തണമെന്നു വീണ്ടും അഭ്യർത്ഥിക്കുന്നു.

അടുത്ത ആണ്ടത്തേക്കുള്ള പാഠപുസ്തകങ്ങൾ സംബന്ധിച്ചും, നടിക്കുട ചാപ്പൽ ഫണ്ടു് സംബന്ധിച്ചും ചില കാര്യങ്ങൾ പുറകെ അറിയിച്ചുകൊള്ളാം.

എന്നു

പള്ളം,
20-1-'58.

റവ. സി. ററി. മാത്തു,
സ. സ്ക്കൂൾ ജനറൽ സെക്രട്ടറി

സി. എസ്സ്. ഐ. സിനഡിന്റെ ആറാമതു സമ്മേളനം

1958 ജനുവരി 11—14.

സി. എസ്സ്. ഐ. സിനഡിന്റെ ആറാമതു സമ്മേളനം 1958 ജനുവരി 11 മുതൽ 14 വരെയുള്ള തിയ്യതികളിൽ നാഗർകോവിൽ സ്റ്റോട്ട് ക്രിസ്ത്യൻ കോളേജിൽ വച്ചു നടത്തപ്പെട്ടു. മദ്ധ്യതിരുവിതാംകൂർ മഹായിടവകയിലെ പ്രതിനിധികളായി റവ. സി. ഐ. ഏബ്രഹാം, റവ. എം. വി. ജോർജ്ജു, റവ. സി. ഐ. മത്തായി, റവ. എം. എം. ജോൺ, റവ. തോമസ് ചെറിയാൻ, റവ. സി. ററി. ഏബ്രഹാം എന്നീ വൈദികരും, സിസ്റ്റർ റേയിച്ചൽ ജോസഫ്, സിസ്റ്റർ അന്ന ബഞ്ചമിൻ, മെസേഴ്സ് എ. വി. ജോർജ്ജ്, പി. പി. ശമുവേൽ, എം. പി. പൂന്നൻ, വി. ജി. തയ്യൻ, പി. കെ. മത്തായി, ഡോ. വി എച്ച്. ഹൊസക്കിയേൽ എന്നീ അല്മേനികളും, യുവജനീരീക്ഷകരായി ശ്രീ കരുവിള സി. ഏബ്രഹാം, മിസ്സ് എ. സി. മറിയാമ്മ എന്നിവരും യോഗങ്ങളിൽ സംബന്ധിച്ചിരുന്നു.

സമ്മേളനദിവസങ്ങളിൽ തൃശനാപ്പള്ളി ബിഷപ്പു റൈ. റവ. തോർപ്പു തിരുമേനിരാവിലെ 9 മണി മുതൽ 10 മണി വരെ വേദാദ്ധ്യയനം നടത്തുകയുണ്ടായി.

കഴിഞ്ഞ പത്തു വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ മോഡറേറ്റർ റൈ.

റവ. ഹോസ് പറ്റ് സുമിത്രാ തിരുമേനി സഭാ ഐക്യപ്രസ്ഥാനത്തെക്കുറിച്ചും, മദ്രാസ് ബിഷോപ്പ് ചെല്ലപ്പാ തിരുമേനി ദക്ഷിണേന്ത്യാസഭയുടെ ദേശീയ സ്വഭാവത്തെക്കുറിച്ചും, തിരുനൽവേലി ബിഷോപ്പ് റൈ. റവ. ജബരാജ് തിരുമേനി സുവിശേഷോത്സാഹത്തെക്കുറിച്ചും സിനഡിന്റെ ചർച്ചാസമ്മേളനങ്ങളിൽ പ്രസംഗിച്ചു.

അടുത്ത രണ്ടു വർഷത്തേക്കു മോഡറേറ്ററായി റായലസീമാ മഹാഇടവക ബിഷപ്പ് റൈ. റവ. ഹോസ് പറ്റ് സുമിത്രാ തിരുമേനിയേയും, ഡെപ്യൂട്ടി മോഡറേറ്ററായി മധുര, രാമനാട് ബിഷോപ്പ് റൈ. റവ. സൂബിഗിൻ തിരുമേനിയേയും, ഖജാൻജിയായി ശ്രീ ഏ. ഗുണമണിയേയും, സെക്രട്ടറിയായി റവ. കാനൻ സിത്തറിനേയും തിരഞ്ഞെടുത്തു.

സിനഡ് എക്സിക്യൂട്ടീവു കമ്മറിയിലേക്കു എല്ലാ മഹാഇടവക ബിഷപ്പന്മാരും മാരോ മഹാഇടവകയിലേയും വൈദീകരുടെ ഒരു പ്രതിനിധിയും, അല്മേനികളുടെ ഒരു പ്രതിനിധിയും തിരഞ്ഞെടുക്കപ്പെട്ടു. ഇതു കൂടാതെ മോഡറേറ്ററുടെ നിർദ്ദേശാനുസരണം ബിഷോപ്പ് ഹോളീസ് തിരുമേനിയും, മി. ആർ. ഡി. പോളും, സിസ്റ്റർ ബിയാട്രിസ് മാനിയേലും ഈ കമ്മറിയിലേക്കു നിയമിക്കപ്പെടുകയുണ്ടായി. സിനഡ് എക്സിക്യൂട്ടീവു കമ്മറിയിലേക്കു നമ്മുടെ മഹാഇടവകയിലെ പ്രതിനിധികളായി റവ. എം. വി. ജോർജ്ജ്, മി. പി. പി. ശമുവേൽ എന്നിവരെയാണ് തിരഞ്ഞെടുത്തിരിക്കുന്നതു.

സിനഡ് സമ്മേളനത്തിൽ കാലം ചെയ്ത ബിഷോപ്പ് ജയിക്കബ് തിരുമേനിയുടെ സ്തുത്യർഹമായ സേവനങ്ങളെയും ഗുണഗണങ്ങളെയും കുറിച്ചു ഹൃദയസ്പർശകമായി പരാമർശിക്കപ്പെട്ട എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

ജനസംഖ്യയുടെ ബാഹുല്യവും, സംസ്ഥാനപുനഃസംഘടന നിമിത്തം സംജാതമായിരിക്കുന്ന സാഹചര്യങ്ങളും, ഭാഷാപരമായ വ്യത്യാസങ്ങളും പരിഗണിച്ചു ദക്ഷിണതിരുവിതാംകൂർ മഹാഇടവക കന്യാകുമാരിയും, തിരുവനന്തപുരവും കേന്ദ്രങ്ങളാക്കി രണ്ടു മഹാഇടവകകളായി വിഭജിക്കുന്നതിനു ഈ സമ്മേളനത്തിൽ തീരുമാനിക്കുകയും, അതിലേക്കു ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനു അനുവാദം നല്കുകയും ചെയ്തു എന്നുള്ളതു അതിപ്രധാനമായ ഒരു വസ്തുതയാണ്.

മുമ്പു സി. എസ്സ്. ഐ. വിദേശമിഷ്യൻ വയലായിരുന്ന പാപ്പുവായിലെ പ്രവർത്തനം നിറുത്തിവെച്ചിരിക്കുന്നതിനാലും തായ്ലണ്ടിൽ വേല ആരംഭിക്കുവാൻ തിരുമാനിച്ചിരിക്കുന്നതിനാലും അവിടെ മിഷ്യനറിമാരായി പോകുന്നതിനു തയ്യാറായിരിക്കുന്ന റവ. ജെ. ററി. പോൾ മാണിക്യം, മിസ്സസ്സ് പോൾ മാണിക്യം എന്നിവർക്കുവേണ്ടിയുള്ള നിയോഗശുശ്രൂഷ നടത്തപ്പെട്ട എന്നുള്ളതു ഈ സമ്മേളനത്തിലെ മറെറാരു പ്രത്യേക സംഭവമായിരുന്നു.

1947-ൽ ദക്ഷിണേന്ത്യാ സഭ രൂപീകൃതമായപ്പോൾ ഐക്യപദ്ധതിയിൽ ചേരാതെ നിന്ന ബോംബെ—കർണ്ണാടകപ്രദേശത്തുള്ള ലൂഥറൻ ജനവിഭാഗം സി. എസ്സ്. ഐ-ൽ ചേരുന്നതിനു തീരുമാനിച്ചതിനെ സിനഡ് അംഗീകരിച്ചു എന്നുള്ളതു സന്തോഷകരമായ ഒരു സംഗതിയാണ്. അഡോണി പ്രദേശത്തുള്ള ഡച്ചു റിഫോംഡ് (Dutch Reformed) സഭയുടെ പ്രവർത്തനം ദക്ഷിണേന്ത്യാസഭ ഏറെറടുക്കുകയും ആ വേലയെ മൈസൂർ മഹാഇടവകയോടു ചേർക്കുന്നതിനു തീരുമാനിക്കുകയും ചെയ്തു.

സഭാംഗങ്ങൾക്കു സാങ്കേതികപരിശീലനം നല്കുന്നതിനു പര്യാപ്തമായ ഒരു പോളീടെക്നിക് വിദ്യാലയം സ്ഥാപിക്കണമെന്നും, ഈ സമ്മേളനത്തിൽ തീരുമാനിച്ചതു ശ്രദ്ധേയമായ ഒരു സംഗതിയാണ്.

സിനഡ് സമ്മേളനത്തോടു അനുബന്ധിച്ചു നടത്തപ്പെട്ട എക്സിക്യൂട്ടീവു കമ്മറിമദ്ധ്യതിരുവിതാംകൂർ മഹാഇടവകയിൽ ഒഴിവു വന്നിരിക്കുന്ന ബിഷോപ്പ് സ്ഥാനത്തേക്കു ഒരാളെ തിരഞ്ഞെടുക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുവാൻ മോഡറേറ്റർ തിരുമേനിയെ അധികാരപ്പെടുത്തിയിരിക്കുന്നുവെന്നും ചില വ്യവസ്ഥകൾ അനുസരിച്ചു അതിലേക്കു പേരുകൾ നല്കുന്നതിനു ഡയോസിസൻ കൌൺസിലിനോടു ആവശ്യപ്പെടുന്നതിനു തീരുമാനിച്ചു എന്നും അറിയുന്നു.

വാർത്തകളും കുറിപ്പുകളും

സെറാംപൂർ കോളജ് ഓണറേറി ഡി. സി. ബിരുദദാനം. 1958 ജനുവരി 25-ാംന- നടത്തപ്പെട്ട സെറാമ്പൂർ കോളജ് ബിരുദദാന സമ്മേളനാവസരത്തിൽ കോളജ് കൌൺസിലിന്റെ തീരുമാനമനുസരിച്ചു പ്രമുഖ ക്രൈസ്തവ നേതാക്കന്മാരായ റവ. എസ്സ്. കെ. ചാറർജി എം. എ. (വടക്കേഇൻഡ്യാ, ഐക്യസഭാ മോഡറേറർ), റവ. എം. എച്ച്. ഹാരിസൺ, പി. എച്ച്. ഡി (ബംഗാളൂർ ഐക്യവൈദിക കോളജ് പ്രഫിഷിയേററിംഗ് പ്രിൻസിപ്പാൾ) എന്നിവരുടെ ബഹുമാനാർത്ഥം ഓണറേറി ഡി. ഡി. ബിരുദം നൽകിയിരിക്കുന്നു. ബിഷോപ്പ് ജേക്കബ് തിരുമേനിക്കും ഈ ബിരുദം നൽകുവാൻ തീരുമാനിച്ചിട്ടുള്ളതാണ് എന്നുള്ള വിവരം പ്രസ്താവിച്ചുകൊള്ളുന്നു.

മിസ്സസ്സ് സി. കെ. ജേക്കബ്. ഭിവംഗതനായ ബിഷോപ്പ് സി. കെ. ജേക്കബ് തിരുമേനിയുടെ സഹധർമ്മിണി മിസ്സസ്സ് സി. കെ. ജേക്കബ് വിശ്രമാർത്ഥം സ്വപുത്രൻ മി. സി. ജെ. കോരുതയോടുകൂടെ മദ്രാസിൽ താമസിച്ചുവരുന്നു. മിസ്സസ്സ് ജേക്കബിനേയും കുടുംബാംഗങ്ങളെ എല്ലാവരെയും പ്രാർത്ഥനയിൽ ഓർക്കണമെന്നു അഭ്യർത്ഥിക്കുന്നു.

സ്മാരകശുശ്രൂഷകൾ. കമ്മിസ്സറി അവർകളുടെ സർക്കുലർ അനുസരിച്ചു കാലം ചെയ്ത ബിഷോപ്പു തിരുമേനിയുടെ ബഹുമാനാർത്ഥം മഹായിടവകയിലുള്ള പള്ളികളിൽ 1957 ഡിസംബർ 22, 29 എന്നീ ഞായറാഴ്ചകളിൽ സ്മാരകശുശ്രൂഷകൾ നടത്തപ്പെട്ടു.

ആശുപത്രിഞായറാഴ്ച (Hospital Sunday). 1958 ഫെബ്രുവരി 9-ാം തീയതി ആശുപത്രി ഞായറാഴ്ചയായി ആചരിക്കപ്പെടുന്നതാണെന്നു നാഷനൽ ക്രിസ്ത്യൻ കൌൺസിൽ വിജ്ഞാപനം ചെയ്തിരിക്കുന്നു. അന്നേ ദിവസം എല്ലാ സഭകളിലും വൈദ്യസഹായ പ്രവൃത്തനങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കയും അന്നത്തെ പള്ളിപ്പിരിവ് ഈ വേലയുടെ സന്ധിപ്പിനായി കൊടുക്കയും ചെയ്യേണ്ടതാണ്.

റവ. എം. സി. ചാക്കോ. ചികിത്സാർത്ഥം വെല്ലൂർ ആശുപത്രിയിലായിരുന്ന തിരുവല്ലാ ഇടവകപ്പട്ടക്കാരൻ റവ. എം. സി. ചാക്കോ വിജയകരമായ ശസ്ത്രക്രിയാനന്തരം സുഖം പ്രാപിച്ചു ഡിസംബർ അവസാനത്തിൽ മടങ്ങിയെത്തിയിരിക്കുന്നു. ഈ മാസത്തിൽ അദ്ദേഹം ഇടവകവേലയിൽ പ്രവേശിക്കുന്നതാണെന്നും അറിയുന്നു.

മദ്രാസിലെ പ്രഥമ വനിതാമേയർ. മദ്രാസ് സ്റ്റേററ് ലെജിസ്ലേറീവ് കൌൺസിൽ പ്രസിഡൻറും മുൻമേയറും മദ്രാസ് സി. എസ്സ്. ഐ. മലയാളിയിടവക വൈസ് പ്രെസിഡൻറുമായ ഡോക്ടർ പി. വി. ചെറിയാന്റെ സഹധർമ്മിണി മിസ്സസ്സ് താരാ ചെറിയാനെ മദ്രാസിലെ ഒന്നാമത്തെ വനിതാ മേയറായി തിരഞ്ഞെടുത്തിരിക്കുന്നു. ഈ ഉന്നത സ്ഥാനലബ്ധിയിൽ ഞങ്ങൾക്കുള്ള അനുമോദനം രേഖപ്പെടുത്തുന്നു.

പെരുന്തുരുത്തി പള്ളിയിൽ ആരാധനയ്ക്കായുള്ള പ്രവേശനം. ഏതാനും വർഷങ്ങളായി ജീർണ്ണോദ്ധാരണ വേലകൾ നടന്നുകൊണ്ടിരുന്ന പെരുന്തുരുത്തി പള്ളിയുടെ അകമെയുള്ള പണികൾ പൂർത്തിയായതിനാൽ 1957 ഡിസംബർ 29-ാംന- ഞായറാഴ്ച അവിടെ വീണ്ടും ആരാധന തുടരുന്നതിനുള്ള പ്രവേശനശുശ്രൂഷ നടത്തപ്പെട്ടു. ഇടവകപ്പട്ടക്കാരൻ റവ. എം. സി. ശമുവേലിനെ കൂടാതെ റവ. തോമസ് ചെറിയാൻ റവ. ജോസഫ് മാത്യു, റവ. എ. ജെ. കുഞ്ഞൻ എന്നീ പട്ടക്കാരും ആശുശ്രൂഷയിൽ പങ്കുകൊണ്ടു. ഇടവകയിലെ വിവിധ സഭകളിൽനിന്നു വന്നു ചേർന്നിരുന്ന ജനങ്ങളെക്കൊണ്ടു പള്ളി നിറഞ്ഞിരുന്നു.

കുട്ടിക്കൽ സി. എസ്. ഐ. യൂത്തു ലീഗ്. ക്രിസ്തുമസ്സ് പ്രമാണിച്ച് കുട്ടിക്കൽ സി. എസ്. ഐ. യൂത്തു ലീഗിന്റെ ആഭിമുഖ്യത്തിൽ "മാതൃകാ പുരോഹിതൻ" എന്ന ഒരു പ്രഹസനവും പള്ളിപ്പെരുനാൾ പ്രമാണിച്ചു യൂത്തുലീഗിന്റെ ഫണ്ടിലേക്കായി ഒരു ലക്കിഡിപ്പും നടത്തപ്പെട്ടു. മൻകൊല്ലങ്ങളെ അപേക്ഷിച്ച് യൂത്തു ലീഗിന്റെ പ്രവർത്തനം ഭംഗിയായി നടന്നുവരുന്നു.

അനുശോചന യോഗങ്ങൾ. ബിഷോപ്പ് ജയിക്കബ് തിരുമേനിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനായി മുണ്ടക്കയം പബ്ലിക്കിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പള്ളി തഹസീൽദാർ ശ്രീ. വി. ഡി. ചാക്കോ ബി. എ.യുടെ അദ്ധ്യക്ഷതയിൽ 1957 ഡിസംബർ 29-ാം തീയതിയിലും തിരുവല്ലാ ഇടവകയുടെ അഭിമുഖ്യത്തിൽ ശ്രീ. കെ. കെ. കുരുവിള എം. എ., ബി. ഡി. യുടെ അദ്ധ്യക്ഷതയിൽ ഡിസംബർ 31-ാം തീയതിയും യോഗങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ട ലഭിച്ചിരിക്കുന്നു. സ്ഥലചുരുക്കത്താൽ വിശദ വിവരങ്ങൾ ചേർക്കുവാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു.

മാസിക ബന്ധുക്കളുടെ പ്രത്യേക ശ്രദ്ധയ്ക്ക്. തുടച്ചയായി നടത്തിയ അഭ്യർത്ഥനയുടെ ഫലമായി വരിസംഖ്യ അയച്ചുതന്ന സഹായിച്ച മാന്യ മിത്രങ്ങളോടുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. 1955-ലെ വരിസംഖ്യ അടയ്ക്കാതിരുന്ന ഒട്ടുവളരെ പേരുടെ മാസിക 1958 ജനുവരി മുതൽ നിറുത്തുവാൻ ഞങ്ങൾ നിർബന്ധിതരായി. 1956-ലെയും '57-ലെയും വരിസംഖ്യ കൊടുപ്പാനുള്ളവർ 1958 ജൂൺ 30-ാം തീയതിക്കകമായി കൊടുക്കണമെന്നെ അഭ്യർത്ഥിക്കുന്നു. ഈ ആണ്ടു ജൂൺ 30-ാം തീയതിക്കു ശേഷം 1956-ലെ വരിസംഖ്യ കുടിശ്ശികക്കാർക്കു മാസിക തുടർന്നു അയയ്ക്കുന്നതല്ല.

പ്രതിദിന വേദവായനക്കുറിപ്പുൾ—ഫെബ്രുവരി—1958

൨൩. (വെ.) യോഹ. ൧. ൧൪—൨൬. യോഹന്നാന്റെ സാക്ഷ്യം—യേശുവിനെക്കുറിച്ചു. (1) എനിക്കു മുമ്പൻ (2) അവന്റെ നിറവിൽനിന്നു കൃപമേൽ കൃപലഭിച്ചിരിക്കുന്നു. (3) ദൈവത്തെ അവൻ വെളിപ്പെടുത്തിയിരിക്കുന്നു. യോഹന്നാനെക്കുറിച്ചു—ക്രിസ്തു അല്ല, ഏലിയാവല്ല, ആ പ്രവാചകനുമല്ല. മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം. എന്റെ പിന്നാലെ വരുന്നവന്റെ ചെരിപ്പിന്റെ വാറു അഴിപ്പാൻ ഞാൻ യോഗ്യനല്ല. യോഹന്നാൻ സ്വയം താഴ്ത്തി ക്രിസ്തുവിനെ ഉയർത്തി കാണിക്കുന്നു. നമ്മുടെ സംസാരത്തിലും, ഭാവത്തിലും പ്രവർത്തനത്തിലും ക്രിസ്തുവിനെ ഉയർത്തിക്കാണിക്കുന്നുണ്ടോ? പൌലൊസ് യേശുക്രിസ്തുവിനെ അല്ലാതെ മറെറാന്നും അറിയാത്തവനായി ഇരിക്കേണം എന്നു നിശ്ചയിച്ചു. ൧ കൊരി. ൨. ൨.

൨൪. (ശ.) യോഹ. ൧൯—൨൨. യേശു ആര്? (1) ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (൧൯ വാ). 'ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ഈ ലോകത്തിൽവന്നു' (൧തിമൊ. ൧. ൧൫). 'അതിനാൽ നമുക്കു ദൈവത്തോടു സമാധാനമുണ്ടു' (റോമ. ൫. ൧). (2) ആത്മാവിനാൽ സ്നാനപ്പെടുത്തുന്നവൻ (൩൩ വാ). 'ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവനുള്ളോളം പൊങ്ങിവരുന്ന നീരുറവായിത്തീരും' (യോഹ. ൪. ൧൪). (3) ദൈവപുത്രൻ (൩൪ വാ). ഇതു നമ്മുടെ അനുഭവത്തിൽനിന്നും സാക്ഷിക്കാമോ?

൨൫. (ഞാ.) യോഹ. ൧. ൪൩—൫൧. (1) ഫിലിപ്പൊസിന്റെ സാക്ഷ്യം. 'ന്യായപ്രമാണത്തിൽ മോശയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവൻ' (൪൫ വാ). ദൈവവചനം നമ്മെ യേശുവിനെ മുട്ടിക്കാണിക്കുന്നു. (2) നഥനയേലിന്റെ സംശയം (൪൬ വാ). (3) അവൻ യേശുവിനെ കണ്ടപ്പോൾ അവന്റെ സാക്ഷ്യം. 'നീ ദൈവപുത്രൻ, നീ യി

സ്രായേലിന്റെ രാജാവു' (൨൩ വാ). കർത്താവിനോടുള്ള ആഭിമുഖ്യമായ കൂടിക്കാഴ്ച സകല സംശയങ്ങളെയും പരിഹരിക്കും.

൧൩൯. (തി.) യോഹ. ൫. ൧—൧൨. അനുഗ്രഹത്തിനു അടിസ്ഥാനമായ ചില കാര്യങ്ങൾ ഇവിടെ കാണുന്നു. (1) ആവശ്യം അറിയിക്കണം (൩ വാ). (2) കല്പിക്കുന്നതു ചെയ്യാനുള്ള സന്നദ്ധത (൨, ൫ വാ). സന്തോഷത്തിലും ദുഃഖത്തിലും നമ്മുടെ ആവശ്യങ്ങളെ കർത്താവിനോടു അറിയിക്കുകയും ഇപ്രകാരം ഇപ്രസമയത്തു എന്നുള്ളതു അവനു വിട്ടുകൊടുക്കയും ചെയ്യുന്ന ശീലം നമുക്കുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

൧൪൦. (ചൊ.) യോഹ. ൫. ൧൩—൨൫. ദൈവവചനത്തെക്കുറിച്ചു എരിവോടുകൂടി നിർഭയനായ ഒരു സാക്ഷീകരണം കർത്താവായി യേശുവിനെ കാണുന്നു (മലാ. ൩. ൬; സെഖ. ൧൪. ൫.) ദിവ്യാരാധനയിലെ ശ്രേഷ്ഠതകളെ നീക്കുന്നു (൧൫, ൧൭ വാ). നമ്മുടെ സഭകളിലേക്കു കർത്താവു വരുന്നപക്ഷം എന്തെല്ലാം അനീതികൾ കാണും? നാം ജീവനുള്ള ദൈവത്തിന്റെ ആലയങ്ങളാണ്. (൨ കൊരി. ൬. ൧൬, ൧ കൊരി. ൩. ൧൭). നമ്മുടെ ഹൃദയങ്ങളിലും ജീവിതത്തിലും അവൻ വന്നു അതിനെ ശുദ്ധീകരിക്കുന്നതിനും അവൻ വസിക്കുന്നതിനും നാം അവനെ അനുവദിക്കുന്നുണ്ടോ?

൧൪൧. (ബു). യോഹ. ൩. ൧—൧൩. പുതുജനനം കൂടാതെ ആർക്കും ദൈവരാജ്യം കാണ്മാൻ കഴികയില്ല (൩ വാ). ക്രിസ്തീയ പരിശീലനങ്ങളും കർമ്മങ്ങളും നമ്മെ പുതുജനനാനുഭവത്തിലേക്കു വഴി നടത്തേണ്ടതത്രേ. എന്നാൽ കർമ്മാനുഷ്ഠാനങ്ങളിൽ മാത്രം ആശ്രയിച്ചു ജീവിക്കുന്നതുകൊണ്ടു പ്രയോജനമില്ല. 'പരിഷ്കരണമല്ല, അഗ്രചർമ്മവുമല്ല പുതിയ സൃഷ്ടിയത്രേ കാര്യം' (ഗലാ. ൬. ൧൫). പുതുജനനം പ്രാപിച്ചവനു മാത്രമേ സ്വർഗ്ഗീയ കാര്യങ്ങൾ ഗ്രഹിപ്പാനും അനുസരിപ്പാനും കഴികയുള്ളൂ (൩ വാ).

൧൪൨. (വ്യാ.) യോഹ. ൩. ൧൪—൧൮. യേശുക്രിസ്തു മിത്യരക്ഷകനാണെന്നു കാണിക്കുന്നു. ദൈവപുത്രൻ മനുഷ്യനായിത്തീർന്നതിന്റെ ഉദ്ദേശവും ഫലവും (൧൬ വാ). (1) വിശ്വസിക്കുന്ന ഏവനും നിത്യജീവൻ. (2) വിശ്വസിക്കുന്നവനു ന്യായവിധിയില്ല (൧൮ വാ). ദൈവസ്നേഹത്തിന്റെ പരിധി എത്ര വലുതായിരിക്കുന്നു. ഇതിൽനിന്നും ആരെയും ഒഴിവാക്കീട്ടില്ല. വിശ്വസിക്കുന്ന ഏവനും നിത്യജീവനുണ്ട്.

൧൪൩. (വെ.) യോഹ. ൩. ൨൭—൩൬. യോഹന്നാൻ സ്നാപകന്റെ രണ്ടാം സാക്ഷ്യം. (1) സ്വർഗ്ഗത്തിൽനിന്നു കൊടുത്തിട്ടല്ലാതെ മനുഷ്യനു ഒന്നും ലഭിപ്പാൻ കഴിവില്ല (൨൭ വാ). (2) ഞാൻ ക്രിസ്തു അല്ല, അവനു മുമ്പായി അയക്കപ്പെട്ടവനത്രേ (൨൮ വാ). (3) അവൻ വളരേണം, ഞാനോ കുറയേണം (൩൦ വാ). രണ്ടാമത്തെ സ്ഥാനം കൈക്കൊളുന്നതിനു നാം തൃപ്തിയുള്ളവരാണോ? മറ്റൊരാളുടെ വിജയത്തിൽ നമുക്കു പൂർണ്ണമായ സന്തോഷം ഉണ്ടാകുന്നുണ്ടോ?

൧൪൪. (ശ.) യോഹ. ൪. ൧—൧൫. ആത്മാക്കളെ ആകർഷിപ്പെടുത്തുന്നതിനു കർത്താവു കാണിച്ച ഒരു നല്ല മാതൃക. (1) ക്ഷണിച്ചവനെങ്കിലും ഒരാത്മാവിനെ ദൈവത്തിങ്കലേക്കു നടത്തുന്നതിനു ലഭിച്ച അവസരം ഉപയോഗപ്പെടുത്തി. (2) തടസ്സങ്ങളെ നീക്കിക്കൊണ്ടാണു വേലയിൽ പ്രവേശിച്ചതു. (a) യെഹൂദന്മാരും ശമര്യരും തമ്മിലുള്ള അകൽച്ച (൨ രാജാ. ൧൭. ൨൪; എസ്രാ. ൪; നെഹ. ൪). (b) സ്ത്രീയോടു സംസാരിക്കുന്നതു (൨൭ വാ). (3) കിണറിലെ വെള്ളം കോരുവാൻ വന്നവൾക്കു ജീവവെള്ളം വാഗ്ദാനം ചെയ്യുന്നു (൧൪ വാ). യാചിപ്പിൻ, തരപ്പെടും.

൧൪൫. (ഞാ.) യോഹ. ൪. ൧൫—൩൦. തുടർച്ച—(4) ആത്മീയ ആശയുപദേശിക്കുന്നു (൧൫ വാ). (5) പാപബോധം വരുത്തുന്നു (൧൭—൧൮ വാ). (6) സത്യാരാധന എന്താണെന്നു പറയുന്നു (൨൪ വാ). അന്ധവിശ്വാസവും ആചാരാനുഷ്ഠാനങ്ങളുമല്ല ആത്മികമാണു പ്രധാനം. (7) അവളുടെ സകല പ്രശ്നങ്ങൾക്കും പരിഹാരമായി ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്നു (൨൯ വാ). നാം ആരോടെല്ലാം ഇടപെടുന്നുവോ അവരുടെ ആത്മിക രക്ഷയ്ക്കായി ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്നുണ്ടോ?

ക്വന്ദ. (തി.) യോഹ. ര. നമ—രവ. സാക്ഷ്യത്തിന്റെ ഫലങ്ങൾ. (1) യേശു വിനു—ക്ഷീണവും ഭക്ഷണവും മറക്കുന്ന സന്തോഷം (നമ വാ). (2) സ്ത്രീയുടെ സാക്ഷ്യം നിമിത്തം പട്ടണത്തിലെ അനുഭവം. (a) ജനങ്ങൾ യേശുവിന്റെ അടുക്കൽ വന്നു (നം വാ). (b) തങ്ങളോടുകൂടെ പാർക്കണമെന്നു അപേക്ഷിച്ചു (രം വാ). (c) വചനം കേട്ടു വിശ്വസിച്ചു (രഫ വാ). (d) യേശു ലോകരക്ഷിതാവെന്നു അറിഞ്ഞു (രവ വാ). നമ്മുടെ സാക്ഷ്യം നിമിത്തം അനേകർ രക്ഷകനെ അറിയുന്നുണ്ടോ?

ക്വന്ദ. (ചൊ). യോഹ. 4. രനമ—൪൭. വിശ്വാസത്തിന്റെ പാഠങ്ങൾ. (1) കാണാതെ വിശ്വസിക്കണം (രവ്വ വാ). (2) അസാദ്ധ്യമെന്നു തോന്നുന്ന കാര്യങ്ങൾ വിശ്വസിക്കണം (൪൦ വാ). പ്രാർത്ഥനയിലും കർത്താവിന്റെ ശക്തിയിലും നാം വിശ്വസിച്ചുകൊണ്ടു ചെയ്യുന്ന ഏതു കാര്യവും സാധിതപ്രായമായിത്തീരും. സംശയിക്കേണ്ട.

ക്വൻന്ദ. (ബു) യോഹ. ൪. ക—ക്വവ. 38 വർഷങ്ങളായി രോഗബാധിതനായി നിരാശ പൂണ്ടു കിടന്ന ബലഹീന മനുഷ്യനോടു 'നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ?' (൯ വാ.) എന്നു ചോദിക്കുന്നു. ഇന്നും ബലഹീനരും പാപികളും അനേകർ ഉണ്ട്. അവർക്കു മനസ്സുണ്ടെങ്കിൽ ക്രിസ്തുവിൽനിന്നും രോഗശാന്തിയും പാപമോചനവും പ്രാപിക്കാവുന്നതാണ്. നമ്മുടെ ഭാരങ്ങളെ ചുമന്നു നീക്കുന്നവനായി നാം കർത്താവിനെ അറിയുന്നുണ്ടോ? സങ്കീ. ൬൮. ൨൦.

ക്വന്ദ. (ന്യാ.) യോഹ. ൪. ക്വൻ—ക്വൻ. കർത്താവിന്റെ രണ്ടു അധികാരങ്ങൾ. (1) നിത്യജീവൻ നൽകുക (ക്വഫ വാ). (2) ന്യായം വിധിക്കുക (ക്വ൭ വാ). എന്നാൽ വിശ്വസിക്കുന്നവർ ന്യായവിധിയിൽ പ്രവേശിക്കുന്നില്ല (ക്വര വാ). ന്യായവിധിയുടെ ഫലം ശിക്ഷാവിധി (റോമ. വ. ൧). പാപമരണത്തിലിരിക്കുന്നവരുടെ ഹൃദയങ്ങളിലേയ്ക്കു കർത്താവിന്റെ ശബ്ദം ചെന്നെത്തുമ്പോൾ അവർ ജീവിക്കും (ക്വ൪ വാ).

ക്വന്ദ. (വെ.) യോഹ. ൪. നം—൭൭. കർത്താവിന്റെ പുത്രത്വത്തെ സംബന്ധിച്ചു ൪൫ സാക്ഷികൾ. (1) യോഹന്നാൻ സ്നാപകൻ (നമ വാ). (2) കർത്താവിന്റെ പ്രവൃത്തികൾ (നന്ന വാ). (3) പിതാവു (നമ൭ വാ). (4) തിരുവെഴുത്തുകൾ (നൽ വാ). ഇനിയും അവനു സാക്ഷ്യം വഹിക്കേണ്ടതു നമ്മുടെ ചുമതലയാണ് അപ്പൊ. പ്ര. ൧. വ; ൧ തിമൊ. ൬. ൧൪.

ക്വനന്ദ. (ശ.) യോഹ. ന. ക—ക്വര. ഫിലിപ്പൊസ് കണക്കു കൂട്ടുന്നു (൭ വാ). അന്ത്രയോസ് 'അതു എന്തുമാത്രം' എന്നു സംശയിക്കുന്നു (൯ വാ.) ഗുരു, വെള്ളം വീഞ്ഞാക്കുന്നതിനോ, കല്ലു അപ്പമാക്കുന്നതിനോ പ്രാപ്തനാണെന്നു ആവർ മറന്നുപോയി. അല്പം കൊണ്ടു വലിയ കാര്യങ്ങൾ ചെയ്യുന്നതിനു യേശുവിനു കഴിയും (ക്വഫ വാ). നമ്മിൽക്കൂടി വൻകാര്യങ്ങളെ ചെയ്വാൻ യേശുവിനു സാധിക്കും. നമ്മെ അവന്റെ കൈകളിൽ ഏല്പിച്ചുകൊടുത്താൽ മാത്രംമതി.

ക്വനന്ദ. (ഞാ.) യോഹ. ന. ൧൭—ക്വ൭. (1) യേശു തന്റെ പരസ്യ ശുശ്രൂഷയിലെ പ്രധാന സംഭവങ്ങൾക്കു മുമ്പും പിമ്പും പ്രാർത്ഥിച്ചു. നാം വേണ്ടുപോലെ പ്രാർത്ഥിക്കുന്നുണ്ടോ? (2) കർത്താവു തന്റെ ശിഷ്യന്മാക്കു ശാന്തപരമായ ഒരു യാത്ര വാഗ്ദത്തം ചെയ്തിട്ടില്ല. കൊടുങ്കാറ്റുകൾ അടിക്കും. എങ്കിലും അവന്റെ സാന്നിദ്ധ്യം അവരോടുകൂടെയിരുന്നു ക്ഷേമത്തോടെ അക്കരെ എത്തിക്കുകയും ചെയ്യും. (3) യേശു അവരെ സമീപിക്കുന്നതു കണ്ടു ശിഷ്യന്മാർ പേടിച്ചു. നാം പലപ്പോഴും അവനെ വേണ്ടുപോലെ മനസ്സിലാക്കുന്നില്ല. (4) പുരുഷാരം അവന്റെ അടുക്കൽ വന്നതു ഉദരപൂരണത്തിനായിരുന്നുവെന്നു കർത്താവു പറയുന്നു (൨൬ വാ). നമ്മുടെ ശുശ്രൂഷയും ദൈവഭക്തിയും ഉദരപൂരണത്തിനുവേണ്ടി മാത്രമോ?

ക്വനന്ദ. (തി) യോഹ. ന. ക്വ—ര൦. ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ വിശ്വസിക്കുന്നതത്രേ (൨൯ വാ). ജീവന്റെ അപ്പമായ മശിഹായെ കർത്താവിന്റെ അത്താഴമായ വിശുദ്ധ സക്രമെന്തിൽ നാം വിശ്വാസത്താൽ അനുഭവിച്ചു തന്നെക്കൊണ്ടു ഉപജീവിക്കുന്നു. ക്രിസ്തു ജീവന്റെ അപ്പവും ജീവന്റെ വെള്ളവും ആകുന്നു, നമുക്കു അവനാൽ ജീവിക്കാം.

൬൫൯. (ചൊ) യോഹ. ൩. ൫൬—൩൯. 'എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന്'—(1) നിത്യജീവനുണ്ട് (൫൪ വാ). (2) അവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. (3) എൻമൂലം ജീവിക്കും. വിശുദ്ധ സംസ്ഥാപനകയുടെ പ്രാധാന്യം നാം മനസ്സിലാക്കി, അതിൽ നിന്നും അത്മികമായി ലഭിക്കുന്ന ഫലം അനുഭവമാക്കുന്നുണ്ടോ ?

൬൫൯. (ബൂ.) യോഹ. ൬. ൬൭—൭൦. 'ഇതു കഠിനവാക്കു, ഇതു ആര് കേൾപ്പാൻ കഴിയും ?' (൬൭ വാ). കർത്താവു നമ്മോടു സംസാരിക്കുമ്പോൾ ഇപ്രകാരം നമുക്കു തോന്നിയിട്ടുണ്ടോ ? 'പലരും പിൻവാങ്ങിപ്പോയി, പിന്നെ അവനോടുകൂടെ സഞ്ചരിച്ചില്ല' (൬൬ വാ). 'കർത്താവേ ഞങ്ങൾ ആരുടെ അടുക്കൽ പോകും' (൬൮ വാ). കർത്താവിന്റെ വചനം കേട്ട ശേഷം പിൻവാങ്ങിപ്പോകുന്ന അനുഭവമാണോ അതോ പറഞ്ഞിട്ടുള്ളതുപോലെ അതുകൂടെ ചേർന്നു പോകുന്ന അനുഭവമാണോ നമുക്കുള്ളത് ? 'നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്. നീ ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു' (൬൮, ൬൯ വാ). എന്നു പത്രോസിനെപ്പോലെ പറയാൻ കഴിയുമോ ?

൬൭൯. (വ്യാ.) യോഹ. ൭. ൫—൧൩. 'യഹൂദന്മാർ അവനെ കൊല്ലുവാൻ അന്വേഷിച്ചു' ൧ വാ. 'അവന്റെ സഹോദരന്മാരും അവനിൽ വിശ്വസിച്ചില്ല' ൫ വാ. 'അവൻ സ്വന്തത്തിലേയ്ക്കു വന്നു. സ്വന്തമായവരോ, അവനെ കൈക്കൊണ്ടില്ല' (൧. ൧൧ വാ). 'അവൻ നല്ലവൻ എന്നു ചിലരും, അല്ല അവൻ പുരുഷാരത്തെ വഞ്ചിക്കുന്നു എന്നു മറുചിലരും പറഞ്ഞു' (൧൨ വാ). 'എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെയ്ക്കും, അവസാനത്തോളം സഹിച്ചു നില്ക്കുന്നവനോ രക്ഷിക്കപ്പെടും'. മത്താ. ൧൦. ൨൨.

൬൭൯. (വെ.) യോഹ. ൭. ൧൪—൨൪. (൧) ഉപദേശത്തെ പരിശോധിക്ക (൧൭ വാ). (൨) ഉപദേഷ്ടാവിനെ പരിശോധിക്ക (൧൮ വാ). (൩) നിങ്ങളെത്തന്നെ പരിശോധിക്ക. (൨൪—൦൨ വാ) ഇക്കാലത്തു അനേകം ഉപദേശങ്ങൾ നമ്മുടെയിടയിൽ കടന്നവന്നപോൽ തെസ്സലോനിക്യ സഭയോടുപ്പോലെ (അ. പ്ര. ൧൭. ൧൧). അവയെ പരിശോധിച്ചു വിവേചിച്ചാണോ സ്വീകരിക്കുന്നത് ?

൬൭൯. (ശ.) യോഹ. ൭. ൩൫—൪൩. ചിലരുടെ സംശയം. (൧) അവൻ 'ധൈര്യത്തോടെ സംസാരിക്കുന്നു'. (൨൬ വാ.) ഈ ദൈവത്തിൽനിന്നുള്ളതാണെന്ന് നിശ്ചയമുള്ള വേലക്കാർ എക്കാലത്തും ധൈര്യത്തോടെ സംസാരിക്കണം. (൨) ഇവൻ ക്രിസ്തു ആകുന്നു എന്നു പ്രമാണികൾ യഥാർത്ഥമായി ഗ്രഹിച്ചുവോ' (൨. ൨൬ വാ). ആക്ഷേപ പ്രതിവാദത്തിനു കാരണമില്ലാതെവണ്ണം തന്നെത്തന്നെ വെളിപ്പെടുത്തികൊടുക്കുന്നു. നീ ക്രിസ്തുവിൽ യഥാർത്ഥമായി വിശ്വസിക്കുന്നുവോ ?

൬൭൯. (ഞാ.) യോഹ. ൭. ൩൭—൪൩. 'പുരുഷാരത്തിൽ അവനെ ചൊല്ലി ഭിന്നത ഉണ്ടായി' (൪൩ വാ). യേശുക്രിസ്തുവിന്റെ സംഭാഷണം കൂടുതലേക്കു പ്രകാശത്തെയും ജീവനേയും നല്കി; എന്നാൽ വേറെ ചിലരിൽ അതു വെറുപ്പുണ്ടാക്കിത്തീർത്തു. യേശു ആരെന്നുള്ളതിനെക്കുറിച്ചു നീ എന്തു വിചാരിക്കുന്നു ?

൬൭൯. (തി.) യോഹ. ൮. ൧—൨൦. 'ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു' (൧൨ വാ). പെരുന്നാളിൽ വലുതെ മെഴുകുതിരികൾ കത്തിച്ചു ദേവാലയത്തിൽ വെച്ചിരുന്നതിന്റെ വെളിച്ചം വളരെ ദൂരെ കാണാമായിരുന്നു. ഇതു മരുഭൂമിയിൽ യിസ്രായേൽ മക്കൾ വഴിനടത്തിയ അഗ്നിസ്തംഭത്തിനെ സൂചിപ്പിക്കുന്നു എന്നു തോന്നും (പുറ. ൧൩. ൨൧. ൨൨). ആ വെളിച്ചം യിസ്രായേലിനുമാത്രം പ്രകാശിച്ചതും നിലനില്ക്കുന്നതുമായിരുന്നു. എന്നാൽ ഇപ്പോഴോ ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന സാക്ഷാൽ വെളിച്ചം വന്നിരിക്കുന്നു. ആ കർത്താവ് 'നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു' എന്നു നമ്മോടു പറയുന്നു മത്താ. ൫. ൧൪. ലോകത്തിന്റെ അന്ധകാരത്തിൽ പ്രകാശിക്കത്തക്കവണ്ണം നാം നമ്മെ ആക്കിവച്ചിരിക്കുന്ന സ്ഥാനങ്ങളിൽ പ്രകാശിക്കുന്നുണ്ടോ ? മത്താ. ൫. ൧൬

൨൯. (ചൊ.) യോഹ. വ. ൬—൯൦. കർത്താവു മൈവത്തോടുള്ള തന്റെ ബന്ധത്തെപ്പററി പറയുന്നതു്:—(൮) എന്നെ അയച്ചവൻ സത്യവാൻ (൫) അവനോടു കേട്ടതു ഞാൻ സംസാരിക്കുന്നു (൮൯ വാ). (൯) എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ടു് (൮൯ വാ). (൰) ഞാൻ എല്ലായ്പോഴും അവനു പ്രസാദമുള്ളതു ചെയ്യുന്നു (൮൯ വാ). 'എന്നെ ഏകനായി വിട്ടിട്ടില്ല' നമ്മുടെ വിളിയെയും, ഭീതിനേയും, പ്രവൃത്തിയേയും കുറിച്ചു ഉറപ്പും നിശ്ചയവും നമുക്കുണ്ടോ?

൩൰. (ബു). ൧൦൮൦. വ. ൯൮—൧൭. യെഹൂദന്മാർ യേശുവിന്റെ ഉപദേശം ശ്രദ്ധിച്ചിരുന്നെങ്കിൽ സത്യം അറിഞ്ഞു പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചു വാസ്തവമായി തന്റെ ശിഷ്യന്മാരാകുമായിരുന്നു (൯൮—൯൯ വാ). മൈവമക്കൾ:—(൮) മൈവപുത്രനെ സ്നേഹിക്കും (൫) അവന്റെ ഭാക്ഷണം ഗ്രഹിക്കും (൧൯ വാ). സ്വഭാവഗുണമാണ് കുടുംബമഹിമയെ പ്രത്യക്ഷപ്പെടുത്തുന്നതു്. ൯൯ വാ.

൩൱. (വ്യാ.) യോഹ. വ. ൧൨—൨൰. 'എന്റെ വചനം പ്രമാണിക്കുന്നവൻ ഒരുനാളും മരണം കാണുകയില്ല' (൮൰ വാ). എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു് നിത്യജീവനുണ്ടു് (യോഹ. ൫. ൨൪) ഈ ലോകജീവിതം നിത്യതയുള്ള ഒരു ഒരുക്കകാലം മാത്രമാണു്. കർത്താവേ, നിന്റെ വചനം വിശ്വസിപ്പാനും അനുസരിപ്പാനും എനിക്കു കൃപ തരേണമേ!

THE FAMILY FRIEND

കുടുംബപ്രിയവാദിനി

പുസ്തകം 50 ലക്കം 2 ഫെബ്രുവരി 1958

ബഥേൽ ദിനം

ഈ വർഷം ബഥേൽ ദിനത്തിനു മുമ്പുകൂട്ടി പണവും മുന്നാണ്ടുകളെ അപേക്ഷിച്ചു കുറവായിരുന്നു. പണം കുറെ ഒക്കെ Money order ആയി അയച്ചു തരുന്നുണ്ടു. ഇതിനുള്ള ഒരു കാരണം വേണ്ടപോലെ സഭകളിൽ പോകുന്നതിനും പ്രചരണവേല ചെയ്യുന്നതിനു സാധിക്കാഞ്ഞതുകൊണ്ടാകുന്നു. അടുത്ത വർഷത്തേക്കു ഇതു പരിഹരിക്കണമെന്നു വിചാരിക്കുന്നു. വേറൊരു കാരണം ബഥേലിലെ ആവശ്യങ്ങളെ കുറിച്ചു വേണ്ട ഗ്രാഹ്യം ഇല്ലാത്തതുകൊണ്ടാകുന്നു. ഏതായാലും ലഭിച്ച ദാനങ്ങളെക്കുറിച്ചു വളരെ നന്ദിയുള്ളവരായിരിക്കുന്നു.

സ്ഥിരതയോടും വിശ്വസ്തതയോടും ഞങ്ങളെ താങ്ങിപ്പോരുന്ന എല്ലാവരോടും ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

പന്തൽ, ഷ്ലാറ്റ്ഫോം, ഭക്ഷണം ഇവയ്ക്കു വന്ന ചെലവുകൾ പതിവിലധികം ആകുന്നു. എന്നാലും 1957-ലും കടം കൂടാതെ വർഷം അവസാനിപ്പാൻ ഇടയാക്കിയ മൈവം തമ്പുരാനു സ്തോത്രം.

The Home of Peace
സമാധാനമന്ദിരം

ക്രിസ്തീയ സേവനത്തിൽ വാക്കുകൃത്തിലും അവശതയിലും എത്തിയവരെ ഉദ്ദേശിച്ചു നിർമ്മിക്കണമെന്നു വിചാരിക്കുന്ന മന്ദിരമാണല്ലൊ 'സമാധാനമന്ദിരം'. ഈ വിചാരം ദൈവത്തിൽനിന്നാകുന്നു എന്ന ബോധം ദൃഢപ്പെട്ട വരികയാണ്. അതിനു ആവശ്യമായ സ്ഥലം, കെട്ടിടപണിക്കു ആവശ്യമുള്ള പണത്തിൽ മുഖ്യപങ്കു, സഹായിപ്പാൻ ആവശ്യമായിരുന്ന Architect, Engineer, Plan, Estimate ഇവയെല്ലാം തയ്യാറായിരിക്കുന്നു. ജനുവരി മാസത്തിൽ തന്നെ ഇതിന്റെ ശിലാസ്ഥാപനം നടത്തണമെന്നു വിചാരിക്കുന്നു ഇതിനു ലഭിച്ച മാനങ്ങളൂടെ ലിസ്റ്റ് ജനുവരിയിൽ പ്രസിദ്ധപ്പെടുത്താമെന്നു പറഞ്ഞതു ചെയ്യാൻ സാധിച്ചില്ല. ഈ ലക്കത്തിൽ 100 രൂപയോ അതിൽ കൂടുതലോ ഓഹരി എടുത്തവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നു. ബാക്കി അടുത്ത മാസികയിൽ പ്രസിദ്ധപ്പെടുത്താം. ഇതെല്ലാം കാണുമ്പോൾ അന്യഥാ ഉള്ള വിചാരങ്ങൾക്കു ആധീനരാകാതെ രക്ഷിക്കുന്ന വീരനാം ദൈവത്തിനു മഹത്വം കൊടുക്കണമേ. ഈ ഉദ്യമത്തിന്റെ ആരംഭത്തിൽ ലഭിച്ച രണ്ടു വാഗ്ദത്തങ്ങൾ താഴെ പറയുന്നവ ആയിരുന്നു:—

'നിന്റെ വായ് വിസ്താരത്തിൽ തുറക്ക. ഞാൻ അതിനെ നിറക്കും.'

'നിന്റെ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി നിന്റെ മദ്ധ്യേ ഇരിക്കുന്നു.'

ഇതു വാസ്തവമായി അനുഭവപ്പെട്ട വരുന്നതിൽ ദൈവത്തെ സ്തുതിക്കാം.

സമാധാനമന്ദിരത്തിനുള്ള സംഭാവനകൾ

	രൂ. ന.പ.		രൂ.
ഡോ. & മിസ്സസ് സി. കെ. ജോജ്ജ്	150. 25	ഡോ. അന്ന തോമസ്	100. 00
കണ്ണൂർ വറുഗീസ്	150. 00	മിസ്സസ് & ക്യാപ്റ്റൻ, തയ്യൻ ജൂനിയർ	100. 00
മിസ്സ് ലീറോയിഡ് (ലജീസ്)	199. 95	മിസ്സസ് തങ്കമ്മ ഫെൻ	100. 00
അസോഷ്യേറ്റ് റിട്ടിറ്	100. 00	ഡോ. & മിസ്സസ് റവ. ജെ. ജോസഫ്	100. 00
ഡോ. കോരുഉ ജോൺ	100. 00	ഡോ. & മിസ്സസ് റവ. കെ. കുരുവിഉ	100. 00
പിരിവുകൾ	46. 75	മിസ്സ് സി. പി. ജോൺ	99. 38
ബഥേൽ ഡെ	1000. 00	മി. & മിസ്സസ് എ. സി. ചെറിയാൻ	99. 38
മിസ്സസ് വി. എം. മാണി	100. 00	റവ. & മിസ്സസ് എം. ജെ. ചാണ്ടി	100. 00
റവ. & മിസ്സസ് എം. എം. ജോൺ	100. 00	മിസ്സസ് എം. കെ. കോശി	100. 00
ഒരു സ്നേഹിതൻ	100. 00	സിസ്റ്റർ റെയിച്ചൽ ജോസഫ്	100. 00
മിസ്സസ് ആലീസ് വറുഗീസ്	200. 00	ഡോ. & മിസ്സസ് മാത്യു	100. 00
മിസ്സസ് പുന്നൻ ലൂക്കോസ്	5001. 01	ഒരു സ്നേഹിതൻ	200. 00
ഡോ മിസ്സസ് മാത്തു	100. 00	മി. & മിസ്സസ് റവ. ജെ. ജോൺ	100. 00
ശ്രീ എം തോമസ്	300. 00	മി. & മിസ്സസ് ജേക്കബ്	100. 00
റവ. & മിസ്സസ് എം. വി. ജോജ്ജ്	101. 00	മിസ്സ് എസ്. ഏ ഇഹാം	100. 00
മി. & മിസ്സസ് പാറയിൽ കുരുവിഉ	100. 00	മിസ്സ് തങ്കമ്മ	100. 00
മിസ്സസ് എലിസബേത്തു ചെറിയാൻ	100. 00	ഡോ. ഫിലിപ്പ്	1400. 00
പി. എ. ശോശാമ്മ വശം	100. 00	മിസ്സസ് എസ്. പുന്നൻ	100. 00
മിസ്സസ് & മി. എ വി. ജോജ്ജ്	1000. 00	മി. & മിസ്സസ് ജോൺ വറുഗീസ്	100. 00
ശാന്തി ഉമ്മൻ	100. 00	മിസ്സസ് പി. ഐ. വറുഗിസ്	100. 00
മിസ്സ് മൌസ്	500. 00		
മിസ്സസ് എ. ഇ. ജോൺ	100. 00		
മിസ്സ് ഗ്രേസ് തോമസ്	100. 00	ആകെ	13,247. 71

9-1-'58. (തുടരും) R. JOSEPH

വി. മോനിക്കാമന്ദിരത്തിൽവച്ചു നടത്തപ്പെട്ട ധ്യാനയോഗം

ഡിസംബർ 26ന- കാണക്കാരിൽവച്ചു യുവതികൾക്കായി ഒരു ധ്യാനയോഗം നടത്തപ്പെട്ടു. കഞ്ഞിക്കുഴി, മച്ചുകാട്ട്, എറികാട്ട എന്നീ ഇടവകകളിൽ നിന്നുമായി ഏകദേശം പതിനെട്ടു അംഗങ്ങളോടും ഇതിൽ സംബന്ധിച്ചു. രാവിലെ പത്തു മണിക്കു ചാപ്പലിൽ വച്ചു മിസ്സ് ഡോർട്ടൻ, സേഫാനോസിന്റെ ദൈവികസഭാവങ്ങളെ കേന്ദ്രീകരിച്ചുള്ള ഒരു പ്രസംഗത്തോടുകൂടി യോഗം ആരംഭിച്ചു. അതിനുശേഷം മിസ്സ് അന്നമ്മ നൈനാൻ ഫിലിപ്പ്യർ 2. 5-നെ അടിസ്ഥാനമാക്കി തന്റെ അനുഭവസാക്ഷ്യത്തോടുകൂടി അല്പസമയം സംസാരിച്ചു. തുടർന്നു ഏതാനും യുവസഹോദരിമാർ തങ്ങളുടെ അനുഭവസാക്ഷ്യങ്ങൾ പറകയുണ്ടായി. ഉച്ചഭക്ഷണത്തിനുശേഷം വീണ്ടും മിസ്സ് ഏലി തോമസു, മക്കൊസു 3-ാം അ. 14-ാം വാക്യത്തെ അടിസ്ഥാനമാക്കി ശ്രേയസ്കരമായ ഒരു പ്രസംഗം പറഞ്ഞു. അതിനുശേഷം ഗേൾസു ഗിൽഡു സെക്രട്ടറി യുവതികളോടു കർത്താവിനുവേണ്ടി പൂർണ്ണമായി പ്രതിഷ്ഠിക്കണം എന്നുള്ളതിനെക്കുറിച്ചു സംസാരിക്കയും പ്രാർത്ഥനയോടുകൂടി യോഗം 3. 30-നു അവസാനിപ്പിക്കയും ചെയ്തു.

ഈ യോഗം യുവതികൾക്കു ഏറ്റവും അനുഗ്രഹകരവും പ്രോത്സാഹജനകവും ആയിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രെ. എന്നാൽ മൂന്നു ഇടവകകളിൽ നിന്നായി ഇത്രചുരുക്കം പേർ മാത്രം വന്നതു യുവജനങ്ങളുടെ ഇടയിലുള്ള പ്രവർത്തനത്തിന്റെ പോരായ്മയെ തെളിയിക്കുന്ന ഒന്നു തന്നെ. മൻകൂട്ടി സഭകളിൽ ഇതേപ്പറ്റി അറിവു കൊടുത്തു യുവജനങ്ങളെ ഇങ്ങനെയുള്ള സമ്മേളനങ്ങൾക്കു ഉത്സാഹിപ്പിക്കേണ്ടതു പ്രവർത്തകരുടെ കടമയാണെന്നുള്ളതു ഓർക്കേണ്ടതാണ്.

ഒരു യുവതീസമാജ അംഗം.

മഹായിടവക യുവതീസമാജം

പ്രിയ സഹോദരികളെ,

കഴിഞ്ഞ ഡിസംബർ മാസത്തിൽ തിരുവഞ്ചൂർ, മച്ചുകാട്ട്, മുണ്ടിയപ്പള്ളി, ഞക്കനാൽ എന്നീ സഭകളിലെ യുവതീസമാജങ്ങൾ സന്ദർശിക്കുവാൻ ഇടയായി. ഡിസംബർ 21നു വൈകിട്ടു മുതൽ 23നു വൈകിട്ടു വരെ തെക്കൻ പുതുപ്പള്ളി, ഞക്കനാൽ, കാപ്പിൽ എന്നീ സഭകളിലെ യുവതിമാക്കായി ഞക്കനാൽവച്ചു ഒരു ധ്യാനയോഗം നടത്തി. സാക്ഷിയോഗം, പ്രതിക്രൂശ്ശുരൂപ, ഭവനസന്ദർശനം, എന്നിവയും നടത്തപ്പെട്ടു. എല്ലാ യോഗങ്ങളിലും അമ്മമാരുടെയും സഭാപ്രവർത്തകരുടെയും സഹായം വളരെ ആയിരുന്നു എന്നുള്ളതും പ്രസ്താവ്യമത്രെ. കൂടാതെ സെൻറ് മോനിക്കാസിൽ വച്ചു ഡിസംബർ 26നു യുവതീസമാജത്തിന്റെ ഒരു റാലി നടന്നു. കഞ്ഞിക്കുഴി, മച്ചുകാട്ട, എറികാട്ട എന്നീ സ്ഥലങ്ങളിൽ നിന്നും ഒരു കൂട്ടം യുവതികൾ സംബന്ധിച്ചിരുന്നു.

ഓരോ യുവതീസമാജക്കാരും കേന്ദ്രത്തിലേക്കു അടയ്ക്കുണ്ടതുക ഇടവകപ്പട്ടക്കാരിൽ നിന്നും ഇതിനോടകം അറിഞ്ഞുകാണുമല്ലൊ. പല യുവതീസമാജക്കാരും സ്വന്ത ശ്രമം കൊണ്ടു പണം ഉണ്ടാക്കുന്നു എന്നറിയുന്നതു സന്തോഷം തന്നെ. നമ്മുടെ സാമ്പത്തിക വർഷം അവസാനിക്കാൻ പോകുന്നതുകൊണ്ടു എത്രയും വേഗം അവ അയച്ചുതന്നാൽ സഹായമാണ്.

St. Monicas,
Kanakkary,
Ettumanur.

A. C. MARIAMMA,
G. G. Secretary.

മാതൃസംഘ ജൂബിലി മഹോത്സവം

വിജ്ഞാപനം നമ്പർ 4.

നമ്മുടെ മഹായിടവകയിലെ മാതൃസംഘം ആരംഭിച്ചിട്ട 50 വർഷം തികയുന്ന യോവേൽ മഹോത്സവം ഏപ്രിൽ മാസത്തിൽ നടത്തണമെന്നു അഭിപ്രായപ്പെട്ടുകൊണ്ടുള്ള വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നല്ലോ. എന്നാൽ ഈ മഹോത്സവത്തിന്റെ കൂടുതൽ വിജയകരവും കായ്ക്ഷമവുമായ നടത്തിപ്പിനുവേണ്ടി ജൂബിലിയാഘോഷങ്ങൾ ഒക്ടോബർ മാസത്തിൽ പൂജ അവധിക്കാലത്തേക്കു മാറ്റിവെച്ചിരിക്കുന്നു എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

ജൂബിലിസ്മാരകമായി നമ്മുടെ മഹായിടവകയിലെ സ്ത്രീപ്രവർത്തനം വിപുലീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനു 25,000 രൂപാ ശേഖരിക്കുന്നതിനു ഒരു പഞ്ചവത്സര പരിശ്രമം നടത്തുന്നതു ഉചിതമായിരിക്കുമെന്നും, അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് ജൂബിലിയാഘോഷ ജനറൽ കമ്മിറ്റി തീരുമാനിച്ചിരിക്കുന്നതു്. ഇതിൽ 15,000 രൂപാ ഈയാണ്ടിൽ തന്നെ ജൂബിലിയാഘോഷത്തോടു ചേർത്തു പിരിച്ചെടുക്കുകയും, ബാക്കിയുള്ള 10,000 ക. അടുത്ത നാലു വർഷങ്ങളിലായി ശേഖരിക്കുകയും ചെയ്യേണ്ടതാണ്. ഓരോ ഇടവകയും പിരിക്കണമെന്നു പ്രതീക്ഷിക്കുന്ന തുക (വീതാംശം) അതതു ഇടവകയിലെ പട്ടക്കാരനെ അറിയിക്കുന്നുണ്ട്. ഓരോ ഇടവകയിലെ തായ്സഭയിലും ഉപസഭകളിലും ഇതെപ്പറ്റി വേണ്ട അറിവുകൊടുത്തു സൌകര്യമുള്ള സമയത്തു പണം ശേഖരിക്കുകയും, ഓരോ ഇടവകയിലും 1958 സെപ്തംബർ 30നു് മുമ്പു് ഇടവക കേന്ദ്രത്തിൽ ലോക്കൽ ആഘോഷങ്ങൾ നടത്തി, അന്നത്തെ സ്തോത്രശുശ്രൂഷയിൽ ആ ഇടവകയിൽപ്പെട്ട സഭകളിലെ ജൂബിലിപ്പിരിവു് സമർപ്പിക്കുകയും, ഒക്ടോബർ മാസത്തിൽ കോട്ടയത്തു വച്ചു നടത്തുന്ന കേന്ദ്ര ആഘോഷത്തോടു ചേർന്നുള്ള സ്തോത്രശുശ്രൂഷയിൽ ഓരോ ഇടവകയിലെയും പിരിവു് (സഭകളിലെ പിരിവിന്റെ ലിസ്റ്റും സഹിതം) ഇടവകപ്രതിനിധികൾ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. സ്ഥലത്തുള്ള ആഘോഷങ്ങൾ യാതൊരു കാരണവശാലും സെപ്തംബർ 30 കഴിഞ്ഞു നടത്തപ്പെടുവാൻ ഇടയാകരുതെന്നു പ്രത്യേകം ഓർപ്പിക്കട്ടെ.

ഇനിയുള്ള ദിവസങ്ങളിൽ തുടർച്ചയായി എല്ലാവരും ഈ ജൂബിലിയാഘോഷത്തെ ഓർത്തു പ്രാർത്ഥിക്കുകയും നമ്മുടെ സംരംഭം ഏറ്റവും വിജയപ്രദമാക്കിത്തീർക്കുന്നതിനാവശ്യമായ സഹകരണം നല്കുകയും ചെയ്യണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

മാതൃസംഘ ഭരണനിർവ്വഹണ കമ്മറ്റിക്കുവേണ്ടി

Mrs. M. P. Punnen.

മാതൃസംഘ ജൂബിലിയാഘോഷം സംബന്ധിച്ചുള്ള ഈ വിജ്ഞാപനം മഹായിടവകയിലുള്ള എല്ലാവരുടെയും അവശ്യശ്രദ്ധയിലേക്കു വിജ്ഞാപിച്ചിക്കുണമെന്നും ജൂബിലിയാഘോഷം വിജയകരമാക്കിത്തീർക്കുന്നതിനും ശേഖരിക്കുന്നതിനുദ്ദേശിക്കുന്ന ഫണ്ടു് ലഭിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുകയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ നൽകുകയും ചെയ്യണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

റവ. എം. ജെ. ചാണ്ടി,
കമ്മിസറി.

സ്ത്രീജനസഖ്യകൌൺസിൽ

വർഷാരംഭത്തിൽ നടന്നു വരുന്ന മഹായിടവക സ്ത്രീജനസഖ്യകൌൺസിൽ പതിവനുസരിച്ചു ഈ പ്രാവശ്യവും ജനുവരി 20, 21 തിയ്യതികളിൽ സെൻറുമോണിക്കാസിൽവച്ചു നടത്തപ്പെട്ടു. കാലസ്ഥിതിക്കു അനുയോജ്യവും ആശയ ഗാംഭീര്യവും ഉള്ള ഉദ്യോഗങ്ങളുമായി വന്ന പ്രാസംഗികരെ ലഭിച്ചതു കൌൺസിലിനു ഒരു പ്രത്യേക മേന്മ ഉളവാക്കി എന്നു പറയുന്നതു തികച്ചും സത്യമാണ്.

പൂർണ്ണവിനയത്തോടും സൌമ്യതയോടും ദീർഘക്ഷമയോടും..... ആത്മാവിൻറെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിപ്പിൻ' എഫെ. 4. 3 എന്ന വാക്യത്തിൽനിന്നു 14 മഹായിടവകകളുമായ ഐക്യത്തിൽ വന്നെത്തിയിരിക്കുന്ന നാം നമ്മുടെ വ്യക്തിപരവും പ്രായോഗികവും ആയ ജീവിതത്തിൽ ഇവ വെളിപ്പെടുത്തുന്നതെങ്ങനെയെന്നു തെളിവായി പ്രഭാഷിക്കുകയും തുടർന്നു 14 മഹായിടവകകളുടെ തല്ക്കാല ആവശ്യങ്ങളെ ഓർപ്പിച്ചുകൊണ്ടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും സിസ്റ്റർ റെയിച്ചൽ അവർകൾ നടത്തിയതായിരുന്നു, കൌൺസിൽ പരിപാടിയുടെ പ്രാരംഭം. ബഹുമാനപ്പെട്ട സി. ഐ. ഏബ്രഹാം അച്ചൻ അവർകൾ 21നു രാവിലെയുള്ള വി. സംസർഗ്ഗശുശ്രൂഷയും പ്രസംഗവും നടത്തി തന്നു എന്നു മാത്രമല്ല ഇതിൻറെ അനുഗ്രഹത്തെ കാംക്ഷിച്ചു ആത്മാർത്ഥമായ സഹകരണം കാണിച്ചതു എത്രയും ആദരണീയമായിരുന്ന പ്രസംഗത്തിൽ 2രാജാ. 6. 17 ആധാരമാക്കി ഏലിശായും തൻറെ ശിഷ്യനും ആരാമ്യസൈന്യത്തെ കണ്ടുവെങ്കിലും ഏലിശാ ആത്മീയ ദർശനത്തോടുകൂടി അടുശ്രമായതിനാൽ തൻറെ ദൃഷ്ടി പതിപ്പിച്ചു ധൈര്യപ്പെട്ടതും ശിഷ്യനാകട്ടെ ആത്മീയ ദർശനമില്ലാതെ താല്ക്കാലികമായതുമാത്രം കണ്ടു ഭ്രമിച്ചതും നമ്മുടെ ജീവിതവുമായി ബന്ധിപ്പിച്ചു നമ്മുടെ സഭ—വേല ഭാവി എന്നിവയിന്മേലുള്ള നമ്മുടെ ദർശനം ഏതു വിധമായിരിക്കണമെന്നു പഠിപ്പിച്ചതും ഓരോരുത്തക്കും തങ്ങളുടെ ക്രിസ്തീയ ജീവിതത്തെ ഒന്നു ശോധന ചെയ്യാൻ തക്കവണ്ണം ആഴമേറിയ ഒരു ഉൽബോധനമായിരുന്നു.

കർത്താവിൻറെ പഴുതപ്രസംഗത്തെ ആധാരമാക്കി കർത്താവിൻറെ ഒരു യഥാർത്ഥ ശിഷ്യൻ തന്നെ അനുഗമിക്കുന്നവൻ, വചനം പഠിക്കുന്നവൻ, ശിക്ഷണമുള്ളവൻ എന്നീ മൂന്നു ലക്ഷണങ്ങളുള്ളവനായിരിക്കണമെന്നു വിശദീകരിച്ചുകൊണ്ടു. മാത്തോമ്മാഇടവകാദ്ധ്യക്ഷന്മാരിൽ ഒരാളായ വന്ദ്യശ്രീസോസ്സം തിരുമേനിയുടെ പ്രസംഗമാണു കൌൺസിലിനെ അനുഗ്രഹീതമാക്കിയ വേറെ ഒരു സംഗതി. മിസ്സസ്സ് നിൽസൺ എന്ന കനേഡ്യൻ വനിത കുട്ടികളുടെ പരിശീലനത്തെക്കുറിച്ചു നടത്തിയ പ്രഭാഷണവും മാതൃസംഘയോഗ പരിപാടിയിൽ ചേർത്തുയായിരുന്നു.

മിസ്സസ്സ് എം. പി. പുന്നൻറെ അദ്ധ്യക്ഷതയിൽ പിന്നീടു നടന്ന യോഗങ്ങളുടെ പ്രാരംഭത്തിൽ നമ്മുടെ വന്ദ്യപിതാവായിരുന്ന ബിഷോപ്പു തിരുമേനിയുടെ മഹാവിയോഗത്തിൽ കൌൺസിലിൻറെ അപരിമിതമായ ഖേദത്തെ രേഖപ്പെടുത്തിക്കൊണ്ടുള്ള അനുശോചന പ്രമേയം അവതരിപ്പിക്കുകയും എല്ലാവരും അല്പസമയത്തേക്കു ഏഴുന്നേറ്റുനിന്നു പ്രാർത്ഥനയോടുകൂടെ മൌനത ആചരിക്കുയും ചെയ്തു. എല്ലാ കൌൺസിലുകളിലും തിരുമേനിയുടെ സാന്നിദ്ധ്യവും ഉപദേശവും ലഭിച്ചുകൊണ്ടിരുന്നതും സ്തീപ്രവർത്തനപദ്ധതികളിൽ തിരുമേനി കാണിച്ചിട്ടുള്ള ശ്രദ്ധയും അതിനായുള്ള പ്രേരണയും എത്രമാത്രമെന്നും അദ്ധ്യക്ഷൻ അനുസ്മരിപ്പിക്കയുണ്ടായി. ദുഃഖത്തിലിരിക്കുന്ന മിസ്സസ്സ് ജയിക്കുബിനോടും കുടുംബത്തോടുമുള്ള കൌൺസിലിൻറെ സ്നേഹസഹതാപം അറിയിക്കുന്നതിനും തീരുമാനിച്ചു.

ക്രിസ്തീയ കുടുംബപ്രസ്ഥാനത്തിൻറെ പ്രവർത്തനപദ്ധതികൾ എന്തെല്ലാമെന്നും മറ്റും വിശദമാക്കി മിസ്സസ്സ് തോമസ് ചെറിയാനും പാറ്റ് പാറമിഷൻ പ്രവർത്തനപദ്ധതിക ഉക്കുറിച്ചു അവിടത്തെ മിഷ്യനറി ആയിരിക്കുന്ന സിസ്റ്റർ റെയിച്ചൽ ജോണും പ്രസംഗിച്ചതും സഹായമായിരുന്നു.

മഹാഇടവക മാതൃസംഘജൂബിലിആഘോഷം—സ്മാരകഫണ്ടു ഉണ്ടാക്കുന്നതിൽ കൌൺ

സിൽ അംഗങ്ങളുടെ സഹകരണത്തിന്റെ ആവശ്യകത എന്നിങ്ങനെ പല സംഗതികളെക്കുറിച്ചും ചർച്ച ചെയ്തു.

കൌൺസിൽ സമയം അല്പംകൂടെ നീട്ടുന്നതിനുള്ള ആലോചനകൾ, കൌൺസിൽ നടത്തിപ്പിനായി ഒരു ചെറിയ കമ്മറിയെ തിരഞ്ഞെടുക്കുക എന്നിവയും നിശ്ചയിച്ചു.

അങ്ങനെ ഉച്ചഭക്ഷണാനന്തരം ഉള്ള പ്രാർത്ഥനയോടുകൂടി കൌൺസിൽ ശുഭകരമായി പര്യവസാനിച്ചു. മിസ്സ് ഡോൾട്ടൻ, മിസ്സ് ഏലിതോമസ് സെൻറുമോണിക്കാസു അംഗങ്ങൾ എന്നിവരുടെ സഹായം ഇതിന്റെ നടത്തിപ്പിനു ഏറ്റം സഹായമായിരുന്നു. 2ദിനരാത്രിയിൽ കൌൺസിൽ അംഗങ്ങൾ ഒരു ചേർന്നുള്ള വിനോദപ്രകടനങ്ങൾ എല്ലാവരെയും എത്രമാത്രം ആഹ്ലാദഭരിതരാക്കി എന്നു കണ്ടറിയേണ്ടതായിരുന്നു.

ഈ പ്രാവശ്യം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു കൂടുതൽ ഇടവകകൾ ഇതിൽ പങ്കെടുത്തതു പ്രത്യേക സന്തോഷം ഉളവാക്കി. കന്നേറ്റി മുതൽ കണ്ണിക്കൽവരെയുള്ള അംഗങ്ങൾ ഉൾപ്പെട്ടിരുന്നു. വർഷങ്ങളായി ഇതിൽ പങ്കെടുക്കാത്ത ഇടവകകളും ഉണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

ഈ ജൂബിലിവർഷം നമുക്കു ആത്മീയമായ ദർശനത്തോടെ സകലവും വീക്ഷിക്കുന്നതിനു ദൈവം ഇടയാക്കട്ടെ. S. T.

സ്ത്രീജനസഖ്യവാർത്തകൾ

ഒരു അപേക്ഷ. സ്ത്രീപ്രവർത്തകഫണ്ട്, സ്ത്രീജനസഖ്യഫണ്ട്, യുവതീസമാജഫണ്ട് എന്നിവയുടെ കുടിശ്ശിക, വീതാംശത്തുക എന്നിവയിലെല്ലാം മാച്ചുമാസത്തിനകം കേന്ദ്രത്തിൽ അടയ്ക്കുവാനുള്ള എത്രമാത്രമെന്നു ഓരോ ഇടവകയെയും അറിയിച്ചിട്ടുണ്ട്. എല്ലാവരുടെയും ഹാർദ്ദവമായ സഹകരണം ഇവ നിവർത്തിക്കുന്നതിനു അഭ്യർത്ഥിക്കുന്നു.

മാതൃസംഘജൂബിലി. വിജ്ഞാപനങ്ങൾ വഴിയായി ജൂബിലിയുടെ വിശദവിവരങ്ങൾ അറിഞ്ഞുകാണുമല്ലോ. ഒക്ടോബർ മാസത്തിലേക്കു നീട്ടിവെച്ചു എങ്കിലും ഈ മാസം മുതൽ തന്നെ അതിനായുള്ള ഒരുക്കങ്ങൾ ആരംഭിക്കുമെന്നു ആശിക്കുന്നു. കേന്ദ്രത്തിൽനിന്നും അറിയിച്ചിരിക്കുന്ന വീതാംശം കണ്ടു നീരസം തോന്നാതെ അതു നിവർത്തിക്കുന്നതിൽ ഓരോ ഇടവകയിലെയും സെക്രട്ടറിമാരും കമ്മറ്റി അംഗങ്ങളും സഭാപ്രവർത്തകരുടെ സഹകരണത്തോടുകൂടി ഉത്സാഹിക്കുമെന്നാശിക്കുന്നു. S. T.

സുവിശേഷഭാഷിണി

പുസ്തകം 50. ലക്കം 2 ഫെബ്രുവരി 1958

പറവൂർ മിഷ്യൻ

പ്രിയ സ്നേഹിതരേ,

വ്യക്തികളുടെ ജീവിതത്തിലും നമ്മുടെ പ്രവർത്തനങ്ങളിലും പ്രാർത്ഥന എത്രമാത്രം പ്രാധാന്യമർഹിക്കുന്നതും ഒഴിച്ചുകൂടാത്തതുമാകുന്നു എന്നുള്ളതു നാം വിസ്മരിക്കരുതല്ലൊ. അനേകരുടെ നിരന്തരമായ പ്രാർത്ഥനയുടെയും ആലോചനയുടെയും ഫലമായിട്ടാണ് നമ്മുടെ മഹായിടവക, മണ്ട്ല ഡിസ്ട്രിക്ടിൽ ഒരു മിഷ്യനറി പ്രവർത്തനം ആരംഭിക്കുവാനിടയായതു്. നാം ഉദ്ദേശിക്കുന്ന ഫലം കാണാതെയും, പ്രതിബന്ധങ്ങൾ അഥവാ വിപരീത സാ

ഹചര്യങ്ങൾ അഭിമുഖീകരിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ കാൽവെയ്പുകൾ തെറ്റിപ്പോയോ എന്നുള്ള ചിന്താഗതി സാധാരണ നമ്മിൽ ഉണ്ടാകാവുന്നതാണ്. എന്നാൽ ആശ്രയവിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് ഫലപ്രാപ്തിവരെയും പ്രത്യാശയോടുകൂടെ മുമ്പോട്ട പോകുകയല്ലേ ആവശ്യം. പറ്റ് പാറയിലെ വേലയെ കാണ്ക പ്രാർത്ഥിക്കുകയും, മറ്റു പലവിധമായ സഹായ സഹകരണങ്ങൾ നല്കുകയും ചെയ്തിരുന്നവർ തങ്ങളുടെ ചുമതലകൾ തുടർന്നും നിർവ്വഹിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇവിടുത്തെ വേലയെ കാണ്ക കണ്ണുനീരോടും ഭാരത്തോടുംകൂടെ നിരന്തരമായി പ്രാർത്ഥിക്കുന്ന ഒരു കൂട്ടം നമ്മുടെ മഹായിടവകയിൽ ഉണ്ടെങ്കിൽ നിശ്ചയമായും മറ്റൊരു അതിശയം പ്രവർത്തിക്കും. "പ്രാർത്ഥന കൂടാതെയുള്ള പഠിപ്പും, പ്രവർത്തനവും, മതം ഇവകൊണ്ട് സാത്താനു ഒരു ഭയവും ഇല്ല, മാത്രവുമല്ല ഇവ കണ്ട് ചിരിക്കയും. ആക്ഷേപിക്കുകയും ചെയ്യുന്നു. എന്നാലോ, നാം പ്രാർത്ഥിക്കുന്നതു കാണുമ്പോൾ അവൻ വിറയ്ക്കുന്നു." എന്നതൊരു ഒരു ഭക്തൻ പറഞ്ഞിരിക്കുന്നതു്.

മണ്ട്ല ഡിസ്ട്രിക്ടിൽ ആകെ 920 ഗ്രാമങ്ങളാണ് ഉള്ളതു്. അവയിൽ ഏകദേശം നൂറു ഗ്രാമങ്ങളിൽ മാത്രമേ ഒരു പ്രവർത്തനം നടന്നിട്ടുള്ളൂ. ഈ പ്രദേശങ്ങളിൽ സുവിശേഷം കേൾക്കുന്നതിനുള്ള ആഗ്രഹം ധാരാളം കാണുന്നുണ്ട്. അതുകൊണ്ട് നമ്മുടെ രക്ഷിതാവിന്റെ ആജ്ഞാക്രമപ്രകാരമായി ഒരു വലിയ ചുമതല നമ്മുടെ മുമ്പിലുണ്ട്. അടുത്ത സമയത്തു ഓസ്ട്രേലിയായിലെ മഹായിടവകയിൽനിന്നും ഒരു കത്തു്, നാഗ്പൂർ ബിഷപ്പു മുഖാന്തരം ലഭിക്കുകയുണ്ടായി. അതിൽ ആവശ്യപ്പെട്ടിരിക്കുന്നതു, മണ്ട്ല ഡിസ്ട്രിക്ടിൽ ഇതേവരെയും സുവിശേഷം പ്രവേശിച്ചിട്ടില്ലാത്ത ജാതികളും ഗ്രാമങ്ങളും ഏതെല്ലാമെന്നു അറിയിക്കണമെന്നുള്ളതാണ്.

ക്രിസ്തുമസ്സ് അവധിക്കാലത്തു യുത്ത്മാൽ ബൈബിൾ സെമിനാരിയിൽ നിന്നും നമ്മുടെ മഹായിടവകാംഗങ്ങളായ മി. കെ. ററി. തോമസു, പി. എം. തോമസു, പി. ഒ. നൈനാൻ എന്നിവർ സ്വന്തം ചെലവിൽ പറ്റ് പാറയിൽ വന്നു, ഇവിടുത്തെ ക്രിസ്ത്യാനികളുടെയും, അക്രൈസ്തവരുടെയും ഇടയിലും ധാരാളം പ്രവർത്തനങ്ങൾ നടത്തി. യഥാർത്ഥത്തിൽ അവരുടെ രണ്ടാഴ്ചത്തെ പ്രവർത്തനം ഈ പ്രദേശത്തിനു വളരെ അനുഗ്രഹം തന്നെയായിരുന്നു. വേറെയും പല യുവാക്കന്മാർ ഞങ്ങളോടുകൂടെ വേലയിൽ സഹകരിച്ചു. 'രാം നഗർ' എന്ന സ്ഥലത്തുള്ള ചന്തയിൽ വെളിയ്സംഗത്തിനായി ഞങ്ങൾ എല്ലാവരും പോയിരുന്നു. തടസ്സമുണ്ടായേക്കുമെന്നു സംശയിച്ചെങ്കിലും അങ്ങിനെയൊന്നും ഉണ്ടായില്ല. വലിയ ഒരു കൂട്ടം ആളുകൾ അവസാനം ശ്രദ്ധയോടുകൂടെ കേൾക്കുകയും, ലഘുലേഖകളും, സുവിശേഷ പ്രതികളും അനേകർ താല്പര്യപൂർവ്വം വാങ്ങിക്കുകയും ചെയ്തു. ജബൽപൂർ ലിയനാർഡ് വൈദിക കോളേജിൽ നിന്നും പ്രഫസ്സർ, എച്ച്. ഗ്രസ്സലറും, കുടുംബവും, ഒരു വിദ്യാർത്ഥിയും കൂടെ പറ്റ് പാറ സന്ദർശിച്ചു രണ്ടു ദിവസം താമസിച്ചിട്ടു തിരികെപ്പോയി.

ഈ വർഷവും, ക്രിസ്തുമസ്സ് പുതുവർഷം ഈ സമയങ്ങളിലെ ആരാധനകൾ അനുഗ്രഹകരമായിരുന്നു പറ്റ് പാറ സഭയിലെ ഏഴു കുടുംബങ്ങൾ ചേർന്നു തങ്ങളുടെ ചെലവിൽ ദേവാലയം വെള്ളയടിച്ചു മനോഹരമാക്കി. നാഗ്പൂർ കത്തീഡ്രലിലെ ക്രിസ്തുമസ്സു ആരാധനയിൽ സഹായിക്കുന്നതിനായി, ബിഷപ്പു ആവശ്യപ്പെട്ടതനുസരിച്ചു, ജോജ്ജച്ചൻ പോയിരുന്നു. അതിനാൽ ഇവിടുത്തെ ക്രിസ്തുമസ്സ് ടീയും, സമ്മാനദാനവും, മീറ്റിങ്ങും, ക്രിസ്തുമസ്സു ദിന്നവും 26നു നടത്തപ്പെട്ടു. പുതുവർഷാരാധനയും വിശുദ്ധസംസർഗ്ഗവും. രാത്രി 12. 30-നും, 8. 30-നും നടത്തപ്പെട്ടു. സഭാംഗങ്ങൾ എല്ലാവരും ഈ ആരാധനകളിൽ സംബന്ധിച്ചിരുന്നു.

മദ്ധ്യപ്രദേശത്തിന്റെ തലസ്ഥാനമായ ഭോപ്പാലിലെ മലയാളി ക്രിസ്ത്യാനികളുടെ ക്ഷണമനുസരിച്ചു, സി. എസ്സ്. ഐ. ക്രമപ്രകാരമുള്ള ആരാധന നടത്തുന്നതിനായി ജോജ്ജച്ചൻ പോയിരുന്നു. അങ്ങുമിങ്ങും താമസിക്കുന്ന നമ്മുടെ സഭാജനങ്ങൾ ഇവിടുത്തെ വേലയിൽ എത്രമാത്രം താല്പര്യം പ്രദർശിപ്പിക്കുന്നുണ്ടെന്നുള്ളതു ഓരോ സ്ഥലത്തും ചെന്നു പരിചയപ്പെടുമ്പോൾ മാത്രമാണ് മനസ്സിലാകുന്നതു്.

മിസ്സ് അന്നമ്മ ചെറിയാൻ, 3 വർഷത്തെ സേവനത്തിനുശേഷം ഡിസംബർ 13നു തിരികെപ്പോയി. പാറ്റ്പാറ സഭാംഗങ്ങൾ, സ്നേഹബഹുമാനാദരം ചെറിയ തോതിൽ യാത്രഅയപ്പു മീറ്റിംഗു നടത്തി സമ്മാനം നല്കി. ആകെ നാലുപേരുള്ള ഗ്രൂപ്പിൽ നിന്നും ഒരാൾ തിരിച്ചുപോയതു വേലയ്ക്കു വലിയ നഷ്ടം തന്നെ. എങ്കിലും ഈ വർഷം കൂടുതൽ പ്രവർത്തകരെ ലഭിക്കുമെന്നുള്ള പ്രത്യാശയിൽ ഞങ്ങൾ മുമ്പോട്ടുപോകുന്നു. സിസ്റ്റർ റേയിച്ചൽ ജോൺ മൂന്നു മാസത്തെ അവധിയിൽ നാട്ടിൽ പോയിരിക്കയാണ്.

നാഗപൂർ മഹായിടവക ബിഷപ്പു ജോൺ സാമുവേൽ ജനുവരി 19—21 വരെയുള്ള തീയതികളിൽ ഗോണ്ടുവാനാ മിഷ്യൻ സന്ദർശിക്കുന്നതിനായി വരുമെന്നു അറിയിച്ചിട്ടുണ്ട്. പുതുവർഷത്തിൽ ഇവിടുത്തെ വേലയിൽ പല പുതിയ പടികൾ സ്വീകരിക്കാനിടയുണ്ടെന്നാണ് തോന്നുന്നതു്. ദൈവഹിതപ്രകാരം സകലവും തന്റെ മഹത്വത്തിന്നായിത്തീരേണ്ടതിനു ഏവരും താല്പര്യമായി പ്രാർത്ഥിക്കണമേ.

ഇവിടുത്തെ പ്രവർത്തനത്തിനായി ഞങ്ങളെ അനുഗ്രഹിച്ചു, ധൈര്യപ്പെടുത്തി, നിയോഗിച്ചയച്ച നമ്മുടെ ബിഷപ്പു തിരുമേനിയുടെ വേർപാടു ഞങ്ങൾ വളരെ ഖേദത്തോടുകൂടെ ഓർക്കുന്നു.

എന്നു

Mission House, Mandla, M. P.
Pattpara P. O., 14th. Jan. 1958.

പാറ്റ്പാറ മിഷ്യനറിമാർ,
Rev. & Mrs. A. I. GEORGE,

പാറ്റ്പാറ സന്ദർശനം

നവം. 1നു പറക്കാലിൽ നിന്നു തിരിച്ചു 2നു രാവിലെ പത്തു മണിക്കു നാഗപൂരിൽ എത്തിയപ്പോൾ മി. കോരുള ജേക്കബു തന്റെ കാറുമായി വന്നു ഞങ്ങളെ കൂട്ടിക്കൊണ്ടു പോകയും വിശ്രമവും ഭക്ഷണവും മുമ്പോട്ടുള്ള യാത്രയുടെ ആലോചനയും സഹായവും ചെയ്തശേഷം പാറ്റ്പാറക്കുള്ള തീവണ്ടിയിൽ കൊണ്ടുപോയി ആക്കിയതു സഹായമായിരുന്നു. രാത്രി മുഴുവനും യാത്രയിൽ കഴിച്ചശേഷം 3നു രാവിലെ 8 മണിക്കു മണ്ടലയിൽ ചെന്നുചേർന്നു. അവിടെ സിസ്റ്റർ ലീലമ്മയും റവ. എ. ഐ. ജോർജ്ജ് അച്ചനും വന്നു രണ്ടു മൈൽ അകലെയുള്ള മണ്ടല മേവാലയത്തിലേക്കു കൊണ്ടുപോയി. അന്നു ഞായറാഴ്ച ദിവസമാകയാൽ ശുശ്രൂഷയിലും വി. സംസർഗ്ഗത്തിലും പങ്കുകൊണ്ടശേഷം ഞങ്ങൾ എല്ലാവരും പാറ്റ്പാറക്കു കുതിരവണ്ടിയിൽ തന്നെ തിരിച്ചു. 2 മണിക്കൂറിനു ശേഷം നമ്മുടെ മിഷ്യൻ വളപ്പിൽ ചെന്നുചേർന്നു. ഒന്നാമതു കണ്ടതു ഒരു നല്ല മേവാലയം ആയിരുന്നു. പിന്നെ മിഷ്യനറിമാരുടെ വാസസ്ഥലങ്ങൾ ആയിരുന്നു. കാരോ നല്ല വീടു അച്ചനും കുടുംബത്തിനും സിസ്റ്റേറർസിനും ഉണ്ടു്. അവയിൽ ധാരാളം അറ്റകുറ്റപ്പണികൾ ചെയ്തു തീർപ്പാക്കുണ്ടു്. ഞങ്ങൾ സിസ്റ്റേറർസിന്റെ കൂടെ താമസം ഉറപ്പിച്ചെങ്കിലും ഭക്ഷണം രണ്ടുവീടുകളിൽനിന്നും കഴിക്കയുണ്ടായി. അവിടെയും ജബൽപൂരിൽനിന്നു ലിയൊനാർഡ്സ് തിയോളജിക്കൽ കോളജിൽ നിന്നു ഒരു ലക്ചററും ഗ്രൂപ്പ് ഓഫ് സ്റ്റുഡൻസും കൂടെ അവരുടെ വാനിൽ വന്നതുകൊണ്ടു ഗ്രാമങ്ങൾ സന്ദർശിക്കുന്നതിനും യോഗങ്ങൾ നടത്തുന്നതിനും അവരുടെകൂടെ തന്നെ സഞ്ചരിച്ചു. അക്കൊസ്തവർ രാത്രികൂട്ടങ്ങളിൽ ധാരാളമായി ഹാജരാകുകയും പ്രസംഗങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കയുമുണ്ടായി എങ്കിലും അവരുടെ പൂജകളും വിഗ്രഹങ്ങളും സേവകളുമെല്ലാം മുറുകെ പിടിച്ചുകൊണ്ടു തന്നെ ഇരിക്കുക ആകുന്നു. ഒന്നുരണ്ടു അന്വേഷകരെ കണ്ടു എങ്കിലും ക്രിസ്ത്യാനികൾ ആകുവാൻ തുനിഞ്ഞിറങ്ങുന്നതിനു ഒരുക്കം കണ്ടില്ല. മിഷ്യനറിമാരെ അവർക്കു ബഹുമാനവും വിശ്വാസവും ഉണ്ടെന്നു മാത്രമല്ല പല വിധത്തിൽ സഹായസഹകരണങ്ങൾ ചെയ്യുന്നുമുണ്ടു്.

എന്നാൽ പാറ്റ്പാറയിൽ തല്ക്കാലം ചെയ്യേണ്ട അത്യാവശ്യപ്രവൃത്തി അവിടെയുള്ള ചെറിയ സഭയുടെ ഉണർച്ചക്കും എഴുന്നേല്പിനും ഉള്ള ഒരു പരിശ്രമം ആണു്. സഭ ക്ഷീണി

ച്ചും നിരാശപ്പെട്ടമിരിക്കുന്ന കുന്നാണ്. മദ്യപാനവും മാരിദ്ര്യവും അലസതയുംകൊണ്ട നിജ്ജീവമായ ഈ സഭ സ്വയംപ്രാപ്തിയിലും, സ്വയംഭരണത്തിലും, സ്വയപ്രചരണത്തിലും എത്തിച്ചേരത്തക്കവണ്ണം അവിടത്തെ ആരാധനയും സഭാപ്രവർത്തനവും ക്രമീകരിച്ചു മൻപോട്ട പോകയാണ വേണ്ടതു്.

1. മിഷ്യനറിമാരുൾപ്പെടെ എല്ലാ വീട്ടുകാരും മാസവരി, പിടിയരി, ഞായറാഴ്ച ധർമ്മശേഖരം ഇവയിൽ പങ്കെടുക്കണം.

2. എത്ര ചുരുക്കം കുട്ടികളായാലും അവരെ വെച്ചു മുടങ്ങാതെ സണ്ടെസ്ക്കൂൾ നടത്തുക.

3. മാതൃസംഘം പുനരുജ്ജീവിപ്പിച്ചു കുറെ സജീവമായ കൂട്ടായ്മയാക്കുക.

4. സാക്ഷരതാ പ്രചരണത്തിനായി ആഠാംപ്രതിയോ കൂട്ടമായോ ക്ലാസ്സുകൾ നടത്തുക.

5. കഴിഞ്ഞ കാലത്തെ ശ്രുശ്രൂഷാവസ്ഥ കണ്ണിൻറുടക്കിയിൽ നിന്നു പൊഴിച്ചു എത്രയും വേഗം മാറുക. പ്രത്യാശ ജനിപ്പിക്കുന്ന കുറെ രംഗമായി അതിനെ രൂപാന്തരപ്പെടുത്തുക.

പാറ്റ് പാറ സഭാചരിത്രത്തിൽ മിഷ്യൻ കാലം കഴിച്ചു സഭാകാലത്തിലേക്കു പ്രവേശിക്കണം. വിദേശപണവും, ആളുകളും വമ്പിച്ച തോതിൽ നടത്തിയ വേലക്കുശേഷം സഭ അതിൻറെ ശേഷിക്കനുസരിച്ചു മുമ്പോട്ട പ്രത്യാശയോടെ പോക. **വാങ്ങിയ കാലം മാറി കൊടുക്കുന്ന കാലത്തേക്കു** സഭയെ പ്രവേശിപ്പിക്കുന്ന കുറെ വലിയ ചുമതല ആകുന്നു നമ്മുടെ മിഷ്യനറിമാർക്കുള്ളതു്. എന്നാൽ അവർക്കു കൂട്ടുതൽ പ്രവർത്തകരെ സഹായത്തിനു കൊടുക്കണം. മിഷ്യനറി അച്ചനോടു ചേർന്നു രാത്രികാലങ്ങളിൽ ഗ്രാമങ്ങളിൽ പോകുന്നതിനും, കൃഷിയുടെ മേൽനോട്ടം ഏറ്റു പ്രയോജനകരമായി കൃഷിക്കായ്ങ്ങൾ നടത്തുകയും ചെയ്യാവുന്ന കുറെ മൈവേദാസനെയാകുന്നു ആവശ്യം. അതുപോലെ തന്നെ സ്ത്രീകളുടെ അഭ്യുന്നതിക്കായി വിവിധ താലന്തുകൾ ഉള്ള മൂന്നാലു സ്ത്രീകൾ അടങ്ങിയ കുറെ കമ്മ്യൂണിറ്റിയെ ആണ് ആവശ്യമുള്ളതു്. ആഠാംപ്രതി ശമ്പളവും അലവൻസും അല്ല, മൈവത്തിൽ ആശ്രയിച്ചു കുറെ കുടുംബമായി താമസിച്ചു പ്രവർത്തിക്കുന്ന കുറെ കൂട്ടത്തെ ആണ് വേണ്ടതു്. സഭയുടെ ഭാവിയെ കാണ്ട കുറെ പ്രൈമറി സ്ക്കൂൾ സഭയുടേതായി നടത്തേണ്ടതാണ്. മിസ്സസ്സ് എ. ഐ. ജോർജ്ജും, മിസ്സ് അന്നമ്മ ചെറിയാനും Trained Teachers ആകയാൽ അവരുടെ താലന്തുകൾ ഈവിധത്തിൽ ഉപയോഗിക്കേണ്ടതാകുന്നു.

മൂന്നു വർഷത്തെ കാലാവധി കഴിഞ്ഞു എങ്കിലും രണ്ടുമൂന്നു വർഷത്തെ വേലകൂടെ തുടർന്നു ചെയ്യുവാൻ അനുവദിക്കണമെന്നാകുന്നു മിഷ്യനറിമാരുടെ ഏകാഭിപ്രായം. ഭാഷ പഠിച്ചു മറ്റുള്ളവരോടു സംസാരിപ്പാൻ വശമായി വരുന്നതുകൊണ്ടു കുറെകൂടെ പ്രത്യാശയും ധൈര്യവും അവർക്കു ഉണ്ട്.

മൈവശക്തിയുടെ കുറെ പ്രദർശനമാകുന്നു ആ വയലിൽ കാണേണ്ടതു്. അതിനായി പ്രാർത്ഥിക്കുമല്ലൊ. മിഷ്യനറിമാരെല്ലാം ക്ഷീണരായി കാണപ്പെട്ടു. അതിനാൽ അവർ ആവശ്യപ്പെടുന്ന ആളുകളെയും സൌകര്യങ്ങളെയും കൊടുക്കേണ്ടതാണ്.

അത്യാവശ്യങ്ങൾ. (1) കൂട്ടുതൽ പ്രവർത്തകർ.
(2) കുറെ പ്രൈമറി സ്ക്കൂൾ.
(3) കുറെ Gondi Christian Trained Catechist.

പറക്കാൽമിഷ്യൻ വാർത്തകൾ

ക്രിസ്തുമസ്സ്. ക്രിസ്തുമസ്സിൻറെ തലേരാത്രിയിൽ വിശ്വാസികളുമായി കൂട്ടികളും പ്രവർത്തകരുംകൂടെ ക്രിസ്തുമസ്സ് ഗാനങ്ങൾ പാടി ഇവിടെയുള്ള എല്ലാ ക്രിസ്തീയ വീടുകളും സന്ദർശിച്ചു.

ക്രിസ്തുമസ്സ് ദിവസത്തെ ആരാധനയിൽ ചില ഹിന്ദുക്കളും വന്നു സംബന്ധിച്ചു. ആ കൂട്ടത്തിൽ നാഗാരം എന്ന ഗ്രാമത്തിൽനിന്നു കൊമരമ്മയും, മെട്ടപ്പള്ളിയിൽ നിന്നു സുമംഗനും

എന്ന പേരായ ഒരു ഹിന്ദുവും വന്നിട്ടുണ്ടായിരുന്നു. ഇവർ ഇരുവരും ജ്ഞാനസ്നാനം ഏല്ക്കുന്നതിനു ആഗ്രഹിച്ചുകൊണ്ടിരിക്കുന്നവരാണ്.

27നു- വൈകുന്നേരം പല ഗ്രാമങ്ങളിൽ നിന്നും നൂറിലധികം പേരും കുട്ടികളും യുവാക്കന്മാരും വന്നുചേർന്നു. അവർക്കെല്ലാവർക്കും രാത്രി ഭക്ഷണം ഇവിടെ നല്കി. ബോർഡിങ്ങു കുട്ടികൾ ക്രിസ്തുവിന്റെ ജനനത്തെ സംബന്ധിച്ചു ഒരു ചെറിയ നാടകവും പ്രവർത്തകർ ചേർന്നു മദ്യപാനം ബിംബാരാധന എന്നിവയെ സൂചിപ്പിച്ചു ഒരു പ്രഹസനവും അഭിനയിക്കയുണ്ടായി. അതു കഴിഞ്ഞു മാരോ ഗ്രാമത്തിൽ നിന്നും വന്ന യുവാക്കന്മാരുടെ കോലടിയും വാക്യങ്ങൾ, പാട്ടുകൾ എന്നിവയ്ക്കായി നടന്ന മത്സരപരീക്ഷയും സമ്മാനദാനങ്ങളും നടത്തപ്പെട്ടു.

ക്രിസ്തുമസ്സ് സമയത്തു കുട്ടികൾക്കു സമ്മാനദാനങ്ങളും മറ്റും കൊടുത്തു സന്തോഷിപ്പിക്കുന്നതിനുവേണ്ടി സംഭാവനകൾ അപേക്ഷിച്ചുകൊണ്ടു എഴുതിയ എഴുത്തു ഡിസംബർ മാസത്തിലെ മാസികയിൽ ഇടാതെ ജനുവരി മാസത്തിലെ മാസികയിൽ പ്രസിദ്ധം ചെയ്തതിനാൽ ഞങ്ങൾ ആശിച്ച തുകകൾ ലഭിക്കാതെ പോയി. എങ്കിലും ക്രിസ്തുമസ്സിനു ഇവിടെയുള്ള കുട്ടികളെ എല്ലാ ആണ്ടിലും പതിവായി കാണ്മാൻ സഹായിക്കുന്ന പലരും അവരുടെ സംഭാവനകൾ അയച്ചുതന്നതിനാൽ ഞങ്ങൾ വളരെ കൃതാർത്ഥരായിരിക്കുന്നു. പാവപ്പെട്ട വിധവമാക്കും ചില സ്ത്രീകൾക്കും ക്രിസ്തുമസ്സിനു മാരോ സാരികൾ വാങ്ങിച്ചു കൊടുത്തുകൊണ്ടിരുന്നതു ഈയാണ്ടിൽ സാധിച്ചില്ല.

* * * *

ആത്മഫലശോധന. ഡിസംബർ, ജനുവരി എന്നീ മാസങ്ങളിൽ ഇവിടെയുള്ള മാരോ ഗ്രാമങ്ങളിലും ആത്മഫലശോധന നടത്തപ്പെടുകയുണ്ടായി. മിക്ക ഗ്രാമങ്ങളിലും കഴിഞ്ഞ ആണ്ടുകളെ അപേക്ഷിച്ചു കൂടുതൽ വരവുകൾ ഉണ്ടായിരുന്നു എന്നുള്ളതു പ്രസ്താവയോഗ്യമാണ്. പങ്കാലിലെ ആത്മഫലശോധന ജനുവരി രണ്ടാം തീയതി രാത്രി, ഗ്രാമത്തിലെ പ്രാർത്ഥനാലയത്തിൽവച്ചു നടത്തപ്പെട്ടു. മദ്രാസു ക്രിസ്ത്യൻ കോളേജിലെ ഒരു അദ്ധ്യാപകനായ മിസ്റ്റർ ക്രിസ്റ്റഫർ കുഞ്ഞനും തൂത്തുക്കുടിയിലെ സെൻറ് മേരീസു കോളേജിലെ ഒരു അദ്ധ്യാപികയായ മിസ്സ് സൂസി ഉമ്മനും തദവസരത്തിൽ സന്നിഹിതരായിരുന്നു. മിസ്റ്റർ ക്രിസ്റ്റഫർ കുഞ്ഞൻ അവർകൾ ആരാധനയിൽ ഒരു പ്രസംഗം പറകയുമുണ്ടായി.

കല്ക്കത്താ ബിഷപ്പ്സു കോളേജിലെ ഒരു വൈദിക വിദ്യാർത്ഥിയായ മി. കെ. സി. ജോർജ്ജ് ഇവിടെ വന്നു ഒരു ദിവസം ഞങ്ങളോടുകൂടെ താമസിച്ചു.

* * *

ഹൈദ്രബാദ് സെക്കന്തരബാദിലെ സി. എസ്സ്. ഐ. മലയാളി സഭ. നമ്മുടെ നാട്ടിൽനിന്നു മാരോ ജോലിക്കായി ഹൈദ്രബാദു, സെക്കന്തരബാദു എന്നീ പട്ടണങ്ങളിൽ വന്നു താമസമുള്ള സി. എസ്സ്. ഐ. അംഗങ്ങൾ എല്ലാവരും ചേർന്നു ഒരു സി. എസ്സ്. ഐ. മലയാളി സഭ അവിടെ രൂപീകരിച്ചിരിക്കുന്നു. അവർക്കുവേണ്ടി മാസത്തിൽ ഒരു ഞായറാഴ്ച ഹൈദ്രബാദിലുള്ള സെൻറ് ജോർജ്ജു പള്ളിയിൽ വച്ചു മലയാളത്തിൽ ആരാധന നടത്തുന്നതിനു വേണ്ടി എന്നെ ക്ഷണിച്ചതനുസരിച്ചു ഞാൻ അവിടെ പോകയുണ്ടായി. ഈ മാസം നടന്ന ആരാധനയിൽ അരുപതിൽ പരം ആളുകൾ സംബന്ധിച്ചിരുന്നു. കാര്യനടത്തിപ്പിനുവേണ്ടി ഒരു കമ്മട്ടിയും രൂപീകരിച്ചിട്ടുണ്ട്. മെസ്സേർസു ജി. എം. ജേക്കബു (സെക്രട്ടറി), പി. ചാണ്ടി (ഖജാൻജി), കെ. സി. തോമസു, ഇ. സി. ജോൺ, എ. റ്റി. ജോർജ്ജ്, ഡോ. മിസ്സ് ഇ. ഫിലിപ്പു എന്നിവരാണ് കമ്മട്ടി അംഗങ്ങൾ. ആ സഭയിലുള്ള അംഗങ്ങൾ ചേർന്നു ഇവിടെയുള്ള ഒരു പ്രവർത്തകനെ സന്ധിച്ചു പോരുന്നുണ്ട്. കൂടാതെ ബോർഡിങ്ങിലെ മൂന്നു കുട്ടികളെ സന്ധിക്കുന്നതു ആ സഭയിൽപ്പെട്ട മൂന്നു പേരാണ്.

* * * *

Parkal
(Via) Kazipet C. Ry, 14-1-58.

കർത്താവിൽ നിങ്ങളുടെ ശുശ്രൂഷകൻ,
Rev. T. M. THOMAS.

പക്കൽ മിഷ്യൻ വയലിൽ പണിയണമെന്നാഗ്രഹിക്കുന്ന പ്രസവകേന്ദ്ര കെട്ടിടഫണ്ടി ലേക്ക താഴെ പറയപ്പെടുന്ന സംഭാവനകൾ നന്ദിപൂർവ്വം ലഭിച്ചിട്ടുണ്ട്.

രാ. രാ. അവർകൾ	ക.	ണ.
വെച്ചൂപറമ്പിൽ മിസ്സസ്സ് ഏബ്രഹാം	7	0
മാടവന തോമസ്സ ഇട്ടിച്ചെറിയ	2	0
കടുത്തു കെ. സി. അലക്സാണ്ടർ	5	0
മാലിയിൽ എ. ഒ. കോര	1	0
കൊച്ചുകാഞ്ഞിരപ്പള്ളി കെ. സി. ഉമ്മൻ	1	0
മാലിയിൽ എം. സി. ചുമ്മാർ	1	0
ഡോ. എം. സി. തോമസ്സ	10	0
വരമ്പത്തു കെ. റ്റി. തോമസ്സ	2	0
കുന്നേൽ ഏലിയാമ്മ ഉമ്മൻ	2	0
ചാലുങ്കൽ കെ. സി. തോമസ്സ	5	0
പൂവക്കാട്ട പി. വി. വക്കി	1	0
പരുമൂട്ടിൽ മിസ്സസ്സ് മാത്തൻ	1	0
കരുത്തിൽ മിസ്സസ്സ് കെ. വി. കോശി	2	0
കറുകയിൽ ,, സാറാമ്മ കുഞ്ഞൻ	2	0
,, മിസ്സ് സാറാ ചെറിയാൻ	1	0
മിസ്സസ്സ് അന്നാമ്മ ചെറിയാൻ	0	8
കരുപ്പുരയ്ക്കൽ മിസ്സസ്സ് തങ്കമ്മ	1	0

പക്കൽ.

രാ. രാ. അവർകൾ	ക.	ണ.
മിസ്സസ്സ് അച്ചാമ്മ	0	4
,, ചാണ്ടി	0	8
മണക്കു എം. സി. ചാക്കോ	10	0
മിസ്സസ്സ് സാറാമ്മ ജോസഫ്	1	0
,, അന്നാമ്മ ചാക്കോ	1	0
,, ഈപ്പൻ	3	0
മിസ്സ് സൂസമ്മ മാത്തൂ	1	0
ഈപ്പൻ ജോസഫ്	0	8
സി. വി. വക്കി	0	8
സി. ഐ. ചാക്കോ	0	8
മണലേൽ കെ. വി. കോശി	2	0
റ്റി. റ്റി. ജോർജ്ജ്	5	0
റവ. ഇട്ടൂപ്പു	2	0
മിസ്സസ്സ് ഹെൻറി	2	0
പി. എം. ഫൈനാൻ	15	0
കെ. എം. തോമസ്സ	5	0
വി. ഡി. ജോർജ്ജ്	10	0

റവ. റ്റി. എം. തോമസ്സ്.

വിശുദ്ധ വേദപുസ്തകവും ഇന്നത്തെ ലോകവും

By KOSHY JOHN

വിശുദ്ധ വേദപുസ്തകം എന്നതു പഴയതും, പുതിയതും ആയ ചില ദൈവിക നിയമങ്ങൾ അടങ്ങിയിരിക്കുന്ന ഒരു അമൂല്യഗ്രന്ഥം ആകുന്നു. ദൈവം ലോകത്തെ സൃഷ്ടിച്ചതു സൃഷ്ടികൾ എല്ലാം ചില നിയമങ്ങൾക്കു കീഴ്പ്പെട്ടു ഇരിക്കേണ്ടതിനാകുന്നു. പ്രപഞ്ചം എത്ര കണിശമായും ഭംഗിയായും അതിനു നല്കപ്പെട്ടിരിക്കുന്ന നിയമങ്ങളെ യാതൊരു തെറ്റും വരുത്താതെ അനുസരിച്ചു പാലിക്കുന്നു. എന്നാൽ മനുഷ്യൻ അവനു നല്കപ്പെട്ടിരിക്കുന്ന നിയമങ്ങളെ എല്ലാം ലംഘിച്ചു അവന്റെ സ്രഷ്ടാവിനോടു മത്സരിച്ചു. അവന്റെ മുഖത്തെ ദൈവത്തിൽനിന്നു തിരിച്ചു, മരുതലിച്ചു ജീവിക്കുന്നു എന്നു മാത്രവുമല്ല ദൈവത്തിന്റെ നിയമങ്ങളെ പഴിക്കയും, കുറ്റം വിധിക്കുകയും കൂടെ ചെയ്യുന്നു. ആദാം വിലക്കപ്പെട്ട കനി തിന്നതോടുകൂടി സംഭവിച്ചതു ഇതായിരുന്നു. 'ആദാമേ നീ ഈ ചെയ്തതു എന്തു? എന്നു ദൈവം അവനോടു ചോദിച്ചപ്പോൾ അവൻ ദൈവത്തോടു പറഞ്ഞ മറുപടി ശ്രദ്ധിക്കുക. അവൻ പറഞ്ഞതു 'അവിടുന്നു എന്നോടുകൂടെ ഇരിപ്പാൻ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു ഞാൻ തിന്നുകയും ചെയ്തു.' ഉല്പ. ൩. ൧൨.

ഇതിന്റെ അർത്ഥം എന്താകുന്നു? 'ഞാൻ ചോദിക്കാതെയും ആവശ്യപ്പെടാതെയും അവിടുന്നു സ്വമേധയായിട്ടുതന്ന സ്ത്രീ വൃക്ഷഫലം പറിച്ചു എനിക്കു തന്നതിനാൽ ഞാൻ അതു തിന്നുപോയി.' ഇവിടെ ദൈവം അവനു നല്കിയ മാനത്തെ അപഹസിക്കയും അതു നല്കിയതിനാൽ ദൈവത്തെ കുറ്റം വിധിക്കയും ആയിരുന്നു ചെയ്തതു. അന്നുമുതൽ ഇന്നുവരെയും മനുഷ്യർ ദൈവം അവർക്കു നല്കുന്ന എല്ലാ നല്ല മാനങ്ങളെയും കുറ്റം വിധിക്കുകയാകുന്നു. നമ്മുടെ ആശ്വാസത്തിനും, സമാധാനത്തിനും ആയി ദൈവം നല്കിയിരിക്കുന്ന വിശുദ്ധ വേദ

പുസ്തകമാകുന്ന മഹാ വലിയ ജ്ഞാനത്തെ മനുഷ്യർ കുറഞ്ഞു വിധിക്കുന്നു. പഴയനിയമപുസ്തകത്തിലെ വൃത്താന്തങ്ങൾ പലതും അസംഭവ്യവും വിശ്വാസയോഗ്യമല്ലാത്തതുമെന്നു അനേകരും വിധിക്കുന്നു. സൃഷ്ടിപ്പ് ആറു ദിവസംകൊണ്ടു നടന്നതല്ലെന്നു ആകുന്നു, ഉല്പത്തി ഒന്നും, രണ്ടും അദ്ധ്യായങ്ങളെക്കുറിച്ചുള്ള അവരുടെ വാദം. ക്രൂശാതെയും സപ്പും ഹവ്വായോടും, കഴുത ബിലയാമിനോടും സംസാരിച്ചതും, യോനാ ഒരു മത്സ്യത്തിന്റെ വയറ്റിൽ മൂന്നു പകലും മൂന്നു രാവും ജീവനോടെ ഇരുന്നതും ഇവയെല്ലാം വെറും അസംഭവ്യങ്ങളായ കെട്ടുകഥകൾ മാത്രമാണെന്നു, ഇക്കാലത്തെ അമിതവാദികൾ (Modernists) കൊട്ടി ഘോഷിക്കുന്നു.

ഞാൻ ഈയിടെ, 'യുക്തിവാദി' എന്നൊരു മാസിക കാണുകയുണ്ടായി. അതിലെ വാദങ്ങളെല്ലാം തികച്ചും വേദപുസ്തകസത്യങ്ങളെ അപഹസിക്കുന്നവയാകുന്നു. ഇന്നത്തെ ലോകം നിരീശ്വരത്വത്തിൽ എത്രമാത്രം മുഴുകിയിരിക്കുന്നു എന്നായിരുന്നു ഈ മാസിക വായിച്ചപ്പോൾ എനിക്കുണ്ടായ ബോധം. പ്രപഞ്ചം അതിന്റെ നിയമങ്ങളെ ഒരു തെറ്റും വരുത്താതെ നടത്തുന്നതു ഒരു ശക്തികൊണ്ടു മാത്രമാണെന്നു ആകുന്നു, ഈ നിരീശ്വരന്മാർ പറയുന്നതു്. ആ ശക്തിക്കു 'തലയും തലച്ചോറും' ഇല്ലെന്നാണു ഇക്കൂട്ടരുടെ അഭിപ്രായം. എന്നാൽ, തലയും തലച്ചോറുമില്ലാത്ത ഈ ശക്തിയെ ഉണർത്തി എഴുന്നേൽപ്പിച്ചു നടത്തുന്നതിനു **വേറൊരു ശക്തി** (തലയും തലച്ചോറുമുള്ള) ഉണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നു സുബോധമുള്ള ചിന്തകന്മാർ സമ്മതിക്കാതിരിക്കയില്ല. ദൃഷ്ടാന്തമായി വിദ്യുച്ഛക്തി കൊണ്ടു പല കാര്യങ്ങളും നടത്താമല്ലോ. എങ്കിലും ആ വിദ്യുച്ഛക്തി പ്രവർത്തനത്തിൽ വരുത്തേണമെങ്കിൽ, **മറൊരു ശക്തി** അതിനെ എഴുന്നേൽപ്പിക്കേണ്ടിയിരിക്കുന്നു. സപ്പുശക്തികളുടെയും അധികാരിയും നടത്തിപ്പുകാരനും ദൈവമാകുന്നു.

പഴയനിയമപുസ്തകത്തിൽ സപ്പുവും ബിലയാമിന്റെ കഴുതയും സംസാരിച്ചതിനെപ്പറ്റി സംശയിക്കുന്ന നിരീശ്വരന്മാരോടു എനിക്കു ചോദിപ്പാനുള്ളതു്, ഇവർ തങ്ങളുടെ വീടുകളിൽ, പക്ഷികളെ വളർത്തിയിട്ടുള്ളവർ ആണോ? എന്നാകുന്നു. നമ്മുടെ വീടുകളിൽ വളർത്തുന്ന ചില പക്ഷികൾ എത്ര ഭംഗിയായി സംസാരിക്കുന്നു! ഞാൻ ഈയിടെ ഒരു വീട്ടിൽ ചെന്നപ്പോൾ കൂട്ടിൽ കിടന്നിരുന്ന ഒരു പക്ഷി എത്രയും ഭംഗിയായി, സ്പുടതയോടെ സംസാരിക്കുന്നതു കേട്ടു. ഒരു നിസ്സാരപക്ഷിക്കു ഇത്ര ഭംഗിയായി സംസാരിക്കുത്തക്കവണ്ണം അതിന്റെ നാവിനെ വളർത്താമെങ്കിൽ, സപ്പും ഹവ്വായോടും, കഴുത ബിലയാമിനോടും സംസാരിച്ചതിൽ എന്താണ്, അതിശയോക്തിയും വിശ്വസിപ്പാൻ പാടില്ലാത്തതും? യോനാ മൂന്നു പകലും, മൂന്നു രാവും ജീവനോടെ മത്സ്യത്തിന്റെ വയറ്റിൽ ഇരുന്നതു അസാദ്ധ്യമെന്നു നിരീശ്വരന്മാർ പറയുന്നു. എന്നാൽ യോനാ **മൂന്നു** പകലും **മൂന്നു** രാത്രിയും മാത്രമെ മത്സ്യത്തിന്റെ വയറ്റിൽ ഇരുന്നൊളൂ. ഈ നിരീശ്വരന്മാർ പത്തു മാസക്കാലം അവരുടെ അമ്മമാരുടെ വയറ്റിൽ ജീവനോടെ ഇരുന്നതു എങ്ങനെ എന്നു ഇവർ ചിന്തിക്കുന്നുണ്ടോ? ദൈവത്താൽ കഴിയാത്തതും അസാദ്ധ്യമായതുമായ കാര്യങ്ങൾ ഒന്നുമില്ല എന്നാകുന്നു ഈ ദൃഷ്ടാന്തങ്ങൾ കാണിയ്ക്കുന്നതു്.

ഏതു രാജ്യത്തും നിയമങ്ങളും ചട്ടങ്ങളും ഉണ്ടു്. ഇവ ഉണ്ടാക്കപ്പെട്ടിരിക്കുന്നതു, നിയമലംഘനങ്ങൾ അവിടെ ഉണ്ടാകുന്നതു് കൊണ്ടല്ലയോ? ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ ചില നിയമങ്ങൾ മനുഷ്യനു നല്കപ്പെട്ടിരുന്നു. അവയെ അവൻ ലംഘിച്ചു. ഈ കഥ കൊണ്ടാണു് പഴയനിയമപുസ്തകം ആരംഭിക്കുന്നതു്. അതിനാൽ കർത്താവായ യേശുവിൽക്കൂടി ദൈവം നിയമങ്ങളെ പുതുക്കി, അതാകുന്നു പുതിയ നിയമം ചൂണ്ടിക്കാണിക്കുന്നതു്. പഴയനിയമത്തിന്റെ പൂർത്തീകരണം കർത്താവായ യേശുവിൽ നാം കാണുന്നു. അപ്പൊസ്തലനായ പൌലൊസ് പറയുന്നതു 'കർത്താവായ യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ ലോകത്തിലേക്കു വന്നു എന്നതു വിശ്വാസ്യവും എല്ലാവരും അംഗീകരിക്കാൻ യോഗ്യവുമായ വചനം തന്നെ! എന്നാണല്ലോ. നമ്മുടെ ആശ്വാസത്തിനും നടത്തിപ്പിനുമായി ദൈവം പ്രമാണം ചെയ്തിരിക്കുന്ന, തിരുവചനമാകുന്ന ഈ വിശുദ്ധ വേദപുസ്തകത്തെ, അപഹസിക്കയും, പഴി

കയും ചെയ്യുന്നവർ എത്ര കഠിനമേറിയ ശിക്ഷാവിധിക്കു തങ്ങളെത്തന്നേ യോഗ്യരാക്കുകയാണെന്നു ധരിക്കേണ്ടതാണ്.

പശ്ചിമരാജ്യങ്ങളിൽ നിന്നു പുറപ്പെട്ടുന്ന മോഡേണിസവും, കിഴക്കൻ ദിക്കുകളിൽ എഴുന്നേറ്റിരിക്കുന്ന കൊമ്മൂണിസവും ദൈവവിശ്വാസത്തെ മനുഷ്യരിൽനിന്നു അകറ്റികളവാനുള്ള പരിശ്രമങ്ങൾ ആകുന്നു. ഇതു കർത്താവായ യേശു മുൻകൂട്ടി പറഞ്ഞ പ്രവചനനിവൃത്തിതന്നെ. അതായതു മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്നു? അതിനാൽ ഈ ലേഖനം വായിക്കുന്ന ഏവരും കർത്താവിന്റെ വരവു സമീപിച്ചിരിക്കുന്നു എന്ന അടയാളത്തെ ഗാഢമായി ചിന്തിക്കട്ടെ!

പുതു (വീണ്ടും) ജനനം

(സി. മാത്യു തെങ്ങുംമഠത്തിൽ)

നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷാകാലത്തു ഒരു ദിവസം രാത്രി, യെരൂശലേമിലെപ്പട്ടണത്തിലായിരുന്നപ്പോൾ നിക്കൊദേമൊസു എന്നൊരാൾ തന്നെ സമീപിക്കുന്നതായി നാം വായിക്കുന്നു. "റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു" എന്നു സമ്മതിച്ചു പറയത്തക്കവണ്ണം അവൻ കർത്താവിനോടു സാമാന്യം സമീപിച്ചവനായിരുന്നു. എന്നിട്ടും കർത്താവു അവനോടു പറഞ്ഞതു "ആമെൻ, ആമെൻ ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ലായെങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല" എന്നാണ് (യോഹ. 3. 3). ദൈവരാജ്യത്തിലെ പ്രജയായിത്തീരുന്നതിനു ഒരു വീണ്ടും ജനനം ഒരുവനു ഒഴിച്ചുകൂടാത്തതാണെന്നു കർത്താവിന്റെ ഈ മറുപടിയിൽ നിന്നും നാം കാണുന്നു. ഈ വീണ്ടും ജനനം പ്രാപിക്കുന്നതു എങ്ങനെയെന്നു തിരുവചനവെളിച്ചത്തിൽ പരിശോധിക്കുകയാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നതു.

സകലരും ആത്മീയമായി മരിച്ചവരാകുന്നു. സ്വഭാവത്താൽ തന്നെ നാം അപ്രകാരമാകുന്നു. തിരുവചനം പറയുന്നതു "ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു" (റോമ. 5. 17). "എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു" (റോമ 3. 23). ഉല്പത്തി പുസ്തകത്തിൽ വീണ്ടും നാം ഇങ്ങനെ വായിക്കുന്നു. "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളൊക്കെയും നിരൂപണമൊക്കെയും എല്ലുനാളും മോശമുള്ളതത്രേ എന്നും യഹോവ കണ്ടു" (ഉല്പ. 6. 5). നമ്മുടെ അനുഭവങ്ങളും ഈ സത്യത്തെ തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. വി. പൌലൊസു തന്നെ പുറകിപ്പറയുന്നതു "ഞാൻ ചെയ്യുവാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ, ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നതു.....അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രെ" (റോമ. 7. 19). ഇതു നമ്മെ സംബന്ധിച്ചു സത്യം തന്നെയല്ലയോ?

ആത്മികരായിത്തീരുന്നതിനു ദൈവത്തിൽനിന്നു തന്നേ ജനിക്കേണ്ടിയിരിക്കുന്നു. ശാരീരിക ജനനത്താൽ നാം എങ്ങനെ ഈ ഭൂമിയിൽ പ്രവേശിച്ചുവോ അപ്രകാരം തന്നെ ആത്മിക ജനനത്താൽ ദൈവരാജ്യത്തിൽ നാം പ്രവേശിക്കേണ്ടിയിരിക്കുന്നു. തിരുവചനം പറയുന്നതു "ജഡത്താൽ ജനിച്ചതു ജഡമാകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവാകുന്നു" (യോഹ. 3. 6). "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്നവർ ഏവരും.....രക്തത്തിൽ നിന്നല്ല; ജഡത്തിന്റെ ഇഷ്ടത്താലല്ല; പുരുഷന്റെ ഇഷ്ടത്താലുമല്ല; ദൈവത്തിൽ നിന്നത്രേ ജനിച്ചതു" (യോഹ. 1. 13). ക്രിസ്തീയ സമൂഹത്തിൽ ജനിച്ചതുകൊണ്ടോ ക്രിസ്തീയ അന്തരീക്ഷത്തിൽ വളർന്നതുകൊണ്ടോ ക്രിസ്തീയ മര്യാദകൾ

പാലിച്ചതുകൊണ്ടോ മാത്രം ഒരുവനു വീണ്ടും ജനനം ഉണ്ടാകുന്നില്ല. സ്വഭാവസംസ്കാരമോ നല്ല പ്രവൃത്തികളോ ഉണ്ടായാലും അതിലേക്കു പര്യാപ്തമല്ല. യേശുക്രിസ്തുവിനെപ്പറ്റി പഠിക്കുകയും ആയുസ്സുപര്യന്തം ക്രിസ്തീയ സേവനത്തിൽ താല്പര്യം കാണിക്കുകയും ചെയ്യുന്നതും അതു സിദ്ധിക്കുന്നില്ല. മനുഷ്യന്റെ യാതൊരു പ്രയത്നത്താലുമല്ല, ദൈവത്തിൽ നിന്നു തന്നെ ആയതു സിദ്ധിക്കേണ്ടിയിരിക്കുന്നു. (മനുഷ്യന്റെ ഭാഗത്തു ചില കർത്തവ്യങ്ങൾ ഉണ്ട്. അവകളെപ്പറ്റി അടുത്ത ഖണ്ഡികയിൽ ചിന്തിക്കാവുന്നതാകുന്നു). വീണ്ടും ജനനത്താൽ പാപിക്കു ഒരു പുതിയ സ്വഭാവം—ദൈവസ്വഭാവം—തന്നെ സിദ്ധിക്കുന്നു. അപ്പോൾ അവൻ ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു. തിരുവചനം പറയുന്നതു "ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിലാക്കും (യെഹെ. 37. 26). "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകും; പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു" (2കൊരി. 5. 17).

പുതുജനനത്തിനു മനുഷ്യന്റെ ഭാഗത്തുനിന്നും ഒരുവൻ ആഗ്രഹിക്കുന്നതു്, പാപിയാണെന്നുള്ള സമ്മതവും, പാപത്തിൽ നിന്നു മോചനം പ്രാപിക്കുന്നതിനുള്ള ആഗ്രഹവും ഒരുവനിൽ ആദ്യമായി ഉണ്ടാകേണ്ടിയിരിക്കുന്നു. തിരുവചനം പറയുന്നതു് "നമുക്കു പാപമില്ലായെന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിലില്ലാതെയായി" (1 യോഹ. 1. 8). രണ്ടാമതായി അവൻ തന്റെ പാപത്തെപ്പറ്റി സത്യമായി അനുതപിക്കുകയും പാപത്തിൽ പതിച്ച മനുഷ്യവർഗ്ഗത്തെ ഉദ്ധരിക്കുന്നതിനു കാൽവറി ക്രൂശിൽ തന്നെത്താൻ യാഗമായിയർപ്പിച്ച കർത്താവായ യേശുക്രിസ്തുവിൽ അവന്റെ പാപത്തിനു പൂർണ്ണമായ മോചനമുണ്ടെന്നു വിശ്വസിക്കുകയും ചെയ്യേണ്ടതാകുന്നു. "നമ്മുടെ പാപങ്ങളെ നാം ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം, വിശ്വസ്തനും നീതിമാനും ആകുന്നു" (1യോഹ. 1. 9). "അവനിൽ വിശ്വസിക്കുന്നവനു പാപമോചനമുണ്ടു്" (1പത്രൊ. 2. 24). ഈ മനസാന്തരവും വിശ്വാസവും ഒരുവനിൽ യഥാർത്ഥീകരിക്കുമ്പോൾ ദൈവത്തിന്റെ ആത്മാവു അവനിൽ ഉരുവാകയും അവൻ പുതുജനനം പ്രാപിക്കുകയും ചെയ്യുന്നു. പിന്നീടു അവനെ നടത്തുന്നതും അവന്റെ ജീവിതത്തെ ക്രമപ്പെടുത്തുന്നതും ദൈവത്തിന്റെ പരിശുദ്ധാത്മാവാകുന്നു. "സത്യത്തിന്റെ ആത്മാവു വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും" (യോഹ. 16. 13). ഒട്ടും അപ്രധാനമല്ലാത്ത ഒരു കാര്യം മൂന്നാമതായി മനുഷ്യന്റെ ഭാഗത്തു ശേഷിക്കുന്നു. അവനു സഭാജീവിതം—ക്രിസ്ത്യാനിജീവിതം—ആവശ്യമാകുന്നു. സഭാജീവിതത്തിന്റെ ആവശ്യം പഴയനിയമവും, പുതിയനിയമവും നമ്മെ ഉത്തേജിപ്പിച്ചിരിക്കുന്നു. യിസ്രായേൽ ജനതയുടെ ചരിത്രം തന്നെ അതിനു സാക്ഷ്യം വഹിക്കുന്നു. പുതിയ നിയമകാലത്തു അപ്പൊസ്തലന്മാരും അതിനുശേഷം വിശുദ്ധ പിതാക്കന്മാരും സഭയെ പരിശുദ്ധാത്മനിയോഗത്താൽ യേശുക്രിസ്തു എന്ന അടിസ്ഥാനത്തിൽ പണിതുയർത്തുന്നു. അതു വിശ്വാസികളുടെ വളർച്ചയ്ക്കും ഉറപ്പിനും, സുവിശേഷത്തിനും മേലായി ദൈവരാജ്യത്തിന്റെ കെട്ടുപണിക്കും പൂർത്തീകരണത്തിനും എല്ലാ വിശ്വാസികളും ഭാഗഭാക്കാകേണ്ടതു ആവശ്യമായതുകൊണ്ടാണ്. അതിനാൽ വിശ്വാസികൾ ഒരു ശരീരത്തിൽപ്പെട്ട പല അവയവങ്ങൾ എങ്കിലും അവരെ യേശുക്രിസ്തുവിൽ ഒന്നായി ചേർത്തിരിക്കുന്നതുകൊണ്ടു തമ്മിൽതമ്മിൽ സഹകരിച്ചും കൊടുത്തും, വാങ്ങിയും സഭയുടെ കെട്ടുപണിയിൽ വ്യാപൃതരായി പ്രവർത്തിച്ചും, സഭമുഖാന്തിരം പുഷ്ടിപ്പെടേണ്ടിയിരിക്കുന്നു. വി. പൌലൊസ് 'റോമാക്രിസ്ത്യാനികൾക്കു എഴുതുന്നതിപ്രകാരമാണ്; 'ഞങ്ങൾ അവന്റെ നാമത്തിന്നായി സകല ജാതികളുടേയും ഇടയിൽ വിശ്വാസത്തിനു അനുസരണം വരുത്തേണ്ടതിനു കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചതു്; അവരിൽ യേശുക്രിസ്തുവിനായി വിളിക്കപ്പെട്ട നിങ്ങളും ഉൾപ്പെട്ടിരിക്കുന്നു (റോമ. 6. 7). (തുടരും).

ഡയോസിസൻ ട്രഷററുടെ അഭ്യർത്ഥന

ലിസ്റ്റിൽ കൊള്ളിച്ചിരുന്ന മൂന്നു ഇനങ്ങൾക്കായി മഹായിടവകയിൽനിന്നും സാധാരണയായി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന ആകെ തുകയിൽ 22-1-'58 വരെ, വിവിധ ഇടവകകളിൽനിന്നുമായി ഡയോസിസൻ ആഫ്പീസിൽ ലഭിച്ച തുക താഴെ ചേർത്തിരിക്കുന്നു.

പറയത്തക്കവണ്ണമുള്ള ഒരു കുടിശ്ശികധനം ഇല്ലാത്തതിനാൽ അതിനു ലഭിക്കുന്ന തുക കൊണ്ടു അതതു വേലകൾ അപ്പഴപ്പോൾ നിവ്വഹിക്കേണ്ടതായി വരുമെന്നുള്ള സംഗതി വിസ്മരിക്കുത്തക്കതല്ല.

ആയതിനാൽ ഈ വർഷത്തെ വേല നിവർത്തിക്കുന്നതിനുള്ള ആവശ്യകത നിർബ്ബന്ധപൂർവ്വം ഓർപ്പിക്കട്ടെ.

From April 1, 1957—January 23, 1958.

		നിശ്ചിലവ്		HOME MISSION		PARKAL MISSION			
		Asseesment	*Rceeipts*			*General*		*Boarding*	
		Rs.	*Rs.*	*nP.*	*Rs.*	*nP.*	*Rs.*	*nP.*	*Rs.*	*nP.*
1	Ayroor	...	.....	...	...	...	...	...	...	...
12	Kuzhikala	335	...	...	...	...	74	38	...	...
3	Punnakadu	385	200	...	6	66	108	39	...	...
4	Kumplampoika	80	...	...	14	69	26	66	...	...
5	Karikattoor	480	219	94	...	..	31	0	...	...
6	Ranni	..	...	...	...	...	26	65	...	...
7	Konni	...	...	...	15	0	47	47	...	...
8	Nallanikunnu	280	...	...	...	...	18	30	...	...
9	Omalloor	...	...	...	9	44	12	0	...	...
10	Ettumanur	...	...	...	2	0	2	0	...	...
11	Muttuchira	...	...	...	...	...	4	31	...	...
12	Kattampakkal	210	...	...	...	...	...	...	...	...
13	Vaikom	...	...	...	3	50	7	19	...	...
14	Piravom	...	...	...	3	0	5	43	...	...
15	Moovattupuzha	...	...	...	46	11	73	34	...	...
16	Ottiamkunnu	...	...	...	5	0	...	...	...	...
17	Koothattukulam	...	...	...	2	31	33	24	...	...
18	Kottayam	3,460	2100	0	7	50	99	89	...	...
19	Kanjikuzhy	3650	1926	50	67	12	213	84	144	0
20	Olesha	940	362	50	29	74	113	11	...	...
21	Pampady	300	...	...	...	...	...	...	...	...
22	Thiruvanchoor	...	...	...	3	61	2	41	...	...
23	Kanam	500	165	0	15	75	25	90	...	...
24	Vazhoor	840	283	59	64	99	105	82	96	0
25	Arpukkara	...	...	...	...	...	5	0	...	...
26	Kodukulanji	1000	668	0	41	88	103	66	...	...
27	Chengannur	...	...	...	16	29	44	92	...	...
28	Kollakadavu	125	108	0	27	0	57	54	5	0
29	Adoor	...	...	...	23	25	28	87	...	...
30	Enath	...	...	...	...	...	...	...	...	...
31	Puthuval	...	...	...	...	...	14	77	...	...
32	Mallapally	1480	700	0	...	...	103	31	27	0
33	Nedungadapally	1470	721	0	...	...	52	89	85	59
34	Punnavely	817	48	0	...	...	40	98	...	...
35	Kangazha	45	...	...	...	...	...	...	...	...
36	Chelakompu	...	...	...	1	69	7	0	...	...
37	Kurumpanadom	...	...	...	21	0	20	0	...	...
38	Chakkimangalam	...	...	...	1	50	2	36	...	...
39	Narakathani	...	...	...	12	06	31	42	...	...

		നിത്യച്ചിലവ്		HOME MISSION	PAKRAL MISSION	
		Assessment	*Receipts*		*General*	*Boarding*
		Rs.	*Rs. nP.*	*Rs. nP.*	*Rs. nP.*	*Rs. nP.*
40	Kottanad	73	... ...	... ...	5 0	... ...
41	Mavelikara	1475	1065 50	10 72	123 58	72 0
42	Kallumala	...	... ...	4 75	10 15	... ...
43	Kattanam	185	120 0	10 0	39 0	... ...
44	Puthupally	1060	305 0	30 28	68 56	... ...
45	Kannity	805	241 0	... ...	.. ...	... ...
46	Krishnapurom	...	... ...	... ...	... ...	... ...
47	Melkavu	2416	400 0	37 03	115 49	72 0
48	Erumapra	1621	126 36	22 52	32 58	... ...
49	Koovapally	822	... ...	23 33	37 58	... ...
50	Kannikal	545	300 0	4 20	61 85	130 0
51	Mankompu	1861	200 0	8 89	59 02	... ...
52	Onnaramala	...	... ...	5 02	20 0	... ...
53	Ellumpurom	618	220 0	5 56	64 21	... ...
54	Mundakayam	2225	1050 0	14 81	58 63	... ...
55	Koottikal	900	45 13	30 55	89 17	... ...
56	Thidanad	300	125 0	... ...	34 83	... ...
57	Vandiperiyar	125	... ...	... ...	... ...	... ...
58	Peermade	325	216 0	... ...	... ...	... ...
59	Upputhara	125	37 50	48 37	81 0	... ...
60	Pallam	1350	620 0	102 93	254 42	36 0
61	Changanachery	...	... ...	43 84	32 87	... ...
62	Erikad	100	20 0	... ...	... ...	... ...
63	Alleppey	1600	1109 0	34 15	114 22	... ...
64	Karumady	...	... ...	... ...	... ...	... ...
65	Velluthuruthy	...	... ...	... ...	... ...	... ...
66	Thirvella	2165	1614 ...	136 41	207 91	6 0
67	Kaviyoor	220	100 0	15 88	52 17	... ...
68	Perumthuruthy	...	... ...	2 0	... ..	... ...
69	Walanjawattom	...	... ...	... ...	2 0	... ...
70	Thalawady	720	200 0	... ...	... ...	... ...
71	Mundiapally	300	... ...	... ...	... ...	... ...
72	Kuttoor	...	... ...	2 66	1 0	... ...
73	Poovathoor	130	110 0	17 50	47 0	... ...
	Total	38,463	15,727 02	1,052 49	3,156 29	673 59
	Budget	40,000		2.000 0	6,000 0	2,000 0

കൊല്ലാട് പള്ളി ഇടവകയിലും, മൂലേടം, കഞ്ഞിക്കഴി ഇടവകയിലും ഉൾപ്പെട്ടതിയിരിക്കുകയാണ്.

C. M. S. P.—413—1500—27-1-1958.

PRINTED AND PUBLISHED BY C. M. ITTY, AT THE C. M.S. PRESS
KOTTAYAM